
www.malankaralibrary.com


# ബഥനി ശബ്ദം

May 2025




## നിത്യതയിൽ

www.malankaralibrary.com



Painting by
Fr Shaiju Mathew CMC
18/05/2025

# സഹന സുസ്മേര വദനൻ

www.malankaralibrary.com

# BETHANY SABDAM

136

May 2025

**Editorial Board**

Fr. Jobin Kuriakose OIC (Chief Editor)

Fr. Thomas Prasobh Kolliyelil OIC

Fr. Thomas Pramod Palavilayil OIC

Fr. Ebin Thomas Panicker OIC

Fr. Mathew Praful Palanilkunnathil OIC

**Printed at**

Bethany Press, Kottayam - 686010
Ph: 0481 - 2571355
e-mail: bethanyktm@gmail.com

**Published from**

Bethany Ashram Generalate
P.B.No. 06, Vadavathoor P.O.,
Kottayam - 686 010, KERALA
Ph : 0481 - 2578494
(Monday - Saturday from 9.30 AM to 5.00 PM)
web : www.bethanyashram.net
e-mail : oic.infonews@gmail.com

[redacted]

www.malankaralibrary.com

# ഉൾത്താളുകളിൽ


**പ്രത്യാശയുടെ വസന്തം –** ഫാ. ഗീവർഗീസ് കുറ്റിയിൽ ഒ.ഐ.സി. 6

**സിംഹാസനം സഹനസൗഭാഗ്യമാക്കിയ ഫ്രാൻസിസ് മാർപാപ്പയും,**
**കിടക്ക സഹനസിംഹാസനമാക്കിയ പൊസേന്തി അച്ചനും –** ഫാ. ജോർജ്ജ് അയ്യനേത്ത് ഒ.ഐ.സി. 10

**മൗനത്തിലും സഹനത്തിലും കൃപയുടെ സാക്ഷി** - ഫാ. സിറിൽ ആനന്ദ് മോറോത്ത് ഒ.ഐ.സി 12

**അനേകരെ ചലിപ്പിച്ച നിശ്ചലൻ** - ഫാ. ഫിലിപ്പ് നേരി താന്നിക്കാക്കുഴി ഒ.ഐ.സി 14

**പൊസേന്തി അച്ചന് ഹൃദയപൂർവ്വം... –** ഫാ. റ്റൈറ്റസ് ജോൺ ചേരാവള്ളിൽ ഒ.ഐ.സി. 17

**ബഥനിയിലെ ശരശയ്യ –** ഫാ. ജോസ് മരിയദാസ് ഒ.ഐ.സി. 20

**ഓർമ്മയിലൂടെ... പൊസേന്തി അച്ചൻ –** ഫാ. ആന്റണി കല്ലിൽ ഒ.ഐ.സി. 23

**ആഘോഷിക്കപ്പെട്ട സമർപ്പണം –** ഫാ. വർഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി. 25

**നിന്റെ ഓർമ്മയ്ക്കായ്!** - ഫാ. സാമുവേൽ മാത്യു കിടങ്ങിൽ ഒ.ഐ.സി. 31

**ബഥനിയുടെ സഹന നക്ഷത്രം –** ഫാ. ജോഷ്വാ കുറ്റിയിൽ ഒ.ഐ.സി 32

**ആനന്ദം... ദൈവീകാനന്ദം** - ഫാ. ഷീൻ പാലക്കുഴി 34

**സുകൃതമീ ജന്മം** - സി. സുദീപ എസ്.ഐ.സി. 35

**ബഥനിയുടെ സുകൃതസൂനം** - സി. മാഡ്ലിൻ എസ്.ഐ.സി. 37

**ദൈവത്തോടൊത്ത് സഞ്ചരിച്ച അച്ചൻ** - സി. റ്റിൻസി എസ്.എ.ബി.എസ്. 39

**മായാത്ത പുഞ്ചിരി... മനസിലെന്നും...** - കെ. എസ്. ചിത്ര, ഗായിക 41

**ഫാദർ ഗബ്രിയേൽ പൊസേന്തി, ബഥനിയുടെ സഹനപുഷ്പം –** ഫിലിപ്പ് നൈനാൻ 42

**സുകൃതം ഈ സഹനം – സുകൃതം ഈ ജീവിതം** - അഡ്വ. ഡോ. തോമസുകുട്ടി പനച്ചിക്കൽ 46

**സഹനമെൻ സംഗീതം** - പ്രൊഫ. ജോൺസൺ കെങ്കിരേത്ത് 49

**ഓർമകളിലെ പൊസേന്തി അച്ചൻ** - രജനി ഗോപിനാഥൻ 52

**അനേകർക്ക് പ്രകാശമായൊരാൾ** - വിശാഖ് വി. 54

**പൊസേന്തി അച്ചൻ എനിക്ക് ആരായിരുന്നു?** - ഷീമ ശ്യാം 55

**താതസ്മരണ – 'നാം സോദരർ'** - ഫാ.തോമസ് പ്രമോദ് ഒ.ഐ.സി 58

**ഇങ്ങനെയും ഒരാൾ** - ഫാ. ഡൊമിനിക് മൂഴിക്കര ഒ.ഐ.സി. 63

**ചരിത്രം തിരുത്തിയ വലിയ ഇടയൻ –** ഫാ. ലിബിൻ വർഗീസ് ഒ.ഐ.സി 65

**Rome and the Papacy:** - Fr. George Sejin JOHN OIC 67

**ലാസർ തുടരും...** - ഡാനി 70

**കൊഴിഞ്ഞുവീഴാതെ** - ഫാ. തോമസ് പ്രശാന്ത് ഒ.ഐ.സി. 71

www.malankaralibrary.com

# എഡിറ്റോറിയൽ

ജനഹൃദയങ്ങളെ തൊട്ടുണർത്തിയ രണ്ട് മഹാത്മാക്കൾ 2025 ഏപ്രിൽ മാസത്തിൽ നിത്യത പുൽകി. ജനങ്ങളുടെ പാപ്പായെന്ന പേരു സമ്പാദിച്ച ഫ്രാൻസിസ് മാർപാപ്പയും, ബഥനിയുടെ സഹനദാസൻ ഗബ്രിയേൽ പൊസേന്തി അച്ചനും. നിത്യതയിൽ വാഴുന്ന ഈ രണ്ട് ആത്മാക്കൾക്കും ബഥനി ശബ്ദത്തിന്റെ പ്രണാമം.

പൊസേന്തി അച്ചന്റെ മൃതശരീരസംസ്കാരത്തിൽ പങ്കുചേർന്ന അവസരത്തിൽ ധാരാളം ആളുകളിൽ കണ്ണീരിന്റെ നനവ് കാണാനിടയായി. എന്തിനാണ് ഇവർ ഇങ്ങനെ കരയുന്നതെന്ന ചോദ്യം തലയിലുദിച്ചു. ഉടനടി ആ ചോദ്യത്തിനുള്ള മറുപടി ദൈവം തന്നു. തലേന്ന് ഈസ്റ്റർ ശുശ്രൂഷയ്ക്ക് വായിച്ച ഏവൻഗേലിയോനിൽ "സ്ത്രീയേ എന്തിനാണ് നീ കരയുന്നത്?" (യോഹ.20:15) എന്ന ദർശനം. നമ്മുടെ ഹൃദയത്തെ തൊടുന്ന വരുടെ വേർപാട് അത്ര നിസാരമല്ലല്ലോ. ഗുരു മരിച്ചിട്ടും മഗ്ദലേന ഗുരുവിനെ തേടിയിറങ്ങി. അവളുടെ ഹൃദയം മുഴുവൻ ഗുരുവിനാൽ നിറഞ്ഞതിനാലാകാം. ലാസറിന്റെ ശവകുടീരത്തിനടുത്ത് മർത്തയുടെയും മറിയത്തിന്റെയും മുമ്പിൽ ഗുരുവും "കണ്ണീർ പൊഴിച്ചു" (യോഹ.13:35). ബഥനിയിലെ ഈ മൂവർ യേശുവിന്റെ ഹൃദയത്തെ തൊട്ടവരാണല്ലോ. അവരുടെ സങ്കടം അവന്റെ സങ്കടം കൂടിയാണല്ലോ.

40 സംവത്സരങ്ങൾ കട്ടിലിൽ കിടന്ന ഒരു മനുഷ്യൻ ആത്മാവിലുയർന്ന് ഭിത്തികൾ ഭേദിച്ച് അതിരുകൾക്കപ്പുറത്ത് ഹൃദയങ്ങളെ സ്പർശിക്കുവാനും ആത്മാക്കളെ നേടുവാനും സാധിച്ചു എന്നും മനസിലാക്കിയപ്പോൾ പൊസേന്തി അച്ചന്റെ വിശുദ്ധിയുടെ പരിമളം ആത്മാവിലാസ്വദിച്ചു. പെസഹാകുർബാനയ്ക്ക് 'ദൈവികബലി ഇതാകുന്നു' എന്നു പറഞ്ഞ് പ്രാർത്ഥിച്ചപ്പോൾ പൊസേന്തി അച്ചനെ അനുസ്മരിച്ചതും ഒരുതുള്ളി കണ്ണീർ അറിയാതെ വാർന്നതും ഈ മനു ഷ്യൻ 'ഒരത്ഭുതബലി'യായതുകൊണ്ടു മാത്രം. ചുമരുകൾക്കുള്ളിൽനിന്ന് വിശുദ്ധിയുടെ പരിമളം പരത്തിയ ചെറുപുഷ്പത്തിന്റെയും അൽഫോൺസാമ്മയുടെയും ഒപ്പം പൊസേന്തി അച്ചനും ഇനി ഞങ്ങൾക്ക് അനുഗ്രഹമായി മാറുമെന്നതിൽ ബഥനി അഭിമാനിക്കുന്നു, ആനന്ദിക്കുന്നു.

ഹൃദയംകൊണ്ട് അനേകരെ സ്പർശിക്കുവാനും ജനങ്ങളെ പാപ്പയായി മാറുവാനും ഫ്രാൻസിസ് മാർപാപ്പയ്ക്ക് സാധിച്ചു. ദൈവജനത്തെ സ്നേഹിച്ച അദ്ദേഹത്തെ ദൈവജനത്തിന്റെ പിതാവാകുവാൻ ദൈവം തെരഞ്ഞെടുക്കുകയും ദൈവജനം അത് ആഘോഷിക്കുകയും ചെയ്തു. വലിയ ഇടയന്റെ വേർപാടിൽ ആദരാഞ്ജലികളർപ്പിച്ച ഫ്ളക്സ് ബോർഡുകൾ ധാരാളം കാണുവാനിടയായി, ക്രൈസ്തവരുടെ മാത്രമല്ല പലപല സമൂഹങ്ങളുടെ, സമുദായങ്ങളുടെ, സംഘടനകളുടെ. ഫ്രാൻസിസ് മാർപാപ്പയുടെ ഹൃദയം മുഴുവനും ദൈവസ്നേഹത്താലും ദൈവജന ശുശ്രൂഷയിലും സ്പന്ദിച്ചതിനാൽ സഭയുടെ ഭിത്തികൾക്കപ്പുറത്ത് രാജ്യങ്ങളുടെ അതിർത്തി കൾക്കപ്പുറത്ത് മനുഷ്യകുലത്തെക്കുറിച്ച് ചിന്തിക്കുവാനും അവരെ സ്നേഹിക്കുവാനും അദ്ദേഹത്തിന് സാധിച്ചു. അങ്ങനെ അദ്ദേഹം ജനങ്ങളുടെ പാപ്പയായി മാറി.

ലേഖനങ്ങൾ നൽകിയ ഏവർക്കും നന്ദി അർപ്പിക്കുന്നു. ഫ്രാൻസിസ് മാർപാപ്പയുടെയും പൊസേന്തി അച്ചന്റെയും മാതൃക നമുക്ക് പാഠമാക്കാം.

സ്നേഹത്തോടെ

**ഫാ. ജോബിൻ കുര്യാക്കോസ് ഒ.ഐ.സി.**

www.malankaralibrary.com

www.malankaralibrary.com



# കണ്ണീരൊപ്പുന്ന കുമ്പസാരക്കൂട്

[redacted]

www.malankaralibrary.com

# പ്രത്യാശയുടെ വസന്തം

ഫാ. ഗീവർഗീസ് കുറ്റിയിൽ ഒ.ഐ.സി.
സുപ്പീര്യർ ജനറൽ

## പ്രതീക്ഷ നൽകി പരിശുദ്ധ ലെയോ പതിനാലാമൻ

വി.പത്രോസിന്റെ 267-മത്തെ പിൻഗാമിയായി തെരഞ്ഞെടുക്കപ്പെട്ട പരിശുദ്ധ ലെയോ പതിനാലാമൻ മാർപാപ്പ സഭയ്ക്കും മാനവരാശിക്ക് മുഴുവനും പുതിയ പ്രതീക്ഷയും പ്രത്യാശയും നൽകുന്നു. ഉത്ഥിതനായ ക്രിസ്തു ലോകത്തിന് നൽകിയ അതേ സമാധാനം ആശംസിച്ചുകൊണ്ടാണ് പരിശുദ്ധ പിതാവ് തന്റെ തെരഞ്ഞെടുപ്പിനുശേഷം ലോകത്തെ അഭിസംബോധന ചെയ്തത്. മേയ് മാസം 18-ാം തീയതി പരിശുദ്ധ പിതാവ് പത്രോസിന്റെ സിംഹാസനത്തിലുള്ള തന്റെ ശ്ലൈഹികശുശ്രൂഷ ഔദ്യോഗികമായി ഏറ്റെടുത്തു. രാഷ്ട്രങ്ങൾക്കും സഭകൾക്കും എല്ലാ വിഭാഗങ്ങൾക്കുമിടയിൽ ഐക്യത്തിന്റെയും സ്നേഹത്തിന്റെയും സഹവർത്തിത്വത്തിന്റെയും പാലങ്ങൾ പണിയുവാൻ പരിശുദ്ധ പിതാവിനുള്ള നിയോഗവും ആഗ്രഹവും വ്യക്തമാക്കുകയുണ്ടായി. പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയിലൂടെ നൽകപ്പെട്ട പ്രത്യാശയുടെ വലിയ പൈതൃകം തുടർന്നും ലോകത്തിന് ലഭിക്കുവാൻ പരിശുദ്ധ ലെയോ പതിനാലാമൻ മാർപാപ്പയിലൂടെ സാധിക്കട്ടെ. വീണ്ടും ഒരു സമർപ്പിത സന്ന്യാസിസമൂഹത്തിലെ അംഗം വി.പത്രോസിന്റെ പിൻഗാമിയായി തെരഞ്ഞെടുക്കപ്പെടുമ്പോൾ സന്ന്യാസികളായ നമുക്കും അഭിമാനിക്കാം. പരിശുദ്ധ ലെയോ മാർപാപ്പയ്ക്ക് പ്രാർത്ഥനാ ഭാവുകങ്ങൾ നേരുന്നു.

## പ്രത്യാശയുടെ വസന്തം തീർത്ത പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ വിയോഗം സഭാമക്കളായ നമ്മെ ഓരോരുത്തരെയും അതോടൊപ്പം ലോകം മുഴുവനേയും ദുഃഖത്തിലാഴ്ത്തി. വി.പത്രോസിന്റെ പിൻഗാമിയായി പന്ത്രണ്ട് വർഷങ്ങൾ മാത്രം നീണ്ടുനിന്ന പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ നേതൃത്വശുശ്രൂഷ എക്കാലവും ഓർമിക്കപ്പെടുന്നതാണ്. ലാറ്റിൻ അമേരിക്കൻ രാജ്യമായ അർജന്റീനയിൽ നിന്നുള്ള ഈശോ സഭാംഗമായ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പായുടെ വാക്കുകളും പ്രവൃത്തികളും ക്രിസ്തുസാന്നിദ്ധ്യത്തിന്റെ ബഹിർസ്ഫുരണ ങ്ങളായിരുന്നു. പരിശുദ്ധ പിതാവ് പറഞ്ഞ വാക്കുകളൊന്നും പാഴ്വാക്കുകളായിരുന്നില്ല. സഭയ്ക്കുള്ളിൽതന്നെ വിപ്ലവകരമായ മാറ്റങ്ങൾക്ക് പിതാവിന്റെ വാക്കുകളും ശൈലിയും തീരുമാനങ്ങളും കാരണമായിട്ടുണ്ട്. പൊതുസമൂഹത്തിലെ ഏതൊരു പ്രശ്നവും സഭയുടെ പ്രശ്നമാണെന്നും അതിനുത്തരം കൊടുക്കുവാൻ സഭ ബാധ്യസ്ഥയാണെന്നും പിതാവ് സഭയെ ഓർമ്മിപ്പിച്ചു. ഈ കാലഘട്ടത്തിന്റെ വിഷയങ്ങളെയൊന്നും മുൻവിധിയോടെ സമീപിക്കേണ്ടതല്ലെന്നും കാര്യങ്ങൾ പഠിച്ച് പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തേണ്ടതാണെന്നുമുള്ള ഉറച്ച ബോദ്ധ്യം പിതാവിനുണ്ടായിരുന്നു. നമ്മൾ ജീവിക്കുന്ന ഈ പ്രകൃതിയുടെ സംരക്ഷണം തന്നെ പിതാവിന്റെ ഏറ്റവും പ്രധാനപ്പെട്ട മുൻഗണനാ വിഷയമായിരുന്നു. മതങ്ങൾ തമ്മിലും സഭകൾ തമ്മിലും ഐക്യത്തിലും സഹവർത്തിത്വത്തിലും കഴിയേണ്ടതാണെന്ന് പരിശുദ്ധ പിതാവ് എപ്പോഴും ഓർമപ്പെടുത്തി. പൊതുസമൂഹത്തിൽ വേദനയനുഭവിക്കുന്നവരോടും തഴയപ്പെട്ടവരോടും

www.malankaralibrary.com

പാർശ്വവൽക്കരിക്കപ്പെട്ടവരോടും പരിശുദ്ധ പിതാവിനുണ്ടായിരുന്ന പ്രത്യേക സ്നേഹവും കരുതലും പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ ശുശ്രൂഷയുടെ മുഖമുദ്രയായിരുന്നു. തന്റെ ഔദ്യോഗിക സന്ദർശന യാത്രകളിലെല്ലാം ഈ കാര്യങ്ങൾക്കാണ് പിതാവ് പ്രാമുഖ്യം നൽകിയത്. ദൈവസ്നേഹത്തിന്റെയും ദൈവകരുണയുടെയും ദൃശ്യമായ അടയാളമായും ലോകമനഃസാക്ഷിയുടെ ശബ്ദമായും പരിശുദ്ധ പിതാവിനെ ലോകം ആദരിച്ച് അംഗീകരിച്ചു.

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ വിയോഗത്തോടെ ആ പുണ്യപിതാവിലൂടെ ലോകത്തിന് ലഭിച്ച ഒരു വലിയ പ്രത്യാശയുടെ വസന്തത്തിന് വരുംനാളുകളിൽ ഒരു കുറവും ഉണ്ടാകരുതേ എന്ന് ലോകം ആഗ്രഹിക്കുന്നു. 'ഹൃദയം ഹൃദയത്തോട് സംസാരിക്കുന്നതായിരുന്നു' പരിശുദ്ധ പിതാവിന്റെ ഭാഷയുടെ പ്രത്യേകത. അതുകൊണ്ടുതന്നെയാണ് ആ ഹൃദയത്തിൽ എല്ലാവർക്കും ഇടം ലഭിച്ചത്. പരിശുദ്ധ പിതാവിൽ നിന്ന് നമുക്ക് ലഭിച്ച അവസാനത്തെ ചാക്രിക ലേഖനവും ഈശോയുടെ തിരുഹൃദയത്തെക്കുറിച്ചായിരുന്നു (Dilexit Nos-He loved us). അതുകൊണ്ടാണ് യേശുവിന്റെ തിരുഹൃദയത്തിലേക്ക് എല്ലാവരെയും ആകർഷിക്കുവാൻ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയ്ക്ക് സാധിച്ചത്.

**ബഥനിയെ അനുഗ്രഹിച്ച പരിശുദ്ധ പിതാവ്**

ബഥനി ആശ്രമത്തിന്റെ ശതാബ്ദി വർഷത്തിൽ, അന്ന് സമൂഹാദ്ധ്യക്ഷനായിരുന്ന പെരിയ ബഹു. ജോസ് കുരുവിള ഒ.ഐ.സി. അച്ചന്റെ നേതൃത്വത്തിൽ 2019 ഫെബ്രുവരി 27-ന് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവായുടെ സാന്നിദ്ധ്യത്തിൽ, വത്തിക്കാനിൽ ഒരുമിച്ചുകൂടിയ ബഥനി ആശ്രമാംഗങ്ങൾക്ക് പരിശുദ്ധ പിതാവ് നൽകിയ കൂടിക്കാഴ്ച (audience) ബഥനിക്ക് ശതാബ്ദി വർഷത്തിൽ മാർപാപ്പയിൽനിന്ന് കിട്ടിയ ഏറ്റവും വലിയ സമ്മാനമായിരുന്നു. ആ കൂടിക്കാഴ്ചയിൽ പങ്കെടുത്ത ഓരോരുത്തരും പരിശുദ്ധ പിതാവിനെക്കുറിച്ചുള്ള വ്യക്തിപരമായ അനുഭവം വലിയ അഭിമാനത്തോടെ പങ്കുവച്ചത് കേൾക്കുവാൻ ഇടയായിട്ടുണ്ട്. ഓരോ ബഥാന്യനെ സംബന്ധിച്ചും ആ കൂടിക്കാഴ്ചയിൽ പരിശുദ്ധ പിതാവിൽ നിന്നും കിട്ടിയ നല്ല ഓർമ്മകളുടെ ചെപ്പുകൾ അമൂല്യനിധിയായി കാത്തുസൂക്ഷിക്കുന്നു.

എന്നെ സംബന്ധിച്ചിടത്തോളം വ്യക്തിപരമായി രണ്ടുപ്രാവശ്യം പരിശുദ്ധ പിതാവിനെ നേരിൽ കാണുന്നതിനും പരിശുദ്ധ പിതാവിൽ നിന്നും ബഥനിക്കുവേണ്ടി ആശീർവാദം സ്വീകരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. 2017-ൽ ബഥനി നവജീവൻ പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറായിരിക്കുമ്പോൾ റോമിൽ പോകുന്നതിനും പരിശുദ്ധ പിതാവിനെ നേരിൽ കണ്ട് ആശീർവാദം സ്വീകരിക്കുന്നതിനും സാധിച്ചു. പിന്നീട്, 2024 ജൂൺ 19-ാം തീയതി വി.പത്രോസിന്റെ ചത്വരത്തിൽ (St. Peter's Square) നടന്ന ജനറൽ ഓഡിയൻസിൽ പങ്കെടുത്ത് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയെ നേരിൽ കാണുന്നതിനും ബഥനിക്കുവേണ്ടി ആശീർവ്വാദം സ്വീകരിക്കുന്നതിനും ദൈവം അവസരമൊരുക്കി. പരിശുദ്ധ പിതാവിനോട് ബഥനിയുടെ മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് പറയുന്നതിനും പ്രത്യേകിച്ച് എത്യോപ്യയിലുള്ള നമ്മുടെ മിഷൻ പ്രവർത്തനങ്ങളെപ്പറ്റി പങ്കുവയ്ക്കുന്നതിനും അവസരമുണ്ടായി. എത്യോപ്യയിൽ ശുശ്രൂഷ ചെയ്യുന്ന നമ്മുടെ വൈദിക സഹോദരങ്ങൾ നൽകിയ ഒരു എത്യോപ്യൻ കുരിശ് പരിശുദ്ധ

www.malankaralibrary.com

പിതാവിന് നൽകുകയും പരിശുദ്ധ പിതാവ് ആ കുരിശ് ആശീർവദിച്ചതിനുശേഷം എന്നെ ആശീർവദിക്കുകയും ചെയ്തത് ബഥനിയുടെ ചരിത്രത്തിലെ ഒരു നിർണ്ണായക നിമിഷമായി കാണുന്നു. ബഥനിയുടെ മിഷൻ പ്രവർത്തനങ്ങൾക്ക് പരിശുദ്ധ പിതാവ് നൽകിയ ആശീർവ്വാദമായിരുന്നു അത്.

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയിലൂടെ ഒരു പൊന്തിഫിക്കൽ സന്ന്യാസ സമൂഹമായ ബഥനിക്കും, ആഗോള സഭയ്ക്കും ലോകം മുഴുവനും ലഭിച്ചിട്ടുള്ള ദൈവാനുഗ്രഹങ്ങളെ ഓർത്ത് ദൈവത്തിന് നമുക്ക് നന്ദി പറയാം. പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ സ്വർഗീയ പ്രവേശനം പരിശുദ്ധ പിതാവിലൂടെ ഈ ലോകത്തിന് കൈവന്നിട്ടുള്ള അനുഗ്രഹങ്ങൾ തുടർന്നുകൊണ്ടു പോകുവാൻ കാരണമാകട്ടെയെന്ന് പ്രാർത്ഥിക്കാം.

## ബഹു. ഗബ്രിയേൽ പൊസേന്തി അച്ചൻ – പ്രത്യാശയുടെ സ്രോതസ്സ്

**"കാവികുപ്പായവും ഇടക്കെട്ടും കുരിശും ധരിക്കാത്ത ബഥാന്യൻ കാപ്പയിടാതെ, കാസയും പീലാസയും ഇല്ലാതെ ബലിയർപ്പിച്ച പുരോഹിതൻ"**

കാവികുപ്പായം ഇടാതെയും, ഇടക്കെട്ടും കുരിശും ധരിക്കാതെയും, കാപ്പയിടാതെയും, കാസപീലാസ കയ്യിൽ പിടിക്കാതെയും ഒരു ബഥനി സന്ന്യാസിയായി, ബഥനിയിലെ ഒരു വൈദികനായി, സന്ന്യാസത്തിന്റെയും പൗരോഹിത്യത്തിന്റെയും ഏറ്റം ശ്രേഷ്ഠമായ കലർപ്പില്ലാത്ത സാക്ഷ്യം നല്കി, 2025 ഏപ്രിൽ 18-ാം തീയതി പ്രിയ ബഹു.ഗബ്രിയേൽ പൊസേന്തി അച്ചൻ തന്റെ ബലിയർപ്പണം പൂർത്തിയാക്കി. 40 വർഷങ്ങൾ കിടക്കയിൽ കിടന്നുകൊണ്ട് നാലു ചുവരുകൾക്കുള്ളിൽ ജീവിതം ഹോമിച്ച, സഹനത്തിന്റെ അഗ്നിച്ചൂളയിൽ സ്ഫുടം ചെയ്യപ്പെട്ട, തേജസ്സാർന്ന, മഹത്വീകൃതമായ മുഖമാണ് പൊസേന്തിയച്ചനിൽ നമ്മൾ കണ്ടത്.

അച്ചന്റെ മുറിയിൽ ഒരു പ്രാവശ്യം എങ്കിലും പോയി അച്ചനെ കണ്ടിട്ടുള്ളവർ, വീണ്ടും അച്ചനെ കാണുവാൻ ആഗ്രഹിച്ചിട്ടുണ്ട്. അച്ചനുമായി സംസാരിച്ചിരിക്കുന്നവർക്ക് ഒരിക്കലും അച്ചൻ ഒരു രോഗിയാണെന്ന് തോന്നാറില്ലായിരുന്നു. അച്ചനുമായിട്ടുള്ള സംസാരത്തിൽ ഒരിക്കൽപോലും അച്ചന്റെ വേദനയോ, സഹനമോ ഒന്നും സംസാരവിഷയമായിട്ടില്ല. അച്ചനെ കണ്ടുമുട്ടിയവർക്കെല്ലാം യേശു സാന്നിദ്ധ്യത്തിന്റെ അടയാളമായി, ആശ്വാസമായും, പ്രത്യാശയായും അച്ചൻ മാറുകയായിരുന്നു. അപ്രകാരം അച്ചനെ കണ്ടിട്ടുള്ളവരൊക്കെ അച്ചന്റെ ആകർഷണീയ വലയത്തിലായിരുന്നവരാണ്. അതുകൊണ്ട് തന്നെയാണ് ആ സാന്നിദ്ധ്യത്തോട് ചേർന്നുനിൽക്കുവാൻ എല്ലാവരും ആഗ്രഹിച്ചത്. രോഗക്കിടക്കയിൽ കിടന്നുകൊണ്ട് ഇത്രമാത്രം സുഹൃദ്ബന്ധങ്ങൾ ഉണ്ടാക്കിയിട്ടുള്ളവർ അധികംപേർ ഉണ്ടാകില്ല. നീറുന്ന അനേകം മനസ്സുകൾക്ക് സാന്ത്വനമാകുന്നതിന്, വിള്ളലുകൾ വീണ വ്യക്തിബന്ധങ്ങളെ വിളക്കി ചേർക്കുന്നതിന് അച്ചന്റെ വാക്കുകളും ജീവിതവും വഴിമാറുകയായിരുന്നു.

**കാണാതെ കണ്ട പൊസേന്തി അച്ചൻ**

സഭയിലും സമൂഹത്തിലുമുള്ള ഓരോ ചലനവും അച്ചന് കൃത്യമായി അറിയാമായിരുന്നു. ബഥനിയിലെ ഓരോ അംഗത്തെക്കുറിച്ചും, ആശ്രമത്തെക്കുറിച്ചും പ്രോവിൻസുകളുടെ വളർച്ചയെക്കുറിച്ചും എല്ലാം കൃത്യമായി അച്ചൻ മനസിലാക്കിയിരുന്നു. നേരിൽകണ്ട് കാര്യങ്ങൾ

www.malankaralibrary.com

മനസ്സിലാക്കുന്ന ആരെക്കാളും നന്നായി 'മുറിയിലെ കിടക്ക'യിൽ കിടന്നുകൊണ്ട് വളരെ വ്യക്തമായി അച്ചൻ കണ്ടു.

**പൊസേന്തി അച്ചന്റെ 'കിടക്ക'**

അച്ചന്റെ മുറിയിലെ 'കിടക്ക' അത് വെറും ഒരു കിടക്കയല്ലായിരുന്നു. ആ മുറി ഒരു ദേവാലയമായിരുന്നു. ആ കിടക്ക ബലിപീഠമായിരുന്നു. ഈ കിടക്കയിൽ - ബലിവേദിയിൽ കിടന്ന് അച്ചൻ പറഞ്ഞ വാക്കുകളും, എഴുതിയ കവിതകളും പാട്ടുകളും സംവിധാനം ചെയ്ത നാടകങ്ങളും എല്ലാം ഹൃദയസ്പർശിയായി മാറി. അവസാനമായി അച്ചൻ എഴുതിക്കൊണ്ടിരുന്ന പുസ്തകത്തിന്റെ പേരും 'കിടക്ക' എന്നായിരുന്നു. ഏതാനും വരികൾകൂടി മാത്രമേ എഴുതി തീർക്കുവാൻ ഉള്ളൂ എന്നാണ് മരണത്തിന് ഏതാനും ദിവസങ്ങൾക്കുമുമ്പ് അവസാനമായി കണ്ടപ്പോൾ അച്ചൻ പറഞ്ഞത്. പൊസേന്തി അച്ചന്റെ 'കിടക്ക' ബഥനിക്ക്, സഭക്ക് 'പ്രത്യാശയുടെ' സ്രോതസ്സായിരുന്നു. അച്ചൻ അവശേഷിപ്പിച്ചുപോകുന്ന ഈ 'കിടക്ക' തുടർന്നും ബഥനി മക്കൾക്ക് ആത്മീയ കരുത്തായി കൂടെയുണ്ടാകും. ഈ ഭൂമിയിലെ അച്ചന്റെ സാന്നിദ്ധ്യം ഇത്രമാത്രം പ്രത്യാശ നൽകിയെങ്കിൽ, ആ സ്വർഗ്ഗീയ സാന്നിദ്ധ്യം അതിനേക്കാൾ കൂടുതൽ ആത്മീയശോഭയുള്ളതാകുമെന്ന് നമ്മൾ ഉറച്ചുവിശ്വസിക്കുന്നു. ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ നാമകരണം എന്നും അച്ചൻ ഒരു മുഖ്യവിഷയമായി കണ്ടിരുന്നു. അച്ചനുമായിട്ടുള്ള എല്ലാ പങ്കുവയ്ക്കലുകളുടെ സമയത്തും അത് വളരെ പ്രകടമായിരുന്നു. ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ അപദാനങ്ങളെ പ്രകീർത്തിച്ചുകൊണ്ട് അച്ചൻ സംവിധാനം ചെയ്തിട്ടുള്ള നാടകങ്ങളും എഴുതിയിട്ടുള്ള പാട്ടുകളുമൊക്കെ ഇതിന്റെ പ്രകടമായ ഉദാഹരണങ്ങളാണ്.

**എല്ലാം പൂർത്തിയായി**

1985-ലെ പീഡാനുഭവ വാരത്തിൽ പൊസേന്തി അച്ചൻ ആരംഭിച്ച ദുഃഖവെള്ളിയാഴ്ചയുടെ പ്രദക്ഷിണം അവസാനിക്കുന്നത് 2025-ലെ പീഡാനുഭവ വാരത്തിലാണ്. ഹാശാ ആഴ്ചയിലെ ബുധനാഴ്ച ദിവസം രാവിലെ 7.00 മണിയോടുകൂടി പൊസേന്തി അച്ചൻ തന്റെ ആത്മാവിനെ ദൈവകരങ്ങളിൽ സമർപ്പിച്ചു എന്ന വാർത്ത നമ്മൾ കേൾക്കുകയുണ്ടായി. 40 വർഷങ്ങൾ തന്റെ കിടക്കയിൽ കിടന്നുകൊണ്ടുള്ള ബലിയർപ്പണം പൂർത്തിയാക്കിയ നിമിഷങ്ങൾ. കുപ്പായവും ഇടക്കെട്ടും കുരിശും ധരിക്കാതെയുള്ള ഒരു ബഥാന്യന്റെ ഏറ്റം ശ്രേഷ്ഠമായ സന്ന്യാസജീവിത സാക്ഷ്യമാണ് നമുക്ക് നഷ്ടമായത്. കാപ്പയിടാതെയും കാസയും പീലാസയും കൈകളിൽ വഹിക്കാതെ നിത്യപുരോഹിതനായ ക്രിസ്തു കുരിശിലർപ്പിച്ച ബലിയർപ്പണത്തോടു ചേർന്നു നിന്നുകൊണ്ടുള്ള ഒരു പുരോഹിതന്റെ ഏറ്റം ശ്രേഷ്ഠമായ ബലിയർപ്പണമാണ് പൊസേന്തി അച്ചനിൽ പൂർത്തിയായത്.

www.malankaralibrary.com

# സിംഹാസനം സഹനസൗഭാഗ്യമാക്കിയ ഫ്രാൻസിസ് മാർപാപ്പയും, കിടക്ക സഹനസിംഹാസനമാക്കിയ പൊസേന്തി അച്ചനും

**ഫാ. ജോർജ്ജ് അയ്യനേത്ത് ഒ.ഐ.സി**
ബഥനി നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീര്യർ

**അഷ്ടസൗഭാഗ്യങ്ങളെ പ്രണയിച്ച ഇഷ്ടതോഴൻ**

ഫ്രാൻസിസ് മാർപാപ്പയെ ഒറ്റവാചകത്തിൽ വിശേഷിപ്പിക്കാൻ സുവിശേഷ ഭാഗ്യങ്ങളോളം (മത്താ 5:1-12) മറ്റൊന്നില്ല: "അഷ്ടസൗഭാഗ്യങ്ങളെ പ്രണയിച്ച ഇഷ്ടതോഴൻ." "ദൈവവും മനുഷ്യനുമായുള്ള ആത്മബന്ധത്തിന് ആലിംഗനം ചെയ്യേണ്ട അടിസ്ഥാന ജീവിതശൈലിയാണ് അഷ്ടസൗഭാഗ്യങ്ങൾ" എന്നാണ് അസ്സീസിയിലെ വി.ഫ്രാൻസിസ് പറയുന്നത്. ഇതിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് ഫ്രാൻസിസ് മാർപാപ്പ പത്രോസിന്റെ സിംഹാസനം സുവിശേഷ സൗഭാഗ്യങ്ങളുടെ ഇരിപ്പിടമാക്കി മാറ്റി:

ആത്മാവിൽ ദരിദ്രനായിരുന്ന പാപ്പാ.... നീ ഭാഗ്യവാൻ.....

വിലപിക്കുന്നവരോടുകൂടി വിലപിച്ച പാപ്പാ... നീ ഭാഗ്യവാൻ....

ശാന്തശീലനായി ലോകത്തിന്റെ ഹൃദയഭൂമികയിൽ കയറിപ്പറ്റിയ പാപ്പാ... നീ ഭാഗ്യവാൻ...

നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്ത പാപ്പാ.... നീ ഭാഗ്യവാൻ...

കരുണയുടെ കടലായിപ്പരന്ന പാപ്പാ... നീ ഭാഗ്യവാൻ...

ഹൃദയശുദ്ധിയോടെ എല്ലാവരിലും ദൈവത്തെക്കണ്ട പാപ്പ... നീ ഭാഗ്യവാൻ...

സമാധാനത്തിന്റെ ദൈവദൂതനായ പാപ്പാ... നീ ഭാഗ്യവാൻ...

നീതിക്കുവേണ്ടി പീഡനമേൽക്കുന്നവരോട് പറ്റിച്ചേർന്ന പാപ്പാ... നീ ഭാഗ്യവാൻ...

യേശുവിന്റെ പക്ഷം ചേർന്നതിന് അവഹേളനങ്ങളുടെയും വ്യാജപ്രചരണങ്ങളുടെയും മുറിവുകളേറ്റവനായ പാപ്പാ... നീ ഭാഗ്യവാൻ...

ഭാഗ്യവാനായ പാപ്പാ, നീ മൂലം സ്വർഗ്ഗം ആഹ്ലാദിക്കുന്നു...

നീ മൂലം സഭയും ഭാഗ്യവതിയായി... അവളും ആഹ്ലാദിക്കുന്നു...

നിത്യസൗഭാഗ്യത്തിന്റെ സിംഹാസനത്തിൽ വാഴുക!

**സഹനസുകൃതം മമഗുരുകുലം**

സഹനം ജീവിതത്തിന്റെ ഗുരുകുലമാക്കിയ ഒരു സന്ന്യാസി ശ്രേഷ്ഠൻ: ഗബ്രിയേൽ പൊസേന്തിയച്ചൻ! തന്റെ ജീവിതത്തിന്റെ ഭാഗമായിത്തീർന്ന കിടക്കയെ സഹനസുകൃതത്തിന്റെ സിംഹാസനമാക്കി സൗഹൃദയ ഹൃദയ സദസുകളിൽ രാജർഷിയായി വാണവൻ! അവന്റെ സഹനസുകൃതത്തിന്റെ സപ്തവർണ്ണങ്ങൾ സുവിശേഷത്തിലെ ബിംബകല്പനയിലൂടെ മാത്രമേ ക്യാൻവാസിലേക്ക് കോറിയിടാൻ കഴിയുകയുള്ളൂ. 'സഹനസുകൃതം' എന്ന സംഗീത ആൽബത്തിലെ എന്റെ വരികൾക്ക് അതിന് കഴിയുമെന്ന് കരുതട്ടെ:

www.malankaralibrary.com

സഹനസുകൃതം മമ ഗുരുകുലം!
നിലത്തുവീണ് അഴുകിയഴിഞ്ഞ്
നാമ്പെടുക്കം നെൽമണിയാണത്!
മുറിച്ചൊരുക്കം മുന്തിരിവള്ളി
മികച്ചു കായ്ക്കും ഉയിരാണത്!
കാത്തിരിക്കും കന്യകമാരവർ
കരുതിവയ്ക്കും എണ്ണയാണത്!
ഇമ്മാനുവേൽ വന്നു പിറക്കാൻ
ഇടം നൽകും കാലിക്കൂടാണത്!
കബറുമൂടും കല്ലിളകി
കവാടമേകും ഉയിർപ്പാണത്!
കാൽവരിയിലെ കുരിശിതാ
കിരീടമാകും കഥയാണത്!

സഹനസുകൃതത്തിന്റെ കാല്പനിക ലോകത്തിലേക്ക് പറന്നുയരുവാൻ ഞങ്ങളെ പഠിപ്പിച്ച പ്രിയപ്പെട്ട പൊസേന്തിയച്ചാ, സുകൃതസൗഭാഗ്യങ്ങളുടെ സ്വർഗ്ഗപ്രഭയിൽ അങ്ങ് തുടർന്നും രാജർഷിയായി വാഴുക!



www.malankaralibrary.com

# റവ. ഫാ. ഗബ്രിയേൽ പൊസെന്തി ഒ.ഐ.സി.: മൗനത്തിലും സഹനത്തിലും കൃപയുടെ സാക്ഷി

**ഫാ. സിറിൽ ആനന്ദ് മോറോത്ത് ഒ.ഐ.സി**
ബഥനി നവജീവൻ പ്രൊവിൻഷ്യൽ സുപ്പീര്യർ

"എന്തെന്നാൽ, കഷ്ടത സഹനശീലവും, സഹനശീലം ആത്മധൈര്യവും, ആത്മധൈര്യം പ്രത്യാശയും ഉളവാക്കുന്നു എന്നു നാം അറിയുന്നു" (റോമാ5 : 4)

ബഹുമാനപ്പെട്ട ഗബ്രിയേൽ പൊസേന്തി അച്ചൻ സഹനത്തിന്റെ മൂല്യവും സ്വാധീനവും നമ്മെ പഠിപ്പിച്ച ഒരു ബഥാനിയൻ. ആഴമായ പ്രാർത്ഥനയും, അചഞ്ചലമായ വിശ്വാസവും, ശാന്തമായ വ്യക്തിത്വവും ഉള്ള ഒരു സന്യാസ പുരോഹിതനായ അദ്ദേഹം, തന്റെ ദൈവവിളി എളിമയോടെയും സന്തോഷത്തോടെയും കൂടി ജീവിച്ചു. 39-ാം വയസ്സിൽ, ഒരു ദാരുണമായ അപകടംമൂലം അദ്ദേഹത്തിന്റെ ജീവിതം അപ്രതീക്ഷിതമായി വഴിമാറി, അത് അദ്ദേഹത്തെ കിടപ്പിലാക്കി. സജീവമായ ശുശ്രൂഷയുടെ അവസാനമായി നമുക്ക് തോന്നാവുന്നത്, ഒരു പുതിയ തുടക്കമായി - വിശുദ്ധിയിലേക്കുള്ള ഒരു ആഴമേറിയ വിളിയായി.

അടുത്ത 41 വർഷക്കാലം, വേദനയുടെ കിടക്കയിൽനിന്ന്, പൊസേന്തി അച്ചൻ ദൈവത്തിന്റെ നിശബ്ദ ദാസനായി, നമുക്ക് സങ്കൽപ്പിക്കാൻ പോലും കഴിയാത്ത വിധത്തിൽ തന്റെ പൗരോഹിത്യദൗത്യം തുടർന്നു. അദ്ദേഹത്തിന്റെ മുറി അനേകർക്ക് പ്രത്യാശയുടെയും ആശ്വാസത്തിന്റെയും സങ്കേതമായി മാറി. പ്രാർത്ഥനയിലൂടെയും ആത്മീയ ഉപദേശത്തിലൂടെയും സൗമ്യമായ പ്രോത്സാഹനത്തിലൂടെയും എണ്ണമറ്റ ആളുകളുടെ ജീവിതത്തെ അദ്ദേഹം സ്പർശിച്ചു. ആശ്വാസമോ ഉപദേശമോ തേടി അദ്ദേഹത്തെ സന്ദർശിച്ച പലരും അലംബഹീനനായ ഒരു മനുഷ്യനിലൂടെ പ്രസരിക്കുന്ന ദൈവത്തിന്റെ കൃപയെ കണ്ടുമുട്ടി.

ശാരീരികമായി ബലഹീനനായിരുന്നെങ്കിലും, അദ്ദേഹത്തിന്റെ ആത്മാവ് എപ്പോഴും ശക്തിയുള്ളതായിരുന്നു - മറ്റുള്ളവർക്കുവേണ്ടി മധ്യസ്ഥത വഹിച്ചും, കരുണയുള്ള ശ്രോതാവായും, ഉപദേശംനൽകി അനേകരെ ശക്തിപ്പെടുത്തിയും, സമാധാനത്തോടെ തന്റെ കഷ്ടപ്പാടുകൾ സഹിച്ചും അദ്ദേഹം ജീവിച്ചു. തന്റെ ശാരീരിക അരിഷ്ടതകളിൽ പരാതിപ്പെട്ടുകൊണ്ടിരിക്കാതെ, ക്രിസ്തുവിന്റെ പീഡസഹനങ്ങളോടെ ചേർത്തുവെച്ചു അദ്ദേഹം തന്റെ കുരിശിനെ സഭയ്ക്കും ലോകത്തിനും വേണ്ടി ദിവസവും സമർപ്പിച്ചു.

പൊസേന്തി അച്ചൻ നമ്മെ ഓർമ്മിപ്പിക്കുന്നത് മനുഷ്യനെ സ്വാധീനിക്കുന്നത് പലപ്പോഴും വാക്കുകളില്ലാത്ത ജീവിതമാകുന്ന പ്രസംഗങ്ങളാണ് എന്നാണ്. അദ്ദേഹത്തിന്റെ ക്ഷമ, ദൈവത്തിന്റെ കരുതലിലുള്ള ആഴമായ വിശ്വാസം, അചഞ്ചലമായ അജപാലനശുശ്രൂഷ എന്നിവ അദ്ദേഹത്തെ സുവിശേഷത്തിന്റെ യഥാർത്ഥ സാക്ഷിയാക്കി. ഉൽപ്പാദനക്ഷമതയെയും വേഗതയെയും വിലമതിക്കുന്ന ഒരു ലോകത്ത് പ്രാർത്ഥനയുടെയും സമർപ്പണത്തിന്റെയും നിശബ്ദശക്തി അദ്ദേഹം നമുക്ക് കാണിച്ചുതന്നു.

ഓരോ മനുഷ്യരുടെയും ജീവിതത്തിൽ തങ്ങൾക്ക് ലഭിച്ച അനുഗ്രഹങ്ങൾ തിരിച്ചെടുക്കപ്പെടാൻ സാധ്യതയുള്ളതാണെന്ന് നമുക്കറിയാം. എന്നാൽ ഒരിക്കലും തിരിച്ചെടുക്കപെടാത്ത, ഏറ്റവും വലിയ അനുഗ്രഹമായ യേശുക്രിസ്തുവിനെ സ്വന്തമാക്കി, തന്റെ നെഞ്ചോട് ചേർത്തുപിടിച്ച് ജീവിച്ചുകൊണ്ട് സഹനങ്ങളെ നേരിട്ട ഒരു സന്യാസവൈദികനെ ഇന്ന് നമ്മൾ ഓർക്കുന്നു. യേശുക്രിസ്തുവിന്റെ രക്ഷാകരമായ സഹനങ്ങളോട് തന്റെ സഹനസരണി

www.malankaralibrary.com

ചേർത്തുവച്ചുകൊണ്ട് ഈ സന്യാസവൈദികൻ അനേകരുടെ ജീവിതത്തിന് പുതിയദർശനം നൽകുന്ന പ്രത്യാശയുടെയും ആശ്വാസത്തിന്റെയും പ്രചോദനത്തിന്റെയും അനുഭവം ആയിത്തീർന്നു.

നിത്യതയുടെ വെട്ടംകിട്ടിയ വ്യക്തിക്ക് ജീവിതത്തിൽ ഒന്നിനെയും ഭയക്കേണ്ടതില്ല. മരണംപോലും ആ വ്യക്തിക്ക് മധുരമാണ്. ഭയപ്പെടേണ്ട സമാധാനം നിങ്ങളോടുകൂടെ എന്ന യേശുതമ്പുരാന്റെ വചനത്തിന്റെ പൊരുൾ ഏതെല്ലാം വിധത്തിലുള്ള സാധ്യതയിലേക്കാണ് നമ്മളെ കൊണ്ടെത്തിക്കുന്നത് എന്ന് തന്റെ ജീവിതത്തിലൂടെ പൊസേന്തി അച്ചൻ നമുക്ക് കാണിച്ചുതന്നു.

ദൈവം കൂടെയുണ്ടെന്ന് ചിന്ത മാത്രമല്ല നാം ദൈവത്തിന്റെ കൂടെ ആണെന്നുള്ള അവബോധവും കൂടി ഉണ്ടെങ്കിലേ ദൈവസാന്നിധ്യത്തിന്റെ സാന്ത്വനം നമുക്ക് അനുഭവിക്കാൻ കഴിയു. ഈ സാന്നിധ്യത്തിന്റെ സ്വാന്തനം കഴിഞ്ഞ 41 വർഷമായി അനുഭവിച്ച ഒരു വ്യക്തിയേ ആണ് നാമിന്ന് ഓർക്കുന്നത്.

സഹനത്തിന്റെയും ബലഹീനതയുടേയും വേദനയുടെയും നിമിഷങ്ങളിലും ഒരു സ്നേഹിതനോട് എന്ന പോലെ ഗാഢമായ ബന്ധം ദൈവത്തോട് പുലർത്താൻ കഴിഞ്ഞു എന്നതുകൊണ്ടാണ് തന്നെകാണാൻ വരുന്ന ഏവർക്കും ദൈവസ്നേഹത്തിന്റെ നീർച്ചാൽ ആകാൻ ദൈവം പൊസേന്തി അച്ചനെ പ്രാപ്തനാക്കിയത്. തന്റെ രോഗക്കിടക്കയിലും അനേകരെ ദൈവത്തിലേക്ക് നയിക്കാൻ പോസന്തി അച്ചന് കഴിഞ്ഞു.

ജീവിതത്തെ മനോഹരമാക്കുന്ന കുറച്ചുകാര്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ആരുടെയെങ്കിലും മനസ്സിൽ നമ്മളോടുള്ള ചില കടപ്പാടുകൾ അവശേഷിപ്പിക്കുക എന്നുള്ളത്. നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ പൊസേന്തി അച്ചനോട് ഇങ്ങനെയൊരു കടപ്പാട് അവശേഷിക്കുന്നുണ്ട് എന്ന് ഈ ദിവസം നമ്മെ അനുസ്മരിപ്പിക്കുന്നു.

കണ്ടുമുട്ടുമ്പോൾ എല്ലാം അച്ചൻ എന്നോട് പറഞ്ഞിരുന്നത് എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ, ഞാനും അച്ചനുംവേണ്ടി പ്രാർത്ഥിക്കുന്നു എന്നാണ്. അതോടൊപ്പം അദ്ദേഹം കൂട്ടിച്ചേർത്തു എന്റെ വേദനകളും സഹനങ്ങളും പ്രാർത്ഥനകളും പ്രോവിൻസിന്റെ നന്മയ്ക്കായി, ശുശ്രൂഷകളുടെ വിജയത്തിനായി, ബഥനി സന്യാസസമൂഹത്തിനുവേണ്ടിയും ഞാൻ കാഴ്ചവയ്ക്കുന്നു.

കുറേക്കൂടി ശ്രേഷ്ഠതയുടെ ജീവിക്കാൻ ഒരാളെ സഹായിക്കുന്നത് ഈ ജീവിതത്തിനപ്പുറം മറ്റൊരു ജീവിതം ഉണ്ട് എന്ന വിശ്വാസമാണ്. സുകൃതങ്ങൾ അഭ്യസിച്ചും മേന്മയുള്ള സ്നേഹം പരിശീലിച്ചും സഹനങ്ങളെ സന്തോഷപൂർവ്വം സ്വീകരിച്ചും ആരോഗ്യമുള്ള സമയത്ത് നന്മചെയ്ത് ചുറ്റി സഞ്ചരിച്ചും തന്റെ ജീവിതം ക്രിസ്തുവിന് അനുയോജ്യമായി ജീവിക്കുവാൻ അങ്ങേയറ്റം പരിശ്രമിച്ച് കർത്തൃസന്നിധിയിലേക്ക് യാത്രയാകുന്ന പൊസേന്തി അച്ചന് പ്രാർത്ഥനയോടെ യാത്രാമൊഴി.

ഈ വിശ്വസ്തദാസനോട് വിട പറയുമ്പോൾ, അദ്ദേഹത്തിന്റെ സഹനത്തിന്റെ ദൈർഘ്യം മാത്രമല്ല, സ്നേഹത്തിന്റെ ആഴവും നാം ഓർക്കുന്നു. അദ്ദേഹത്തിന്റെ ജീവിതം ഒരു ജീവനുള്ള സുവിശേഷപ്രഘോഷണമായിരുന്നു, അദ്ദേഹത്തിന്റെ മരണം ദൈവത്തിനുള്ള വിശുദ്ധവുമായ ബലിയുടെ പൂർത്തീകരണവുമാണ്.

സ്നേഹവാനായ സന്യാസിശ്രേഷ്ഠനായ പുരോഹിത സമാധാനത്തോടെ പോകുക. നിത്യതയിൽ കർത്തൃസന്നിധിയിൽ നാം കണ്ടുമുട്ടുന്നതുവരെ ഞങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കണമേ.

www.malankaralibrary.com

# അനേകരെ ചലിപ്പിച്ച നിശ്ചലൻ

**ഫാ. ഫിലിപ്പ് നേരി താന്നിക്കാക്കുഴി ഒ.ഐ.സി**

1985 മാർച്ച് 30, ഓശാന തലേന്ന്, ഒരു വൈകുന്നേരം സമയം, സന്ധ്യാ പ്രാർത്ഥനയ്ക്കുശേഷം ഞാൻ മുറിയിലേക്ക് വരുന്നു... അപ്രതീക്ഷിതമായ ഒരു ഫോൺ കോൾ. ഞാൻ പെട്ടെന്ന് ഫോൺ എടുത്തു നോക്കി... ഒരു 15 മിസ്ഡ് കോളുകൾ... അത് കണ്ടതും ഒരു അസ്വഭാവികത എനിക്ക് അനുഭവപ്പെട്ടു. ആ നമ്പറിലേക്ക് ഞാൻ തിരിച്ചു വിളിച്ചു. പെട്ടെന്നായിരുന്നു ആ വേദന നിറഞ്ഞ വാർത്ത ഞാനറിഞ്ഞത്. ഒരു അടഞ്ഞ ശബ്ദത്തിൽ ഞാൻ ആ വാർത്ത കേട്ടു. "ഫിലിപ്പച്ചാ, അച്ചന്റെ സഹോദരൻ പൊസേന്തി അച്ചന് ഒരു അപകടം സംഭവിച്ചു, എത്രയും പെട്ടെന്ന് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് വരിക..." ഈ അപകടവാർത്ത അറിഞ്ഞതും ഞാൻ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് പുറപ്പെട്ടു... അന്ന് കണ്ട കാഴ്ച ഇന്നും എന്റെ ഓർമ്മയിലുണ്ട്... മെഡിക്കൽ കോളേജ് ആശുപത്രിയുടെ വാർഡിന്റെ ഒരു മൂലയ്ക്ക്, ഒരു തുരുമ്പിച്ച കട്ടിലിൽ, നിശ്ചലനായി കിടക്കുന്ന എന്റെ സഹോദരൻ... നമ്മുടെ സ്വന്തം പൊസേന്തി അച്ചൻ. പക്ഷേ എന്നെ അത്ഭുതപ്പെടുത്തിയത് ഇതൊന്നും അല്ല... എന്റെ അമ്മ, അച്ചന്റെ ഈ അവസ്ഥ കണ്ടപ്പോൾ പറഞ്ഞ വാക്കുകളാണ്... നിറകണ്ണുകളുമായി, ഇടറിയ ശബ്ദത്തിൽ അമ്മ പറഞ്ഞു: "എന്റെ മകനെ ഞാൻ ദൈവത്തിന് പൂർണ്ണമായി സമർപ്പിച്ചു. ഇനി എന്ത് സംഭവിച്ചാലും എനിക്ക് ദുഃഖമില്ല." സ്വന്തം മകൻ കൺമുമ്പിൽ കുരിശിൽ തൂങ്ങിമരിക്കുമ്പോൾ ഉണ്ടായ അതേ വേദന. കഷ്ടാനുഭവ ആഴ്ചയിലെ ശുശ്രൂഷകൾക്ക് ഒരുക്കമായി പോകുന്ന വഴി വയനാട്, കൽപ്പറ്റയിൽ വച്ചു രണ്ടു ബസുകൾ തമ്മിൽ കൂട്ടിയിടിക്കുകയായിരുന്നു. പത്തുപേരോളം ആ അപകടത്തിൽ മരിച്ചു. പൊസേന്തിയച്ചന് ഗുരുതരമായി പരിക്കുപറ്റി. നട്ടെല്ലും, സുഷുമ്നാ നാഡിയും തകർന്ന്, കഴുത്തിന് താഴേക്ക് തളർന്നു. 40 ദിവസത്തെ മെഡിക്കൽ കോളേജിലെ ചികിത്സയ്ക്കുശേഷം, തുടർചികിത്സയ്ക്കായി ഞങ്ങൾ അച്ചനെ വെല്ലൂരിലേക്ക് കൊണ്ടുപോയി. അച്ചന് ഫിസിയോതെറാപ്പി ചികിത്സകൾ നടത്തിയിരുന്നു. അന്നുമുതൽ അച്ചനിൽ ഉണ്ടായ ഒരു ആഗ്രഹമാണ്, നാമിന്ന് കാണുന്ന 'ഫിസിയോതെറാപ്പി കോളേജ്' എന്ന ആശയം.

1945 മേയ് 2-ന്, ഫിലിപ്പോസ്-മറിയാമ്മ ദമ്പതികളുടെ 9 മക്കളിൽ നാലാമനായി കവിയൂർ അടുത്ത് കോട്ടൂരിൽ താന്നിക്കാക്കുഴി കുടുംബത്തിൽ പൊസേന്തി അച്ചൻ ജനിച്ചു. വർഗീസ് എന്നായിരുന്നു മാമോദീസ നാമം. പ്രാഥമിക വിദ്യാഭ്യാസം ചെറുപുഷ്പ വിലാസം കോട്ടൂരിൽ നിർവഹിച്ചു. തുടർന്ന് ഹൈസ്കൂൾ പഠനത്തിനായി കവിയൂർ എൻ.എസ്.എസ്. സ്കൂളിലും, പോപ്പ് പയസ് X കറ്റാനം സ്കൂളിലും ആയിരുന്നു. പഠനത്തിലും, കലാ-മാധ്യമ രംഗങ്ങളിലും സമർത്ഥനായിരുന്ന വർഗീസ്, 1960 മേയ് മാസം 10-ാം തീയതി നാലാഞ്ചിറ ആശ്രമത്തിൽ അർത്ഥിയായി ചേർന്നു. 1964 ജൂൺ മാസം 22-ാം തീയതി ആദ്യവ്രത വാഗ്ദാനം നടത്തി ഗബ്രിയേൽ പൊസേന്തി എന്ന നാമം സ്വീകരിച്ചു. തുടർന്ന് ഫിലോസഫി, തിയോളജി പഠനത്തിനായി പൂന-പേപ്പൽ അത്തനേയത്തിലേക്ക് അയയ്ക്കപ്പെട്ടു. തത്വശാസ്ത്ര, ദൈവശാസ്ത്ര പഠനത്തിനുശേഷം, 1972 സെപ്റ്റംബർ 21-ാം തീയതി, 42-ാം പുനരൈക്യവാർഷികത്തിന്റെ അന്ന്, ചെങ്ങന്നൂർ മലങ്കര കത്തോലിക്കാ ദേവാലയത്തിൽവച്ച്

www.malankaralibrary.com

അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ തൃക്കയ്യാൽ പൗരോഹിത്യം സ്വീകരിച്ചു. സെപ്റ്റംബർ 23-ാം തീയതി കണ്ണൂർ നടുവിൽ സെന്റ് ജോസഫ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽവച്ച് പ്രഥമ ദിവ്യബലി സമർപ്പണം നടന്നു. തുടർന്ന് ദൈവിക പദ്ധതി അനുസരിച്ച് ആലുവ, അശോകപുരം ആശ്രമത്തിലേക്ക് അയയ്ക്കപ്പെട്ടു. പിന്നീട് ബോംബെയിൽ ചെന്ന് സെന്റ് സേവ്യേഴ്സ് കോളേജിൽ ചേർന്ന് മാധ്യമ പഠനത്തിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കി. അവിടെ ആയിരിക്കുമ്പോഴാണ് 'വിശ്വരൂപം' എന്ന നാടകത്തിലൂടെ സിനിമ നടനായിരുന്ന ബഹുമാനപ്പെട്ട യശഃശരീരനായ ക്യാപ്റ്റൻ രാജുവിനെ പരിചയപ്പെടുന്നതും, നാടകങ്ങളിൽ ഒന്നിച്ച് പ്രവർത്തിക്കുന്നതും. തുടർന്ന്, തിരുവല്ല, മീനങ്ങാടി എന്നീ ആശ്രമങ്ങളിലെ അധ്യക്ഷനായും, ഇടവക വികാരിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. കലാമാധ്യമരംഗങ്ങളിൽ അച്ചന്റെ സേവനം എടുത്തു പറയേണ്ടതാണ്.

1981-'82 കാലഘട്ടത്തിൽ തിരുവല്ലയിൽ ആയിരുന്ന്, 'വാനൊളി' എന്ന ഭക്തിഗാന സംഘടന രൂപീകരിച്ചു. പ്രയാണം എന്ന നാടകം തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ അരങ്ങേറി. കലാ, മാധ്യമ-സാഹിത്യ മേഖലകളിൽ അച്ചന്റെ സംഭാവനകൾ വളരെ വലുതാണ്. 2003-ൽ എഴുതിയ 'സംഗമകൂടാരം,' 2006-ൽ എഴുതിയ 'പുറപ്പാടിന്റെ പുലരി,' 2009-ൽ എഴുതിയ 'കണ്ണീരിൽ വിതച്ചവൻ' എന്നീ നാടകങ്ങൾ നാലാഞ്ചിറ മേജർ സെമിനാരി ഓഡിറ്റോറിയത്തിൽ അരങ്ങേറിയവയാണ്. ജോസ് മരിയദാസ് അച്ചന്റെയും, ജോർജ്ജ് അയ്യനേത്ത് അച്ചന്റെയും, ജോൺസൺ സാറിന്റെയും സംഭാവനകൾ ഈ സമയം കൃതജ്ഞതയോടെ ഓർക്കുന്നു. മാത്രമല്ല 'മലങ്കര കുർബാന, മലങ്കര ശില്പി, ഗുരുദർശനം' എന്നീ കാസെറ്റുകൾ അച്ചന്റെ പരിശ്രമഫലമായിട്ട് രൂപപ്പെട്ടതാണ്. സാഹിത്യലോകത്തിന് അച്ചന്റെ സംഭാവനകൾ ഇന്നും അമൂല്യമാണ്. തന്റെ ജീവിതാനുഭവങ്ങളും ദർശനങ്ങളും കൂട്ടിയിണക്കി നാല് പുസ്തകങ്ങൾക്ക് അച്ചൻ ജന്മം കൊടുത്തിട്ടുണ്ട്. 1990-ൽ 'ഫിനിക്സ് പക്ഷി, കുരിശിൽ വിരിഞ്ഞ പുഞ്ചിരി, മൂന്നക്ഷരം, സുകൃതമീ സഹനം എന്ന പുസ്തകവും, പ്രകാശനം കാത്തിരിക്കുന്ന 'കിടക്ക' എന്ന പുസ്തകവും രചിച്ചിട്ടുണ്ട്. സമകാലികസാഹിത്യമേഖലകളിൽ അച്ചന്റെ സാന്നിധ്യവും ചിന്തകളും അതുല്യമാണ്. ഇതുകൂടാതെ ലഘു നാടകങ്ങളായ 'പട്ടുതൂവാല, പകരക്കാരൻ, ഒരു കൊച്ചുസ്വപ്നം, മണ്ണിൽ ഇഴയുന്നവൻ, കൊച്ചുറാണി, സദ്വാർത്ത' എന്നിവ അച്ചന്റെ സംഭാവനകളാണ്.

ആ പാവനാത്മാവിന്റെ സഹന ജീവിതത്തെപ്പറ്റി ഓർക്കുമ്പോൾ, പരാതികളോ പരിഭവങ്ങളോ ഇന്നുവരെ ആരോടും പറഞ്ഞിട്ടില്ല, സന്ന്യാസ പൗരോഹിത്യ ജീവിതത്തെ തന്റേതായ കാഴ്ചപ്പാടുകളോടും, ക്രിയാത്മകമായ ശൈലിയിലൂടെയും സമീപിക്കുന്ന ജീവിതരീതിയും, ലളിത ജീവിതത്തിന് ഇന്നത്തെ തലമുറയ്ക്ക് കൊടുക്കാൻ കഴിയുന്ന ഉദാത്ത മാതൃകയായും, സമൂഹജീവിതത്തിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിക്കാനും ബഹു.പൊസേന്തി അച്ചന് കഴിഞ്ഞിട്ടുണ്ട്. സമൂഹത്തിൽ ഉള്ളവരെയും ചുറ്റുമുള്ളവരെയും, ചിന്തകൾകൊണ്ട് ചലിപ്പിക്കാൻ ചലനമില്ലാത്ത അച്ചന് കഴിഞ്ഞു എന്നത് ഒരു യാഥാർത്ഥ്യമാണ്. സമൂഹത്തിൽ വേദനിക്കുന്നവർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും എന്നും ആശ്രയമായിരുന്നു അച്ചന്റെ ജീവിതവും ദർശനങ്ങളും. അച്ചന്റെ നർമ്മസംഭാഷണങ്ങളും, പൊട്ടിച്ചിരികളും ധാരാളം യുവജനങ്ങളെയും അച്ചനിലേക്ക് ആകർഷിക്കാൻ ഇടയായി.

യുവജനങ്ങളുമായി നിരന്തരം സംവദിക്കാൻ ഏറെ ഇഷ്ടപ്പെട്ടിരുന്ന ഒരാളായിരുന്നു ബഹു.പൊസേന്തി അച്ചൻ. അച്ചന്റെ സാഹിത്യ സംഭാവന അതിന് ഒരു മുതൽക്കൂട്ടായി.

www.malankaralibrary.com

ഏതൊരു വേദനയിലും അച്ചനെ സമീപിക്കുന്നവർക്ക് പ്രത്യാശയുടെയും, സന്തോഷത്തിന്റെയും കിരണങ്ങൾ മുഖത്ത് ശോഭിച്ചുകൊണ്ട് മടങ്ങുന്നത് ഞാൻ പലപ്പോഴും കണ്ടിട്ടുണ്ട്. അച്ചനെ കണ്ട് സംസാരിച്ചു മടങ്ങുന്നവർക്ക് ശുഭാപ്തി വിശ്വാസവും ജീവിതത്തെക്കുറിച്ചുള്ള വ്യക്തമായ വീക്ഷണവും, പുതുമയും ലഭിക്കാറുണ്ട്. ഇരുളടഞ്ഞുപോയ ജീവിതങ്ങൾക്ക് പ്രകാശം വിതറാൻ അച്ചന്റെ സഹനജീവിതത്തിന് കഴിഞ്ഞിട്ടുണ്ട് എന്നതിൽ യാതൊരു സംശയവുമില്ല. 30 വർഷക്കാലം നേച്ചർ ക്യുവറിൽ ആയിരിക്കുമ്പോൾ ഒട്ടനവധി സുഹൃത്‌വലയങ്ങൾ സൃഷ്ടിക്കാൻ അച്ചന് കഴിഞ്ഞു. അതിൽ ഒരാളാണ് അനുഗ്രഹീത വാനമ്പാടി കെ.എസ്.ചിത്ര. അനേകം വൈദികരുടെയും സന്ന്യസ്തരുടെയും അല്മായരുടെയും ആധ്യാത്മിക ഉപദേഷ്ടാവും, കുമ്പസാര പിതാവും ആയിരുന്നു ബഹുമാനപ്പെട്ട പൊസേന്തി അച്ചൻ.

നാല് പതിറ്റാണ്ടു കാലഘട്ടം കിടക്കയെ സഹന ബലിപീഠമാക്കിയ ഒരാളായിരുന്നു എന്നത് ബഥനിക്കെന്നും അഭിമാനമാണ്. തന്റെ ദൈവിക പദ്ധതികളെയും, അനുഭവങ്ങളെയും ചെറുപുഞ്ചിരിയോടെ സ്വാംശീകരിച്ച ഒരാൾ.. സ്വതസിദ്ധമായ നർമ്മ സംഭാഷണ ശൈലിയും, കരുണാർദ്രമായ സ്നേഹസംഭാഷണ ശൈലിയിലൂടെയും ധാരാളം ആളുകളെ അച്ചനിലേക്ക് അടുപ്പിച്ചിട്ടുണ്ട്. പ്രസിദ്ധ സുവിശേഷ പ്രസംഗകനായ ഡാനിയേൽ പൂവണ്ണത്തിൽ അച്ചൻ, 'സഹനം' എന്ന വിഷയത്തെപ്പറ്റി സംസാരിക്കുമ്പോൾ പറയുന്നത് ഇപ്രകാരമാണ്: "നിങ്ങൾ നാലാഞ്ചിറയിലേക്ക് പോകൂ, അവിടെ 40 വർഷം 'സഹനം ജീവിതശൈലി'യാക്കി മാറ്റിയ ഒരു സന്ന്യാസ പുരോഹിതനെ നിങ്ങൾക്ക് നേരിട്ട് കാണാൻ സാധിക്കും..."

ധന്യൻ മാർ ഈവാനിയോസ് തിരുമേനിയുടെ ബഥാനിയൻ കാരിസം അനുസരിച്ച്, ഈശോമിശിഹായെ തന്റെ കർമ്മോദ്യുക്ത ജീവിതത്തിലും, പ്രാർത്ഥനാജീവിതത്തിലും അനുകരിക്കുക എന്ന സത്യം, തന്റെ 40 വർഷത്തെ കർമ്മോദ്യുക്ത ജീവിതവും, തുടർന്നുള്ള 40 വർഷത്തെ സഹന-പ്രാർത്ഥന ജീവിതവും അനുസരിച്ചുള്ള ബഥാന്യൻ ആധ്യാത്മിക പൈതൃകം അച്ചൻ തന്റെ ജീവിതത്തിലൂടെ നിറവേറ്റി.

ഇത്തരത്തിലുള്ള ഒരു ജീവിതം നയിക്കുവാൻ അച്ചനെ സഹായിച്ച എന്റെ ബഥനി സമൂഹ അധികാരികളോടും, എന്റെ പ്രിയപ്പെട്ട സമൂഹാംഗങ്ങളോടും, വിവിധ സ്ഥലങ്ങളിൽ അച്ചനെ ശുശ്രൂഷിച്ചവരോടും, ദീർഘ കാലഘട്ടം അച്ചനോടുകൂടെ ആയിരുന്ന്, സ്നേഹപൂർവം ശുശ്രൂഷിച്ച വൈശാഖ് എന്ന സഹോദരനെയും, പ്രിയപ്പെട്ട ബാബുവിനെയും, സജിയെയും നന്ദിയോടെ ഓർക്കുന്നു. സഹനത്തിന്റെ ജീവിതശൈലി ബഥനി മക്കളായ ഞങ്ങൾക്ക് പകർന്നു തന്ന പൊസ്സേന്തി അച്ചാ, പ്രണാമം...

മുന്നോട്ടുള്ള സമൂഹത്തിന്റെ പ്രയാണത്തിൽ അച്ചന്റെ പ്രാർത്ഥനകൾ ഞങ്ങൾക്ക് കോട്ടയായിരിക്കട്ടെ...



www.malankaralibrary.com

# പൊസേന്തി അച്ചന് ഹൃദയപൂർവ്വം...

ഫാ. റ്റൈറ്റസ് ജോൺ ചേരാവള്ളിൽ ഒ.ഐ.സി.

സയൻസ് ക്ലാസുകളിൽ പഠിച്ച ഒരു സിദ്ധാന്തം ഇപ്രകാരമാണ്: 'ഊർജ്ജത്തെ നശിപ്പിക്കാനോ നിർമ്മിക്കാനോ കഴിയുകയില്ല. രൂപാന്തരീകരിക്കാൻ മാത്രമേ കഴിയൂ എന്നാണ് ഐൻസ്റ്റീന്റെ ഈ ഊർജ്ജസിദ്ധാന്തം.' ഉദാഹരണത്തിന്, പ്രകാശമെന്ന ഊർജ്ജത്തെ നശിപ്പിക്കിനാകില്ല. അതിനെ താപമെന്ന മറ്റൊരു ഊർജ്ജമായി മാറ്റാനായേക്കും. ഭൂമിയിലെ ഏറ്റവും വലിയ ഊർജ്ജമേതാണ്? അത് മനുഷ്യജീവനാണ്. സ്നേഹിക്കുന്ന, കലഹിക്കുന്ന, ഒരു പുതുജീവന് ജന്മം നൽകുന്ന, ഓരോ മനുഷ്യനും ഉള്ളിൽ സംവഹിക്കുന്ന ഊർജ്ജം. മരണത്തിന് ഈ ഊർജ്ജത്തെ നശിപ്പിക്കാനാകുമോ? മരണത്തിനുശേഷം ഈ ജീവോർജ്ജം മറ്റേതോ രൂപഭേദങ്ങളിലൂടെ കടന്നുപോകുകയാണ്. നമുക്കറിയാത്ത വഴികളിലൂടെ... പ്രകാശത്തിന്റെ ഇടനാഴികകളിലൂടെ... തേജസ്സിന്റെ കൂടാരങ്ങളിലൂടെ... ഓരോ വാങ്ങിപോയവരും ഇന്നും നമ്മുടെ ഇടയിൽ സന്നിഹിതരാണ് എന്നു നാം വിശ്വസിക്കുന്നതിന്റെ ഒരു സൈദ്ധാന്തിക കാരണം ഇതാണ്.

പണ്ടെങ്ങോ പഠിച്ചുമറന്ന ഈ സൈദ്ധാന്തിക സിദ്ധാന്തത്തിന്റെ പിറകെ വീണ്ടും മനസ്സ് യാത്രചെയ്തു തുടങ്ങുന്നത് ബഹുമാനപ്പെട്ട പൊസേന്തി അച്ചന്റെ വിയോഗത്തിനുശേഷമാണ്. പൊസേന്തി അച്ചൻ കാലയവനികകൾക്കുള്ളിലായി എന്ന യാഥാർത്ഥ്യത്തോട് പൊരുത്തപ്പെടാൻ മനസ്സ് മടി കാണിച്ചപ്പോൾ ഈ വ്യക്തി ഇന്നും ജീവിക്കുന്ന ഒരു യാഥാർത്ഥ്യമായി നമ്മുടെ കൂടെയുണ്ട് എന്ന് മനസ്സിൽ കോറിയിടാൻ ഈ സിദ്ധാന്തം സഹായിച്ചു എന്നതാണ് വാസ്തവം. വിശ്വാസത്തെ യുക്തികൊണ്ട് സാധൂകരിക്കാൻ പൊസേന്തി അച്ചന്റെ മരണം കാരണമാകുന്നു എന്ന തിരിച്ചറിവ്, ഏതൊക്കെ മേഖലയിലാണ് ഒരു വ്യക്തി മറ്റൊരുവന്റെ ജീവിതത്തെ സ്വാധീനിക്കുന്നത് എന്ന ഒരു വലിയ വെളിപാടാണ് നൽകുന്നത്.

ഞാൻ പൊസേന്തി അച്ചനെ കാണുന്നത് ബഥനി ആശ്രമത്തിൽ അർത്ഥിയായി ചേരുന്നതിനുംമുമ്പേ 1986-ലാണ്. അച്ചൻ താൻ നേരിട്ട ദുരന്തത്തിന്റെ എല്ലാ വേദനകളും പേറി ബഥനി പ്രകൃതി ചികിത്സാകേന്ദ്രത്തിൽ വിശ്രമിക്കുകയും ഏകദേശം എല്ലാ ദിവസവും എന്തൊക്കെയോ ചികിത്സകൾക്കായി ആശുപത്രിയിലേക്ക് പോകുകയും ചെയ്തിരുന്ന കാലമായിരുന്നു അത്. ഞങ്ങൾ കുട്ടികൾക്ക് അച്ചൻ വളരെ പരിശ്രമിച്ചു നടക്കാൻ ശ്രമിക്കുന്നതും വേദനയെ കടിച്ചിറക്കി കാറിലേക്ക് കയറാൻ ശ്രമിക്കുന്നതും കണ്ണു നനയ്ക്കുന്ന ഒരു കാഴ്ചയായിരുന്നു. എന്നാൽ എല്ലാ വേദനകൾക്കിടയിലും ദൂരെ മാറി നിന്നിരുന്ന ഞങ്ങൾ കുട്ടികൾക്ക് ഒരു ചെറുപുഞ്ചിരി സമ്മാനിക്കാൻ അച്ചൻ ഒരിക്കലും മറന്നിരുന്നില്ല. ആ പുഞ്ചിരി ജീവിതത്തിന്റെ അവസാനംവരെ അച്ചൻ നിലനിർത്തുകയും ആശ്രമത്തിൽ ചേർന്ന അന്നുമുതൽ മരണത്തിന്റെ തലേ ആഴ്ചവരെ എനിക്ക് മുടക്കം കൂടാതെ ലഭിച്ചു എന്നതും ഒരു ഭാഗ്യമായി മാത്രമാണ് ഞാൻ കരുതുന്നത്.

www.malankaralibrary.com

എന്റെ പല ജീവിതകാഴ്ചപ്പാടുകളേയും ജീവിതംകൊണ്ട് വെല്ലുവിളിച്ച ഒരു സന്ന്യാസ പുരോഹിതനായിരുന്നു പൊസേന്തി അച്ചൻ. സന്ന്യാസ പൗരോഹിത്യത്തെക്കുറിച്ച് ക്ലാസ്മുറികളിൽ കേട്ടു പഠിച്ച പാഠങ്ങൾ സ്വന്തം ജീവിതത്തിൽ തന്റെ സഹനത്തിലൂടെ പ്രാവർത്തികമാക്കി കാണിച്ചുതന്ന വന്ദ്യ പുരോഹിതൻ. സ്വയം ബലിയായി, മറ്റുള്ളവർക്കായി മുറിക്കപ്പെട്ട്, വേദനകളെ സ്വന്തം ജീവിതത്തിലേക്ക് ഏറ്റുവാങ്ങി ക്രിസ്തുവിന്റെ രക്ഷാകര സഹനവുമായി താദാത്മ്യം പ്രാപിച്ച് മറ്റൊരു ക്രിസ്തുവാകാനുള്ള ഒരു വിളിയാണ് സന്ന്യാസപൗരോഹിത്യം എന്ന പാഠം, ഒറ്റമുറിയിൽ നാല്പതു വർഷക്കാലം സഹനത്തെ സുകൃതമാക്കി സന്തോഷമായി ജീവിതത്തിൽ ഏറ്റെടുത്തു ജീവിച്ച് പൊസേന്തി അച്ചൻ യാഥാർത്ഥ്യമാക്കി. അതിനാൽ പലപ്പോഴും അച്ചന്റെ മുറിയും അച്ചന്റെ ആ കിടക്കയും എനിക്ക് മറ്റൊരു അൾത്താരയ്ക്ക് സദൃശ്യമായിരുന്നു. അവിടെനിന്നും പ്രവഹിച്ചത് ജീവന്റെ കിരണങ്ങൾ മാത്രമായിരുന്നു. കലഹിക്കാനും സങ്കടപ്പെടാനും അണച്ചുപിടിക്കാനും സാദ്ധ്യമായ ഒരിടം... ഇതായിരുന്നു. അനുദിനം വി.ബലി അർപ്പിക്കാൻ സാദ്ധ്യമായില്ലെങ്കിലും, ദിവസവും സ്വീകരിക്കുന്ന ദിവ്യകാരുണ്യമായി രൂപാന്തരപ്പെട്ടുകൊണ്ടിരുന്ന പൊസേന്തി അച്ചൻ പൗരോഹിത്യത്തിന് തന്റെ ജീവിതത്തിലൂടെ സൃഷ്ടിച്ച വ്യത്യസ്തമായ ഒരു ചൂണ്ടുപലക.

സിദ്ധാന്തങ്ങളുടെ സങ്കീർണതകളില്ലാത്ത ഹൃദയത്തിന്റെ ഭാഷയിലായിരുന്നു അച്ചൻ സംസാരിച്ചിരുന്നത്. ജീവിതത്തിൽ വേദനകളാൽ തളരുന്നവർ ആശ്വാസത്തിനായി അച്ചന്റെ പക്കലേക്ക് കടന്നുവരുമ്പോൾ, തന്റെ ജീവിതസഹനത്തെ മഹത്വവത്കരിക്കാൻ മുതിരാതെ ഓരോ സഹനവും ഒരു ദൈവപദ്ധതിയുടെ ഭാഗമാണെന്ന് അവരെ പറഞ്ഞു മനസ്സിലാക്കാൻ അച്ചന് സാധിച്ചിരുന്നത് ഈ ഒരു സ്വഭാവ സവിശേഷത മൂലമായിരുന്നു. അച്ചനെ ആദരപൂർവം കേട്ടിരിക്കാൻ നമ്മെ ഒരു ശക്തി പ്രേരിപ്പിക്കും പോലെയായിരുന്നു അച്ചനുമായി നടത്തിയിട്ടുള്ള ഓരോ സംഭാഷണങ്ങളും. തന്റെ സഹനത്തെ സന്തോഷപൂർവം ഏറ്റെടുത്ത് തൃപ്തിയോടെ ജീവിച്ച് മറ്റൊരു ക്രിസ്തുവായി രൂപാന്തരപ്പെടുന്നവനിൽ മാത്രം കാണുന്ന ഒരപൂർവ്വതയാണിത്. അതേ, പൊസേന്തി അച്ചൻ നമ്മുടെ ഇടയിൽ ജീവിച്ച മറ്റൊരു ക്രിസ്തു സാന്നിദ്ധ്യം തന്നെയായിരുന്നു.

ദൈവത്തിനും മനുഷ്യനുംവേണ്ടി അടങ്ങാത്ത ഒരഭിനിവേശം തന്റെ ഉള്ളിൽ പൊസേന്തി അച്ചൻ സൂക്ഷിച്ചിരുന്നതുപോലെ, തന്റെ സന്ന്യാസ സമൂഹത്തിനും, സന്ന്യാസ സമൂഹസ്ഥാപകനായ ധന്യൻ മാർ ഈവാനിയോസ് പിതാവിനുംവേണ്ടി അടങ്ങാത്ത ഒരു കനൽ പൊസേന്തി അച്ചൻ തന്റെ ഉള്ളിൽ സൂക്ഷിച്ചിരുന്നു. ബഥനിയെപ്പറ്റി സംസാരിക്കുമ്പോഴെല്ലാം തന്റെ വേദനകൾ മറന്ന് ആവേശഭരിതനാകുന്ന പൊസേന്തി അച്ചനെ പലപ്പോഴും ഞാൻ കണ്ടിട്ടുണ്ട്. അതോടൊപ്പം ബഥനി അതിന്റെ ദർശനങ്ങളിൽ നിന്നും വഴിമാറിപ്പോകുമോ എന്ന ആശങ്കയും ആകുലതയും അച്ചൻ പങ്കുവച്ചിരുന്നു. അച്ചന്റെ സാഹിത്യപരമായ കഴിവുകൾ മുഴുവനും ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ ജീവിതത്തെ അപഗ്രഥിച്ച് പഠനം നടത്തി കാലത്തിനനുസരിച്ച് ആ പുണ്യപിതാവിന്റെ ദർശനങ്ങളെ ജനഹൃദയങ്ങളിലേക്ക് എത്തിക്കുവാൻ ഉപയോഗിച്ചു എന്നത് പൊസേന്തി അച്ചൻ ആ പുണ്യപിതാവിനെ എത്രമാത്രം ഹൃദയത്തിൽ സ്വാംശീകരിച്ചു എന്നതിന്റെ ചെറിയ ഒരു ഉദാഹരണമാണ്.

www.malankaralibrary.com

2004 മുതലാണ് ധന്യൻ മാർ ഈവാനിയോസ് പിതാവിനെക്കുറിച്ചുള്ള നാടകങ്ങൾ സംവിധാനം ചെയ്ത് അരങ്ങത്തു കൊണ്ടുവരുവാൻ അച്ചൻ പരിശ്രമങ്ങൾ ആരംഭിച്ചത്. ഇതിനായി അച്ചൻ കൂട്ടുപിടിച്ചിരുന്നത് ആ കാലയളവിൽ പട്ടം സ്വീകരിച്ചുവന്ന ഞങ്ങളിൽ ചിലരെയായിരുന്നു. എങ്ങനെ അച്ചൻ ആ നാടകങ്ങൾ സംവിധാനം ചെയ്യും എന്ന് സംശയം തോന്നിയിരുന്നുവെങ്കിലും അച്ചന്റെ നിശ്ചയദാർഢ്യത്തിന്റെ മുമ്പിൽ ഞങ്ങൾക്ക് ഒന്നും തന്നെ മറുത്തുപറയുവാൻ കഴിഞ്ഞില്ല എന്നതാണ് വാസ്തവം. ധന്യൻ മാർ ഈവാനിയോസ് പിതാവിനോടുള്ള അചഞ്ചലമായ വിശ്വാസവും മാദ്ധ്യസ്ഥവും ഒന്നുകൊണ്ടുമാത്രമാണ് ഈ നാടകങ്ങൾ അരങ്ങത്ത് പ്രദർശിക്കുവാൻ അച്ചന് സാധിച്ചത്. ഓരോ പ്രതിബന്ധങ്ങൾക്കിടയിലും 'ബാക്കി പിതാവ് നോക്കിക്കൊള്ളും' എന്ന വിശ്വാസത്തോടെയുള്ള അച്ചന്റെ ഒരു വാക്ക് ഈ സംരംഭങ്ങളിൽ പങ്കുചേർന്ന ഞങ്ങൾക്ക് നല്കിയ ഊർജ്ജം ചെറുതല്ല. പൊസേന്തി അച്ചൻ തന്റെ ജീവിതത്തിലൂടെ ബഥനിയിലെ തന്റെ കുഞ്ഞുസഹോദരങ്ങൾക്കായി നല്കിയിട്ടു പോകുവാൻ ആഗ്രഹിച്ച ഒരു വലിയ സന്ദേശമായി ഇന്ന് ഈ അനുഭവസാക്ഷ്യത്തെ കാണുവാനാണ് ഞാനിഷ്ടപ്പെടുന്നത്.

അപ്രതീക്ഷിതമായിട്ടല്ല അച്ചനെ മരണം തേടിയെത്തിയത്. പതുക്കെ പതുക്കെ ആരോഗ്യനിലയുടെ ഉയരുകയും താഴുകയും ചെയ്യുന്ന ഗ്രാഫുകളിലൂടെ മരണം സൗമ്യമായി അച്ചനെ സ്വന്തമാക്കി. ആരോ രചിച്ച ഒരു തിരക്കഥപോലെ... 40 വർഷങ്ങൾക്കുമുമ്പ് ഒരു ഹാശാ ആഴ്ചയിൽ സഹനത്തിന്റെ ശരശയ്യയിലേക്ക് വീണ അച്ചന്റെ ജീവിതം പര്യവസാനിച്ചതും ഒരു ഹാശാ ആഴ്ചയിലാണ് എന്നത് ഒരു യാദൃശ്ചികതയല്ല. ദൈവം പൊസേന്തി അച്ചനിലൂടെ ഈ ലോകത്തിന് കൊടുക്കാൻ ആഗ്രഹിച്ച സഹനത്തിന്റെ രക്ഷാകരമായ സന്ദേശത്തോട് പൊസേന്തി അച്ചൻ പരാതികളില്ലാതെ പൊരുത്തപ്പെട്ടു.

മരണത്തെ നിദ്രയായിട്ടാണ് ക്രിസ്തു പഠിപ്പിക്കുന്നത്. ലാസർ ഉറങ്ങുകയാണ്. ബാലിക ഉറങ്ങുകയാണ് എന്നാണ് ക്രിസ്തു സുവിശേഷത്തിൽ പറയുന്നത്. ഈ ഉറക്കം ദൈവത്തിന്റെ മടിത്തട്ടിലേക്ക് ഉണർന്നെഴുന്നേൽക്കുന്നതിനുവേണ്ടിയാണ്. പൊസേന്തി അച്ചൻ ദൈവത്തിന്റെ മടിത്തട്ടിൽ ഉണർന്നിരുന്ന് നമുക്കായി മാദ്ധ്യസ്ഥം അപേക്ഷിക്കും എന്ന് നമുക്ക് ഉറച്ചു വിശ്വസിക്കാം.



www.malankaralibrary.com

# ബഥനിയിലെ ശരശയ്യ

**ഫാ. ജോസ് മരിയദാസ് ഒ.ഐ.സി.**

മഹാഭാരത വായനയിൽ ഒട്ടുംതന്നെ മനസ്സിലാക്കാൻ പറ്റാത്ത രണ്ട് കഥാപാത്രങ്ങളാണ് ഭീഷ്മരും കർണ്ണനും. ബ.ഗബ്രിയേൽ പൊസേന്തിയച്ചനെ ഓർക്കുമ്പോൾ ഇതിൽ ഭീഷ്മരാണ് എന്നും മനസ്സിൽ വരിക. സ്വന്തം പിതാവിനുവേണ്ടി ആജീവാനാന്തം അവിവാഹിതനായിക്കഴിയാം എന്ന ഭീഷ്മപ്രതിജ്ഞയാണ് ദേവവ്രതൻ എന്ന രാജകുമാരൻ ഭീഷ്മർ എന്ന പേരിൽ അറിയപ്പെടാനിടയായത്. അങ്ങനെ 'ഇച്ഛാമൃത്യു' എന്ന വരം നേടാൻ അദ്ദേഹത്തിന് ഇടയായി (മ.ഭാ.ആദിപർവ്വം, 100-ാം അദ്ധ്യായം). വലിയ ധർമ്മിഷ്ടനായിരുന്ന ഈ രാജാവ് എങ്ങനെ കൗരവപക്ഷത്തുനിന്ന് യുദ്ധം ചെയ്യാനിടവന്നു എന്ന് ചിന്തിച്ചാലുത്തരമുണ്ടോ? മഹാഭാരതയുദ്ധത്തിൽ തേർത്തട്ടിൽനിന്ന് അർജ്ജുനന്റെ ശരമാരിയേറ്റ് വീഴുന്നു. ശരജാലം ശരീരം മുഴുവൻ നിറഞ്ഞുനിന്നതിനാൽ നിലംതൊടാതെ 'ശരശയ്യ'യിൽ വീണു കിടന്നു. ദക്ഷിണായന കാലമായതിനാൽ ദേഹോത്സർഗ്ഗത്തിന് പറ്റിയ കാലമല്ലായിരുന്നു. അതിനാൽ ഉത്തരായനകാലംവരെ ശരശയ്യയിൽ കിടക്കാൻ തീരുമാനിച്ചു. സ്വച്ഛന്ദമൃത്യുവാകാനുള്ള വരം അങ്ങനെ അദ്ദേഹം ഉപയോഗിച്ചു.

ഈ കഥയോർക്കുവാനുള്ള കാരണം, ഏതാണ്ടിതുപോലെ ഒരു 'ശരശയ്യ'യായിരുന്നു ബ.ഗബ്രിയേൽ പൊസേന്തിയച്ചന്റെ ജീവിതവും.

ഭീഷ്മർ ശരശയ്യയിൽ കിടന്ന് എല്ലാവർക്കും പ്രത്യേകിച്ച് യുധിഷ്ഠരന് (ധർമ്മപുത്രർ) ധർമ്മോപദേശം കൊടുത്തതുപോലെ (മ.ഭാ.ശാന്തിപർവ്വം, 56-179 വരെയുള്ള അദ്ധ്യായങ്ങൾ) പൊസേന്തിയച്ചനും സ്വന്തം ശരശയ്യയിൽ കിടന്ന് എത്രയോ പേർക്ക് ധർമ്മോപദേശം കൊടുത്തു. അദ്ദേഹത്തിന്റെ വാക്കുകളേക്കാൾ, കഠിനമായ സഹനത്തിനിടയിലും ഉറക്കെയുള്ള ചിരിയും, പ്രസന്നമായ മുഖവും ആയിരുന്നു അദ്ദേഹത്തിന്റെ ഏറ്റവും വലിയ ധർമ്മോപദേശം. സഹനങ്ങളെ എങ്ങനെ നേരിടണം എന്ന പാഠം ആയിരുന്നു ആ ജീവിതം.

അച്ചൻ അവസാനമെഴുതിക്കൊണ്ടിരുന്ന പുസ്തകത്തിന്റെ പേരും 'കിടക്ക' എന്നായിരുന്നുവല്ലോ. ആ കിടക്ക അദ്ദേഹത്തിന്റെ ശരശയ്യയും, കിടപ്പ് ശരശയനവും ആയിരുന്നു.

1985-ൽ എന്റെ റീജൻസിക്കാലത്താണ് ഞാൻ അച്ചനെ അടുത്ത് പരിചയപ്പെടുന്നത്. പിന്നീടത് നാല് പതിറ്റാണ്ട് നീണ്ടുനിന്ന വലിയ ഒരു ആത്മസൗഹൃദത്തിന് ഇടയായി. പരിചയപ്പെട്ടധികം കഴിയുന്നതിനുമുമ്പ് അദ്ദേഹം ശയ്യാവലംബിയാവുകയും ചെയ്തു. പിന്നീട് ഞാൻ മലങ്കര മേജർ സെമിനാരിയിൽ അദ്ധ്യാപകനായി ജോലി ചെയ്ത പത്തുവർഷം ഈ സൗഹൃദം കൂടുതൽ ഊട്ടിയുറപ്പിക്കപ്പെട്ടു. മിക്കവാറും എല്ലാ ആഴ്ചകളിലും ഞാൻ അച്ചനെ സന്ദർശിക്കുവാൻ പ്രകൃതി ചികിത്സാ കേന്ദ്രത്തിൽ എത്തുമായിരുന്നു. ആ കൂടിക്കാഴ്ചയിലെ ചർച്ചകളിൽ സംഗീതം, നാടകം, സാഹിത്യം തുടങ്ങിയവയെല്ലാം കടന്നു വരുമായിരുന്നു. എങ്കിലും സ്വകീയമായ അനുഭവങ്ങളുടെ ഹൃദയം തുറന്നുള്ള പങ്കുവയ്പുകളാണ് ഇന്നും ഓർമ്മകളിൽ പച്ചപിടിച്ച് നിൽക്കുന്നത്. 'സുകൃതമീ സഹനം' എന്ന അച്ചന്റെ ചെറുഗ്രന്ഥത്തിനും ഈ ആത്മഭാഷണങ്ങൾ ഇടയാക്കി എന്നത് സന്തോഷത്തോടെ ഓർക്കുന്നു.

www.malankaralibrary.com

അച്ചനോടൊത്തുള്ള അനുഭവങ്ങളിൽ എനിക്കേറ്റവും സന്തോഷമുള്ളതും, ഓർമ്മയിൽ കാത്തുസൂക്ഷിക്കുന്നതും ചിലപ്പോൾ അച്ചനെയുംകൂട്ടി ശംഖുമുഖം ബീച്ചിൽ പോയിരുന്ന അനുഭവങ്ങളാണ്.

റോമിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ, 1996-ൽ ഞാൻ അവധിക്ക് വന്നപ്പോൾ അച്ചനെ പോയിക്കണ്ടു. ആ ഒറ്റമുറിയിൽ ജീവിതം കഴിച്ചുകൂട്ടുന്നതിന്റെ വിരസതയെക്കുറിച്ച് അച്ചൻ പറഞ്ഞപ്പോൾ ഞാൻ ഒരു കാറിൽ അച്ചനെ ശംഖുമുഖത്ത് കൊണ്ടുപോയി കുറേസമയം ചിലവഴിച്ചു. പിന്നീട് ഞാൻ മലങ്കര സെമിനാരിയിൽ ആയിരുന്നപ്പോൾ പലതവണ ശംഖുമുഖം ബീച്ചിൽ അച്ചനെയുംകൊണ്ട് പിന്നീട് പോയിട്ടുണ്ട്.

അന്ന് ഇന്നത്തെ ശംഖുമുഖമല്ല. ഇന്നത് കടൽ പൂർണ്ണമായും കവർന്നെടുത്തു. അന്നത് വളരെ വിശാലമായ ബീച്ചായിരുന്നു. പൊസേന്തിയച്ചന് സൂര്യാസ്തമനം കാണുന്നത് വലിയ ഇഷ്ടമായിരുന്നു. അത് നോക്കി നിശബ്ദനായി ഇരിക്കും. സൂര്യൻ അസ്തമിച്ചു കഴിഞ്ഞാൽ 'ഇനിയും പോകാമെടോ' എന്ന് പറയും. ആ മടക്കയാത്രയിൽ പൊതുവെ മൗനമായിരിക്കും. പുറത്തുനിന്ന് ഭക്ഷണം കഴിക്കുന്നത് ഇഷ്ടമല്ലായിരുന്നു. ഒരു 'വനിലാ ഐസ്ക്രീം' വേണമെന്ന് പറയും. അത് കാറിലിരുന്ന് നിശബ്ദമായി ആസ്വദിക്കും. പിന്നെ വീണ്ടും വന്ന് സ്വന്തം ശരശയ്യയിലേക്ക്... ഉത്തരായനം കാത്ത്...

പൊസ്സേന്തി അച്ചൻ പുറത്ത് പരിപാടികളിൽ സംബന്ധിക്കുവാൻ പോകില്ലായിരുന്നു. എങ്കിലും രണ്ടു പ്രാവശ്യം 'സെമിനാരിഡേ'യ്ക്ക്, എന്റെ നാടകങ്ങൾ കാണുവാൻ വന്നിട്ടുണ്ട്.

പലരും പൊസേന്തി അച്ചന്റെ സഹനജീവിതത്തെപ്പറ്റി പറയുന്നത് കേട്ടിട്ടുണ്ട്. പരിശുദ്ധാത്മാവിന്റെ പ്രത്യേക കൃപയാൽ സഹനങ്ങളെ അതിജീവിച്ചു എന്നൊക്കെ... പക്ഷെ അതിനേക്കാൾ കൂടുതലായി അച്ചനിൽ ഞാൻ കണ്ടത് ക്ഷമയോടെ വേദനയുടെ കാസായിലെ അവസാന തുള്ളിവരെ കുടിച്ചിറക്കിയ ഒരു സഹനപുത്രനായിട്ടാണ്. ഒന്ന്, രണ്ട് അനുഭവങ്ങൾ പങ്കുവയ്ക്കാം.

ഒരു വൈകുന്നേരം ഞാൻ അച്ചന്റെ മുറിയിൽ ചെന്നപ്പോൾ മുറിയിൽ ലൈറ്റിട്ടിട്ടില്ല. ലൈറ്റിടുവാൻ തുടങ്ങിയപ്പോൾ എന്നെ വിലക്കി. ഞാൻ നോക്കിയപ്പോൾ അച്ചൻ കരയുകയാണ്. അസഹനീയമായ വേദന. താൻ കരയുന്നത് മറ്റാരെങ്കിലും കാണുന്നത് അച്ചന് ഇഷ്ടമായിരുന്നില്ല.

ഞാൻ അച്ചന്റെ കിടക്കയിൽത്തന്നെ ഇരുന്നു. അല്പം കഴിഞ്ഞ് അച്ചൻ എന്നോട് ചോദിച്ചു: "ഞാനിത്രയും നാൾ നിന്റെ ഹിതം നിറവേറട്ടെയെന്ന് ദൈവത്തോട് പ്രാർത്ഥിച്ചു. എന്നാൽ ഒരൊറ്റദിവസമെങ്കിലും ദൈവത്തിന് എന്റെ ഹിതം നിറവേറണം എന്ന് തോന്നാത്തത് എന്താണ്?"

അച്ചന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. പിടിച്ചുനിൽക്കാൻ എനിക്കും ആകാഞ്ഞതുകൊണ്ട് ഞാൻ പെട്ടെന്ന് മുറി വിട്ടിറങ്ങിപ്പോന്നു. എങ്കിലും തൊട്ടടുത്ത ദിവസം ഞാൻ വീണ്ടും എത്തി. എന്നാൽ എന്റെ പ്രതീക്ഷയ്ക്ക് വിരുദ്ധമായി ഞാൻ കണ്ടത് ഉറക്കെ പൊട്ടിച്ചിരിക്കുന്ന പ്രസന്നവദനനായ പൊസേന്തി അച്ചനെയാണ്. "എങ്ങനെയുണ്ടച്ചാ," ഞാൻ ചോദിച്ചു. "ങ്ഹാ! ഉള്ളതുകൊണ്ട് നോക്കുന്നടാ!" ഉറക്കെ ചിരിച്ചുകൊണ്ട് അച്ചൻ പഴയ പൊസേന്തിയച്ചനായി. എങ്കിലും എനിക്ക് കാര്യം മനസ്സിലായി. തലേദിവസം ഞാൻ കണ്ടത് പൊസേന്തിയച്ചന്റെ

www.malankaralibrary.com

യഥാർത്ഥ, പൊള്ളുന്ന സഹനജീവിതത്തിലേക്കുള്ള കിളിവാതിൽക്കാഴ്ചയാണ്. അച്ചൻ മരിക്കുന്നതിന് ഏതാനും ആഴ്ചകൾക്കുമുമ്പ് (ഫെബ്രു.8,14) നവജീവൻ പ്രോവിൻസിന്റെ ആഘോഷങ്ങളുമായി ബന്ധപ്പെട്ട് ക്ലാസുകൾ എടുക്കാൻ വന്നപ്പോൾ അച്ചനെ കാണുവാൻ രണ്ടു പ്രാവശ്യം സാധിച്ചു. പിന്നീട് സി.എം.ഐ. അച്ചന്മാരുടെ തിരുവനന്തപുരം പ്രോവിൻസിൽ ധ്യാനിപ്പിക്കാൻ വന്നപ്പോഴും (മാർച്ച് 30) കാണാൻ സാധിച്ചു. കാൻസർ രോഗം അച്ചന്റെ പീഡകളെ വർദ്ധിപ്പിച്ച കാലം. ഈ മൂന്നവസരങ്ങളിലും പൊസേന്തി അച്ചൻ എന്ന പച്ചമനുഷ്യന്റെ സഹനയുദ്ധം അടുത്ത് നിന്ന് കാണുകയും അനുഭവങ്ങളുടെ ദീർഘമായ പങ്കുവയ്ക്കലുകൾ കേൾക്കുകയും ചെയ്തു. അത്ഭുതകരമായ അതിജീവനകഥയല്ല. മറിച്ച്, സഹനത്തിന്റെ കയ്പുനീർ പാനം ചെയ്ത് അഗ്നിസ്ഫുടം വരുന്ന ഒരു പച്ചമനുഷ്യന്റെ പങ്കുവയ്ക്കലുകളാണ് ഞാൻ കേട്ടത്.

അതുകൊണ്ട് തന്റെ സഹനങ്ങളുടെ പേരിൽ സിദ്ധനാകാനൊന്നും അച്ചൻ ഒരുമ്പെട്ടില്ല. അച്ചൻ പങ്കുവച്ച ഒരു കാര്യമിവിടെ കുറിക്കുന്നത് അനുചിതമാണോ എന്നെനിക്കറിയില്ല. ഒരിക്കൽ തന്റെ തലയിൽ കൈവച്ച് പ്രാർത്ഥിക്കുവാൻ ഒരു സിസ്റ്റർ അച്ചനോട് അഭ്യർത്ഥിച്ചു. പ്രാർത്ഥിച്ചു കഴിഞ്ഞപ്പോൾ ആ സിസ്റ്റർ ചോദിച്ചു, "എന്റെ തലയിൽ കൈവച്ച് പ്രാർത്ഥിച്ചപ്പോൾ അച്ചന് എന്തെങ്കിലും ദർശനം ലഭിച്ചോ?" അച്ചൻ പറഞ്ഞു, "ഇല്ല സിസ്റ്റർ, എനിക്കൊരു ദർശനവും ലഭിച്ചില്ല." ഇന്ന് ദർശനവരക്കാരും സിദ്ധന്മാരും ആത്മീയമണ്ഡലമാകെ കളമടക്കി വാഴുമ്പോൾ അച്ചനും വലിയ 'സാദ്ധ്യതകൾ' ഒക്കെ ഉണ്ടായിരുന്നു. എങ്കിലും ഒരിക്കൽപോലും സ്വന്തം മനഃസാക്ഷിക്ക് വിരുദ്ധമായി അങ്ങനെയുള്ള ആത്മീയ മുതലെടുപ്പുകൾ നടത്തുവാൻ, അദ്ദേഹത്തിന് എളുപ്പത്തിൽ സാദ്ധ്യമായിരുന്നിട്ടുകൂടി, ഒരുമ്പെട്ടില്ല. സ്വന്തം ജീവിതത്തെ അതായിരിക്കും പടി എല്ലാവരുടെയും മുന്നിൽ ലളിതമായി അതിഭാവുകത്വങ്ങൾ ഒന്നുമില്ലാതെ ജീവിച്ചുതീർത്തു. നാല് പതിറ്റാണ്ടുകൾ നീണ്ട അസാധാരണമായ സഹനജീവിതം സാധാരണത്വത്തിന്റെ അങ്കി ധരിപ്പിച്ച് തന്റെ ശരശയ്യയിൽ കിടത്തിയപ്പോഴും, അസാധാരണമായ ഒരു സ്നേഹവ്യക്തിത്വത്തിന്റെ ഉടമയായിരുന്നു നമ്മുടെ പൊസേന്തിയച്ചൻ.

തന്റെ സഹനജീവിതത്തിന്റെ പ്രത്യേകതകൾവച്ച് ആത്മീയ മുതലെടുപ്പുകൾ നടത്താതെ സാധാരണത്വത്തിന്റെ ലാളിത്യം ആ സഹനജീവിതത്തിൽ കാത്തുസൂക്ഷിച്ച വ്യക്തി എന്ന നിലയിലാണ് എന്റെ ആത്മസുഹൃത്തിനെ ഞാനെന്നും ഹൃദയത്തിൽ സൂക്ഷിക്കുക.

പ്രിയ സുഹൃത്തെ, സഹനങ്ങളില്ലാത്ത ലോകത്തിലെ നിത്യശാന്തിയിലേക്ക് പോവുക.



www.malankaralibrary.com

# ഓർമ്മയിലൂടെ... പൊസേന്തി അച്ചൻ

**ഫാ. ആന്റണി കല്ലിൽ ഒ.ഐ.സി.**

ബഹുമാനപ്പെട്ട ഗബ്രിയേൽ പൊസേന്തി അച്ചൻ, തിരുവല്ല അതിഭദ്രാസനത്തിൽ കോട്ടൂർ എന്ന സ്ഥലത്ത് താന്നിക്കാക്കുഴിയിൽ ശ്രീമാൻ ഫിലിപ്പോസ്-ശ്രീമതി മറിയാമ്മ ഫിലിപ്പോസിന്റെയും 9 മക്കളിൽ നാലാമത്തെ മകനായി 1945 മേയ് മാസം 2-ാം തീയതി ജനിച്ചു. വർഗീസ് എന്ന മാമോദീസാ നാമം സ്വീകരിച്ച അച്ചൻ തന്റെ പ്രാഥമിക വിദ്യാഭ്യാസം കോട്ടൂർ ചെറുപുഷ്പ വിലാസം എൽ.പി.സ്കൂളിലും, എൻ.എസ്.എസ്. സ്കൂളിലും, കവിയൂർ കറ്റാനം പോപ്പ് പയസ്സ് സ്കൂളിലും നടത്തി. പത്താംക്ലാസിൽ പഠിക്കുന്ന സമയത്ത് അപ്പസ്തോലിക് സ്റ്റുഡന്റ് ആയി കറ്റാനം ബഥനി ആശ്രമത്തിൽ താമസിക്കുകയും ചെയ്തു.

സന്ന്യാസ ജീവിതത്തോട് ഇഷ്ടം തോന്നിയ വർഗീസ്, 1960-ൽ നാലാഞ്ചിറ ആശ്രമത്തിൽ അർത്ഥിയായി ചേർന്നു. 1964 ജൂൺമാസം 22-ാം തീയതി നാലാഞ്ചിറ ആശ്രമത്തിൽവച്ച് ആദ്യവ്രതവാഗ്ദാനം നടത്തി. തുടർന്ന് തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിക്കുന്നതിനായി പൂന ജ്ഞാനദീപ വിദ്യാപീഠസെമിനാരിയിലേക്ക് പോവുകയും, പൂനെയിലെ ബഥനി ആശ്രമത്തിൽ താമസിക്കുകയും ചെയ്തു. പൂന ബഥനി ആശ്രമ അന്തരീക്ഷത്തിലൂടെ ആത്മികവും ഭൗതികവുമായ തലങ്ങളിൽ കൂടുതൽ വളർച്ചയുണ്ടാക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. 1970 ഏപ്രിൽ മാസം 18-ാം തീയതി അദ്ദേഹം തന്റെ നിത്യവ്രത വാഗ്ദാനം നടത്തുകയുണ്ടായി. 1972 സെപ്റ്റംബർ മാസം 21-ാം തീയതി അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ തൃക്കരങ്ങളാൽ ചെങ്ങന്നൂർ ദേവാലയത്തിൽവച്ച് വൈദിക പട്ടം സ്വീകരിച്ചു. ദൈവവിളികൾകൊണ്ട് അനുഗ്രഹിക്കപ്പെട്ട കുടുംബം ആയിരുന്നു താന്നിക്കാക്കുഴി കുടുംബം. ബഹു. ഫിലിപ്പ് നേരി ഒ.ഐ.സി അച്ചൻ സഹോദരനാണ്. ബഹു.സി.പ്രീതി എസ്.ഐ.സി., സി.മേരി വിദ്യ എന്നിവർ ബഹുമാനപ്പെട്ട അച്ചന്റെ സഹോദരിമാരാണ്. പൊസേന്തി അച്ചൻ വൈദികനായതിനുശേഷം 1967 കാലഘട്ടത്തിൽ താന്നിക്കാക്കുഴി കുടുംബം തിരുവല്ലയിൽനിന്ന് മലബാറിലെ ചെമ്പൻതൊട്ടി എന്ന സ്ഥലത്തേക്ക് താമസം മാറുകയുണ്ടായി. ബഹു.പൊസേന്തി അച്ചൻ തന്റെ വൈദിക ശുശ്രൂഷ ആരംഭിച്ചു.

കലാ-സാഹിത്യ മേഖലകളിൽ താല്പര്യമുള്ളതിനാൽ ബോംബെ സെന്റ് സേവ്യേഴ്സ് കോളേജിൽ നിന്നും മാധ്യമ പഠനത്തിൽ ബിരുദം സമ്പാദിക്കുകയും, തന്റെ മികവ് തെളിയിക്കുകയും ചെയ്തു. ഒരു നല്ല ഗ്രന്ഥകർത്താവ് എന്ന നിലയിൽ അദ്ദേഹം രചിച്ച 'സുകൃതമീസഹനം, ഫിനിക്സ് പക്ഷി' തുടങ്ങിയ ഗ്രന്ഥങ്ങൾ ധാരാളം ആളുകളുടെ ജീവിതത്തിൽ പ്രതീക്ഷ നൽകുന്നവയായിരുന്നു. ഗാനരചയിതാവ്, നാടകകൃത്ത് എന്നീ നിലകളിലും അദ്ദേഹം തന്റെ മികവ് തെളിയിച്ചിരുന്നു. തിരുവല്ല ദയറ ആശ്രമം, ബോംബെ, ആലുവ, മീനങ്ങാടി തുടങ്ങിയ ആശ്രമങ്ങളുടെ അധ്യക്ഷനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1985-ൽ മീനങ്ങാടി ആശ്രമത്തിൽ അധ്യക്ഷനായി ഏതാനും ദേവാലയങ്ങളുടെ വികാരിയായും സേവനം നടത്തി.

1985 മാർച്ച് മാസത്തിൽ ഓശാനയുടെ തലേ ശനിയാഴ്ച നടന്ന ഒരു ബസ് അപകടത്തിൽ ബഹുമാനപ്പെട്ട അച്ചന് ഗുരുതരമായി പരിക്കേൽക്കുകയും, എഴുന്നേറ്റ് നടക്കാൻ കഴിയാത്ത

www.malankaralibrary.com

വിധം നട്ടെല്ലിന് ക്ഷതം ഏൽക്കുകയുമുണ്ടായി. തുടർന്ന് അച്ചന്റെ ജീവിതം 40 വർഷക്കാലം നാല് ചുവരുകൾക്കുള്ളിൽ ആയിരുന്നു. സഹനജീവിതം അദ്ദേഹം ബലിയാക്കി മാറ്റി. അച്ചന്റെ സഹനത്തെ പറ്റിയുള്ള വാക്കുകൾ ഇപ്രകാരമാണ്: "തമ്പുരാൻ എനിക്ക് സഹനവും ബുദ്ധിമുട്ടുകളും നൽകുകയാണ്. എന്നാൽ ഞാൻ മടുത്തു പോവുകയില്ല എത്ര ബുദ്ധിമുട്ടുകൾ ഉണ്ടായാലും ഞാൻ ക്ഷീണിക്കില്ല. എത്ര തന്നാലും ഞാൻ സ്വീകരിച്ചുകൊണ്ടിരിക്കും അവസാനം തമ്പുരാൻ മടുക്കുന്നത് വരെ..."

'സുകൃതമീ സഹനം' എന്ന ഗ്രന്ഥം പോലെ അദ്ദേഹത്തിന്റെ ജീവിതത്തിലൂടെ ധാരാളം ആളുകൾക്ക് അർത്ഥം കാണിച്ചുകൊടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. കഴിഞ്ഞ നാലു മാസക്കാലമായി അദ്ദേഹം 'കാൻസർ' എന്ന രോഗത്താൽ സഹനത്തിന്റെ തീവ്രമായ അനുഭവങ്ങളിലൂടെ കടന്നുപോയി. പ്രിയപ്പെട്ട അച്ചന്റെ ജീവിതത്തിലെ സഹനജീവിതം ദൈവസ്നേഹത്തിന്റെ, ദൈവിക പദ്ധതിയുടെ ഭാഗമായി മാത്രമേ കാണുവാൻ നമുക്ക് കഴിയുകയുള്ളു. 1985-ൽ ഉണ്ടായ അപകടവും, അദ്ദേഹത്തിന്റെ മരണവും പീഡാനുഭവ വാരത്തിൽ ആയിരുന്നു. 40 വർഷങ്ങൾക്കുമുമ്പ് ഉണ്ടായ അപകടം ഓശാനയുടെ തലേ ശനിയാഴ്ച ആയിരുന്നു. മരണം പീഡാനുഭവ വാരത്തിലെ പെസഹായുടെ തലേ ബുധനാഴ്ചയും.

ദൈവം തന്റെ സ്നേഹം പലതരത്തിൽ മനുഷ്യർക്ക് പ്രകടമാക്കുന്നു. സഹനത്തിൽനിന്ന് ഓടി അകലാൻ ശ്രമിക്കുന്നവർക്ക് ബഹു.പൊസേന്തി അച്ചൻ ഒരു വലിയ തിരിച്ചറിവ് നൽകുകയാണ്. നിശബ്ദമായ സഹനം അനേകരുടെ വിശുദ്ധീകരണത്തിന് കാരണമായി. ജീവിത സാഹചര്യങ്ങളിൽ തകർന്നുപോയവരും, നിരാശയിൽ ആണ്ടുപോയവരും പ്രിയപ്പെട്ട അച്ചന്റെ ജീവിതംകണ്ട് പ്രതീക്ഷയോടെ ജീവതത്തിലേക്ക് തിരികെ വന്നു. അച്ചന്റെ സഹനജീവിതം സഭയ്ക്കും, ബഥനി സന്ന്യാസ സമൂഹത്തിനും വലിയ വിശുദ്ധീകരണം ആയിരുന്നു. ദൈവത്തിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല. ഏവരെയും സ്നേഹിക്കുവാൻ ആഹ്വാനം നൽകിയ ബഹു.ഗബ്രിയേൽ പൊസേന്തി അച്ചന്റെ ആഗ്രഹപ്രകാരം മാർച്ച് 1-ാം തീയതി തൈലാഭിഷേകം സ്വീകരിച്ചു. 2025 ഏപ്രിൽ 16-ാം തീയതി ബുധനാഴ്ച രാവിലെ 7.30ന് ദുഃഖമോ, നെടുവീർപ്പോ ഇല്ലാത്ത ദൈവരാജ്യത്തിലേക്ക് നിത്യമായ വിശ്രമത്തിനായി യാത്രയായി. അച്ചന്റെ ജീവിതമാതൃക നമുക്ക് സ്വീകരിക്കാം, അച്ചന്റെ ഓർമ്മകൾ നാം ഓരോരുത്തരുടെയും ജീവിതത്തിൽ നിലനിൽക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഈ സന്ന്യാസ ശ്രേഷ്ഠനെ നമുക്ക് സമാധാനത്തോടെ യാത്രയാക്കാം.

'വന്ദ്യ പുരോഹിതാ, സമാധാനത്തോടെ പോവുക...'



www.malankaralibrary.com

# ആഘോഷിക്കപ്പെട്ട സമർപ്പണം

**ഫാ. വർഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി.**

പ്രിയപ്പെട്ട ഗബ്രിയേൽ പൊസേന്തി അച്ചനെ ഓർക്കുമ്പോൾ എന്റെ മനസ്സിൽ ആദ്യമേ കടന്നുവന്ന ഒരു സത്യമാണിത്. സത്യമായും അച്ചന്റെ ജീവിതം ആഘോഷിക്കപ്പെട്ട ആത്മസമർപ്പണം ആയിരുന്നു. തന്റെ അപകടത്തോടൊപ്പം ഈ ആഘോഷം ആരംഭിക്കുകയും മരണത്തോടുകൂടി ഭൂമിയിൽ പൂർണമാവുകയും ചെയ്തു. അപകടം ഈ ആഘോഷത്തിന് നിമിത്തമായി എന്ന് പറയുന്നത് ശരി അല്ലെങ്കിലും അതുതന്നെയാണ് സത്യം. ഓർമ്മ ശരിയാണെങ്കിൽ പ്രിയപ്പെട്ട അച്ചനുമായുള്ള സംസർഗ്ഗം പൂനെ ആശ്രമത്തിന്റെ ജൂബിലിയോട് അനുബന്ധിച്ച് ക്രമീകരിച്ച നാടക അവതരണത്തിൽ തുടങ്ങുന്നു. അന്നുമുതൽ മരണത്തിന് രണ്ടുമാസം മുമ്പുവരെ ആ ബന്ധം സജീവമായിരുന്നു. പ്രോവിൻസ് വിഭജനത്തിനുശേഷം നമ്മുടെ നാലാഞ്ചിറ ആശ്രമത്തിലോ തിരുവനന്തപുരത്തോ നടത്തപ്പെട്ട വിവിധ പരിപാടികളിൽ പങ്കെടുക്കാൻ നാലാഞ്ചിറ സന്ദർശിക്കുന്ന എല്ലാ അവസരത്തിലും ഞാൻ അച്ചനെ പോയി കണ്ട് അന്വേഷണവും സൗഹൃദവും പുതുക്കിയിട്ടുണ്ട്. പ്രിയപ്പെട്ട അച്ചനുമായുള്ള ബന്ധത്തിൽ എനിക്ക് മനസ്സിലായ ചില കാര്യങ്ങൾ മാത്രം ഇവിടെ ഓർമ്മിച്ചെടുക്കട്ടെ.

**1. ബഥനിയുടെ മഹത്വം**

നമ്മുടെ പൊസേന്തി അച്ചനെ അനുസ്മരിക്കുമ്പോൾ ഞാൻ ആദ്യമേ സ്മരിക്കുക നമ്മുടെ സമൂഹത്തെയാണ്. നമ്മെപറ്റി സഭയോ, പൊതുസമൂഹമോ, അല്ല സമൂഹത്തിൽ തന്നെയുള്ളവരോ പ്രത്യക്ഷമായോ പരോക്ഷമായോ എന്ത് പറഞ്ഞാലും നാം ഉൾക്കൊണ്ടുനിൽക്കുന്ന ബഥനി ഭാഗ്യവതിയാണ്. അപകടാനന്തരമുള്ള അച്ചന്റെ ജീവിതം, ബഥനി അച്ചനെ പരിപാലിച്ച രീതികൾ, നൽകിയ ശാരീരിക മാനസിക ശുശ്രൂഷകൾ അച്ചന്റെ ആവശ്യങ്ങളിലുള്ള സഹായ സഹകരണങ്ങളൊക്കെ ആദ്യകാലം മുതൽ മരണനിമിഷം വരെ പഠിച്ചാൽ ബഥാന്യൻ സംസ്കാരത്തിന്റെ, ബഥാന്യൻ ആത്മീയതയുടെ, ബഥാന്യൻ സമഗ്രമായ ആത്മീയ ദർശനങ്ങളുടെയും അവ പരിപാലിക്കാനുള്ള നിതാന്ത ജാഗ്രതയുടേയും പാഠങ്ങൾ അനന്യസാധാരണം തന്നെ. സ്വന്തം മാതാപിതാക്കന്മാരെ, സഹോദരിസഹോദരന്മാരെ, ബന്ധുജനങ്ങളെ, നാട്ടിലുള്ളവരെ, കൂട്ടായ്മയിലുള്ളവരെയൊക്കെ ആതുരാലയങ്ങളിലും, അനാഥശാലകളിലും, പാലിയേറ്റീവ് കെയർ സെന്ററുകളിലും തള്ളിവിട്ട് സുഖമായി സ്വന്തം ജീവിതം സുന്ദരമാക്കാൻ ശ്രമിക്കുന്ന ഒരു കാലഘട്ടത്തിൽ, ആരെയും നോക്കാതെ, ആരെയും മാനിക്കാതെ സ്വന്തം കാര്യത്തിൽമാത്രം ശ്രദ്ധവച്ച് ജീവിച്ച് ജീവിതം നയിക്കുന്നവരുടെ സംഖ്യ അതിദാരുണമായി വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടത്തിൽ ഏതാണ്ട് 40 വർഷങ്ങൾ ഒരു അംഗത്തെ മാന്യമായ രീതിയിൽ കാരുണ്യപൂർവ്വം പരിരക്ഷിച്ച ബഥനി ധന്യയല്ലേ? സ്വന്തം സഹോദരൻ സമൂഹാംഗം ആയതുകൊണ്ടല്ല. ബഥാന്യൻ കരുതലിന്റെ, കരുണയുടെ വളരെ വിരളമായി ലോകത്തിൽ ദർശിക്കാൻ കഴിയുന്ന അവസ്ഥകൾ നോക്കാതെ കൂടെ നിറുത്തി സ്വന്തം അമ്മ പരിരക്ഷിക്കുന്നതിനെക്കാൾ അതീതമായി പ്രിയപ്പെട്ട അച്ചനെ ബഥനി കഴിഞ്ഞ 40 വർഷത്തിൽ ഏതാണ്ട് ദിനരാത്രങ്ങൾ കണ്ണിലെ കൃഷ്ണമണിപോലെ നോക്കി കരുതിയ ബഥനി, നീ

www.malankaralibrary.com

തന്നെയാണ് ഭാഗ്യവതി. പ്രിയപ്പെട്ട അച്ചനെ ഓർക്കുമ്പോൾ നമ്മുടെ സമൂഹത്തിന്റെ ഈ ഒരു ആത്മസമർപ്പണം ഒന്നുമാത്രം മതി നമ്മെ സന്തോഷത്തോടും നന്ദിയോടും ഇവിടെ വസിക്കുന്നതിന്റെ മഹത്വം ഇതിൽ അധികം എന്നാണ്? ബഥാന്യരായ നാം തന്നെ തങ്ങളിൽ അഭിമാനം കൊള്ളാനും, ഈ സമൂഹത്തിൽ അംഗങ്ങളായി ജീവിക്കാൻ ദൈവം നമ്മെ ക്ഷണിച്ചതിനാലും ആ ക്ഷണം വ്യക്തികളായി സ്വീകരിച്ചതിനാലും നമ്മുടെ സമൂഹത്തിന്റെ ആത്മബലത്തിലും ജീവിതചര്യയിലും അഭിമാനം കൊള്ളാനുള്ള ക്ഷണം അച്ചന്റെ മരണം നമുക്ക് നൽകുന്ന വലിയ പാഠം. ആയതിനാൽ അച്ചന്റെ മരണ അനുസ്മരണം സ്വയം മഹത്വം ഉള്ളവരായി ബഥനിയിൽ ആയുസ് പൂർത്തിയാക്കാനുള്ളതുതന്നെ. കഴിഞ്ഞ 40 വർഷങ്ങളിലുള്ള അച്ചന്റെ ജീവിതത്തിൽ പ്രത്യക്ഷമായോ, പരോക്ഷമായോ, ഉൾച്ചേർന്ന ബഥാന്യർ പ്രത്യേകിച്ച് നേതൃത്വത്തിൽ ഉണ്ടായിരുന്നവരുടെയും, അച്ചനെ നേരിട്ട് ശുശ്രൂഷിച്ചവരുടെയും കരുണയുടെ മുമ്പിൽ, നല്ല മനസ്സിന്റെ മുമ്പിൽ നമുക്ക് ശിരസ്സ് നമിക്കാനുള്ള അവസരം. മറുവശം അച്ചന് നൽകിയ ശുശ്രൂഷയിൽ അസ്വസ്ഥതപ്പെട്ടവരും നമ്മുടെ കൂട്ടത്തിൽ തന്നെയുണ്ട് എന്ന യാഥാർത്ഥ്യവും വിസ്മരിക്കാനുമാവില്ലല്ലോ. ചുരുക്കത്തിൽ ബഥനിയുടെ മഹത്വം ലോകത്തിൽ പ്രഘോഷിക്കാനും, പങ്കുവയ്ക്കാനും, മാതൃകാസാക്ഷ്യം നിലനിർത്താനുമുള്ള വെല്ലുവിളി അച്ചന്റെ മരണം നമ്മെ മാടി വിളിക്കുന്നു.

**2. സമർപ്പണത്തിലെ നിർമ്മലത**

പൊസേന്തി അച്ചന്റെ ആത്മസമർപ്പണം നിർമ്മലതയുള്ളതായിരുന്നു. കാരണം, ക്രിസ്തുവിനുവേണ്ടി ആത്മസമർപ്പണം നടത്തിയ ഒരാൾക്കു മാത്രമേ ക്രിസ്തു നൽകുന്ന കുരിശിലൂടെയുള്ള രക്ഷ സ്വന്തമാക്കാൻ കഴിയുകയുള്ളു. 'കുരിശാണ് രക്ഷ, കുരിശിലാണ് രക്ഷ' എന്ന ബോധ്യത്തിൽ അപകടശേഷം പൂർണ്ണമായി ജീവിക്കുക. ആ ബോധ്യത്തെ മറ്റുള്ളവരുടെ മുമ്പിൽ 'സുവിശേഷത്തിന്റെ സന്തോഷത്തോടെ' പകർന്നു നൽകിയവനാണ് അച്ചൻ. പൂർണമനസ്സോടെ, പൂർണശക്തിയോടെ, പൂർണ വിശ്വാസത്തോടെ തന്നെ വിളിച്ചവനോട് തന്റെ അവസ്ഥയിൽ യാതൊരു പരിഭവവുമില്ലാതെ പൂർണമായി ക്രിസ്തുവിന് സമർപ്പിക്കാത്ത ഒരാൾക്കു നീണ്ട 40 വർഷങ്ങൾ ഇത്രമാത്രം കൃതാർത്ഥയോടെ, സന്തോഷത്തോടെ സഹനത്തിന്റെ, വേദനയുടെ കണ്ണുനീർ പാനം ചെയ്യുവാൻ കഴിയുമോ? അകത്തും പുറത്തും ഉള്ളവർ എന്തുതന്നെ അഭിപ്രായപ്പെട്ടാലും എന്റെ ചിന്തയിൽ അച്ചന്റെ സഹനജീവിതത്തിന്റെ അടിസ്ഥാനശിലയായി, മൂലക്കല്ലായി നിലനിന്നത് ക്രിസ്തുവാകുന്ന പാറമേൽ ഉറപ്പിക്കപ്പെട്ട പ്രിയപ്പെട്ട അച്ചന്റെ ജീവിതം തന്നെയായിരുന്നു. തന്റെ ശാരീരിക മാനസിക വേദനകളിൽ കുരിശിലേക്ക് നോക്കാനും കുരിശ് നൽകിയ 'എല്ലാം പൂർത്തിയായി' എന്ന പ്രത്യാശയിൽ ജീവിതം സമർപ്പിക്കാനും കഴിഞ്ഞു. ഉയർന്ന് നോക്കിയതിന്റെയും ഉന്നതങ്ങളിലേക്ക് ദൃഷ്ടി ഉറപ്പിച്ചതിന്റെയും ജീവിതസാക്ഷ്യം അച്ചൻ നൽകി. നമ്മിലെ മുതിർന്ന തലമുറയും വളർന്നുവരുന്നവർക്കും പൊസേന്തിയച്ചൻ ജീവിതംകൊണ്ടാണ്. പറയാതെ പറഞ്ഞ സത്യം ദൈവത്തെ നോക്കാനും, ദൈവത്തിങ്കലേക്ക് നോക്കാനും ഭൂമിയിലെ ചെറിയ ചെറിയ കാമനകളാൽ നയിക്കപ്പെട്ട് ജീവിതം അവസാനിപ്പിക്കാതെ 'വന്ന കാര്യം' അത് 'അവന്റെ' കാര്യം തന്നെയാണെന്നും സ്വന്തം കാര്യമല്ല എന്നുള്ള തിരിച്ചറിവിലേക്ക് തിരികെ വന്ന് ജീവിതം പൂർത്തിയാക്കാനാണ്. പ്രിയപ്പെട്ട അച്ചൻ തന്റെ വിളിയിലും, സമർപ്പണത്തിലും ക്രിസ്തുവിന്റെ

www.malankaralibrary.com

കരുണയും ക്രിസ്തുവിനെ തന്നെ ജീവിതസാക്ഷ്യവുമായി സ്വീകരിച്ച് ജീവിച്ച് തന്റെ സമർപ്പണം നിർമലമായിരുന്നു എന്ന് ജീവിതംകൊണ്ട് തെളിയിച്ചുതന്നു. ഈ മാതൃക സ്വീകരിച്ചാൽ വിലപിക്കാതെ പ്രത്യാശയോടെ ജീവിച്ച് ജീവിതം പൂർത്തിയാക്കാം എന്ന് സാരം. ശിഷ്യത്വം ഇല്ലാത്ത സമർപ്പണം സംതൃപ്തിയുള്ളതല്ല. ശിഷ്യത്വം പൂർണ്ണമാക്കപ്പെടുക നിർമ്മലമായ ജീവിതംകൊണ്ടു മാത്രം. കർത്താവിനാൽ വശീകരിക്കപ്പെട്ട സമർപ്പണം അതു തന്നെയായിരുന്നു അച്ചന്റെ ബലം.

**3. കണ്ടുമുട്ടുന്നവരുടെ വഴികാട്ടി**

നേർവഴി കാട്ടുന്നവൻ വഴികാട്ടി. തന്നെ കണ്ടുമുട്ടിയവർക്കെല്ലാം അച്ചൻ ഒരു ഉത്തമ വഴികാട്ടിയായിരുന്നു. താൻ അവശനാണെന്നോ, രോഗിയാണെന്നോ, തളർന്ന് കട്ടിലിൽ മാത്രം അഭയം തേടി കഴിയുന്നവനാണെന്നോ, എന്നൊന്നും നോക്കാതെ തന്റെ ജീവിതകാലത്ത് അച്ചൻ ആയിരക്കണക്കിന് ആളുകൾക്ക് ഉത്തമവഴികാട്ടിയായിരുന്നു. 'നേർവഴി' അന്വേഷിച്ച് ധാരാളംപേർ അലഞ്ഞുതിരിഞ്ഞ് അസ്വസ്ഥരായി നടക്കുന്ന ഒരു കാലത്ത് 'ഇതാണ് വഴി' എന്ന് ജീവിതംകൊണ്ട് കാണിച്ചു കൊടുത്ത ഒരു മനോഹരമായ ചരിത്രം അച്ചനുണ്ട്. അത് ആൺ-പെൺ വ്യത്യാസം ഇല്ലാതെ, പണ്ഡിത-പാമര വ്യത്യാസം ഇല്ലാതെ, ജാതി-മത വ്യത്യാസം ഇല്ലാതെ സമൂഹത്തിൽ അറിയപ്പെടുന്നവരും ആദരിക്കപ്പെടുന്നവരുമായി അനേകം ആളുകൾ അച്ചന്റെ കട്ടിലിനരികിൽ വന്നു നേർവഴിയുടെ ഉൾവിളികൾ ഉൾക്കൊണ്ട് കടന്നു പോയിട്ടുണ്ട്. പ്രത്യേകിച്ച്, അച്ചൻ നീണ്ടവർഷങ്ങൾ നമ്മുടെ പ്രകൃതിചികിത്സ കേന്ദ്രത്തിലായിരുന്ന കാലത്ത് വിശ്രമം പോലും ഇല്ലാതെ ആളുകളെ സ്വീകരിക്കുകയും അവർക്ക് ആവശ്യമായ ആത്മീയ ഭൗതിക കാര്യങ്ങൾ പറഞ്ഞുകൊടുത്ത് അവർക്കൊക്കെ ഒരു ഉത്തമ വഴികാട്ടിയായിരുന്നു. അച്ചൻ ഒരു പ്രാവശ്യം തന്റെ അരികിൽ വരുന്നവരെ വീണ്ടും തന്നിലേക്ക് അടുപ്പിക്കുന്ന ഒരു മാസ്മരികശക്തിക്ക് ഉടമയായിരുന്നു. അച്ചൻ തന്നെ കാണാൻ വരുന്നവരെ ഒരു രീതിയിലും കബളിപ്പിക്കുക ഇല്ല എന്ന ബോധ്യം ആളുകൾക്ക് അനുഭവതലത്തിൽ ലഭിച്ചതുകൊണ്ടാണല്ലോ ധാരാളം ആളുകൾ അച്ചന്റെ അരികിൽ വന്നുകൂടിയത്. ആളുകൾക്കു സംശയം നൽകുന്ന യാതൊരു കാര്യത്തിലും അച്ചൻ മുഴുകാറില്ല. അതുകൊണ്ടുതന്നെ തുറന്ന മനസ്സോടെ അച്ചന്റെ അരികിൽ നീണ്ട വർഷങ്ങളിൽ ജനം വന്നുകൂടി എന്നതാണ് വാസ്തവം. ഉള്ളിൽ ഒരു ഉത്തമ വഴികാട്ടിയായിരിക്കുന്നവർക്ക്, വ്യക്തിയിൽ വ്യതിരക്തതയും, സംശയവും ജനിപ്പിക്കാത്ത അവസരങ്ങളിലാണല്ലോ, സാധാരണ ആളുകൾ നമ്മുടെ അരികിൽ വരിക. വരുന്നവർക്ക് ആവശ്യമായ ആത്മീയ വെളിച്ചവും, ഉൾവെളിച്ചവും ബോധ്യങ്ങളും അവ പാലിക്കാനുള്ള വഴികളും കിട്ടിയാൽ നമ്മെയും ഉത്തമ വഴികാട്ടികളായി ജനം സ്വീകരിക്കും എന്നതിന്റെ ഉത്തമസാക്ഷ്യമായിരുന്നു അച്ചന്റെ ജീവിതം.

**4. ആർത്തരുടെ ആത്മമിത്രം**

പ്രിയപ്പെട്ട അച്ചൻ തന്റെ കട്ടിലിൽ കിടന്നുകൊണ്ട് ആർത്തരായ, സഹായം ആവശ്യമുള്ള ആളുകളെ, പ്രത്യേകിച്ച് സഹായ അപേക്ഷകളുമായി തന്റെ അരികിൽ വരുന്നവരെ ചേർത്തുപിടിക്കാനുള്ള അച്ചന്റെ പ്രവർത്തന രീതിയാണ്. കിടക്കുന്ന കിടക്കയിൽതന്നെ കിടന്നുകൊണ്ട് തന്റെ അരികിൽ വരുന്ന പാവങ്ങൾക്ക്, വീട് ഇല്ലാത്തവർക്ക്, മരുന്നിന് പണം

www.malankaralibrary.com

ഇല്ലാത്തവർക്ക്, വിവാഹസഹായത്തിനായി തന്നെ സമീപിക്കുന്നവർക്ക്, മക്കളുടെ വിദ്യാഭ്യാസത്തിന് സഹായം ആവശ്യമുള്ളവർക്ക്, സ്ഥലം ഇല്ലാത്തവർക്കൊക്കെ അച്ചൻ ഒരു നല്ല സഹായകനായിരുന്നു എന്നത് നമ്മിൽ എത്ര പേർക്കറിയാം. കിട്ടുന്നത് ഒന്നുംതന്നെ തികയാതെ വരികയും കൂടുതൽ ഏതു മാർഗ്ഗത്തിലൂടെ സ്വന്തമാക്കാൻ തത്രപ്പെടുന്നവരുടെ സംഖ്യ കൂടി വരുന്ന ആധുനിക സമർപ്പണ സാഹചര്യത്തിൽ സ്വന്തമായി ഒന്നും ചെയ്യാൻ തന്റെ ശാരീരികസ്ഥിതി തന്നെ അനുവദിക്കാതിരിക്കുന്ന ഒരു സാഹചര്യത്തിൽ അച്ചൻ മുകളിൽ സൂചിപ്പിച്ച ആർത്തരായ, അലംബം ആവശ്യമുള്ള വെറും സാധാരണക്കാരായ മനുഷ്യരെ സഹായിച്ചത് എന്ന് നാം മനസ്സിലാക്കുമ്പോൾ അച്ചന്റെ മനുഷ്യസേവനത്തിന്റെ മുഖം വ്യക്തമായി കാണാൻ കഴിയും. താൻ നിർവഹിച്ചത് തന്റെ സമൂഹത്തിലുള്ളവരിൽനിന്ന്, തനിക്ക് സൗഹൃദമുള്ളവരിൽനിന്ന്, താൻ കണ്ടുമുട്ടിയവരിൽനിന്ന് ഓരോ വ്യക്തികളുടെയും ആവശ്യം മനസിലാക്കി തുക സമാഹരിച്ചു നൽകുന്ന രീതിയായിരുന്നു. അതേ, ക്രിസ്തുവിന്റെ സേവനചൈതന്യം സഭയിൽ, ആശ്രമത്തിൽ തുടർന്നുകൊണ്ട് പോകാൻ സ്ഥലമോ, സാഹചര്യമോ, ആരോഗ്യമോ, സ്ഥാനമാനങ്ങളോ ഒന്നും ആവശ്യമില്ലെന്ന് തന്റെ ശുശ്രൂഷകൾകൊണ്ട് തെളിയിച്ചവനാണ് നമ്മുടെ പൊസേന്തിയച്ചൻ. കിട്ടുന്നതുമുഴുവൻ കൈയിൽ മുറുക്കിപിടിച്ച് പുണ്യം പറയുന്നവർക്ക് ഒരു ഉത്തമ മാതൃക. കൊടുത്താൽ മാത്രമേ കിട്ടുകയുള്ളു എന്ന ക്രിസ്തുസന്ദേശത്തിന്റെ ഉദാത്ത സാക്ഷ്യങ്ങളും 'ആരും അനാഥരല്ല' എല്ലാവരും വേണ്ടപ്പെട്ടവരും വിലയുള്ളവരുമാണ്. അതുകൊണ്ടുതന്നെ അച്ചൻ ആരും ഗണിക്കാത്തവരെ ചേർത്തുപിടിച്ച് ഉന്നതമായ വ്യക്തികളും മനഃസ്വസ്ഥതയും ഉള്ളവരുമാക്കി.

**5. ബന്ധങ്ങൾ കാത്തുസൂക്ഷിച്ചവൻ**

പ്രിയപ്പെട്ട പൊസേന്തി അച്ചനെ ഓർക്കുമ്പോൾ മനസ്സിൽ കടന്നുവരുന്ന മറ്റൊരു ചിന്തയാണിത്. ബന്ധങ്ങൾ ആരംഭിക്കാനും, അത് തുടരാനും മരണംവരെ അത് തന്റെ ജീവിതത്തിൽ മുറിയാതെ തുടരുന്നതിനും അച്ചന് കഴിഞ്ഞിട്ടുണ്ട്. തന്റെ സമൂഹത്തിലുള്ള ബഹുമാനപ്പെട്ട അച്ചന്മാർ, തന്നെ കണ്ടുമുട്ടിയിട്ടുള്ള ഇതര മനുഷ്യരൊക്കെ അച്ചന്റെ സ്നേഹവലയത്തിലെ അംഗങ്ങൾ ആയിരുന്നു. എന്ത് ബുദ്ധിമുട്ട് ഉണ്ടെങ്കിലും താനുമായി ഇടപെടുന്നവരെ ഫോണിലൂടെയും മറ്റ് രീതിയിലുമൊക്കെ സദാ ബന്ധപ്പെടുവാൻ അച്ചന് കഴിഞ്ഞിട്ടുണ്ട്. താനുമായി ബന്ധമുള്ള ആളുകളെ അത് ആശ്രമാംഗങ്ങൾ ആണെങ്കിലും, ഇതര മനുഷ്യരാണെങ്കിലും അവരെ ഒരുപോലെ ഉൾക്കൊള്ളാനും അവരുടെ അനുദിന കാര്യങ്ങൾ അന്വേഷിച്ച് അത് ദുഃഖാനുഭവങ്ങൾ ആണെങ്കിലും അവരെ സമാധാനിപ്പിക്കാനും, സന്തോഷകരമായ വിഷയങ്ങളാണെങ്കിൽ അവരോടൊപ്പം സന്തോഷിക്കാനും, അവരെ അഭിനന്ദിക്കാനുമൊക്കെ അച്ചൻ എടുത്തിട്ടുള്ള കാൽവയ്പുകൾ അനന്യസാധാരണമാണ്. വിശാലഹൃദയം ഉള്ളവർക്ക്, എളിയ ഹൃദയത്തിന് സാക്ഷികളായവർക്ക് സംലഭ്യമാകുന്ന ഒരു നന്മയാണിത്. അച്ചന്റെ ബന്ധങ്ങളിൽ സാധാരണക്കാരും പാവപ്പെട്ടവരും സമൂഹത്തിൽ ഉന്നതശ്രേണിയിൽ വ്യാപരിക്കുന്നവരുമൊക്കെ ഒരുപോലെ ഉണ്ടായിരുന്നു എന്നത് സത്യം. സാമ്പത്തികമായി ഉന്നതനിലവാരത്തിലുള്ള അച്ചനുമായി ബന്ധമുള്ളവരെ അച്ചൻ തന്റെതന്നെ സുഹൃദ്‌വലയിലുള്ള പാവപ്പെട്ടവരെ സഹായിക്കാൻ ഉപയോഗിച്ചു എന്നതും യാഥാർത്ഥ്യം.

www.malankaralibrary.com

എന്നാൽ അവർ പരസ്പരം അറിയാതെ ഒന്നിച്ചുകൂട്ടുന്ന അവസരങ്ങളിൽ എല്ലാവരെയും തുല്യരായി കാണാൻ, എല്ലാവരോടും ഒരുപോലെ സൗഹൃദം പുതുക്കാൻ ഒരു പുഞ്ചിരിയോടെ എല്ലാവരെയും സ്വീകരിക്കാൻ, കേൾക്കാൻ അച്ചൻ കാട്ടിയ മാതൃക തികച്ചും സ്വാഗതാർഹം തന്നെയാണ്. ചുരുക്കത്തിൽ, അച്ചന്റെ കട്ടിലിൽ കിടന്നുകൊണ്ടുള്ള 40 വർഷത്തെ ജീവിതം പരസ്പരം സ്നേഹിക്കാനും സ്വീകരിക്കാനും; പങ്കുവയ്ക്കാനുമുള്ള ഒരു തപസ്യയായിരുന്നു.

**6. പ്രത്യാശയുടെ തമ്പുരാൻ**

മനുഷ്യജീവിതത്തിൽ പ്രത്യാശക്ക് എങ്ങനെ സാക്ഷ്യം വഹിക്കാം എന്ന് അച്ചൻ നമ്മെ പഠിപ്പിച്ചു. പ്രത്യാശയുടെ ജീവിതം നയിച്ചും ജീവിതത്തിൽ ഒരു ചെറിയ പ്രശ്നം ഉണ്ടാകുമ്പോൾ, ചെറിയ ഒരു കാര്യത്തിന് സ്വയം ഒരാൾ വിധേയനാകുമ്പോൾ, അല്ല കൊച്ചുകൊച്ചു നെഗറ്റീവായുള്ള അനുഭവങ്ങൾ വ്യക്തിജീവിതത്തിൽ സംഭവിക്കുമ്പോൾ തികച്ചും നിരാശയായി ജീവിക്കുന്നവരുടെ സംഖ്യ ക്രമാതീതമായി വർദ്ധിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത് എന്ന കാര്യം നാം ഓർക്കണം. ഒരു അപകടത്തെ തുടർന്ന് 40 വർഷം കിടക്കയെ സ്നേഹിച്ച ഒരു വ്യക്തി നമുക്കു നൽകുന്ന പ്രത്യാശയുടെ പാഠം. ഉത്ഥിതനായ ക്രിസ്തുവിന്റെ ജീവിതമാതൃകയിൽ നിന്ന് അച്ചൻ സ്വായത്തമാക്കിയതുതന്നെ. അതിദാരുണമായ വിധത്തിൽ നിരാശ, രോഗമായും മറ്റ് വിധത്തിലും സജീവമായ ഒരു സാഹചര്യത്തിൽ ജീവിതംതന്നെ അവസാനിപ്പിക്കുന്നവർ വർദ്ധിക്കുന്ന ഒരു കാലത്ത് 40 വർഷം സ്വന്തം കിടക്കയിൽ പ്രത്യാശയോടെ ജീവിച്ച് കടന്നുപോയി ഒരു ചെറിയ കാര്യമാണോ? ഇപ്രകാരം പ്രത്യാശയുടെ വാതിൽ തനിക്കായി തന്റെ നാഥൻ തുറക്കും എന്ന വലിയ സത്യം ബോധ്യത്തോടുകൂടി ജീവിച്ച ഒരു സാക്ഷ്യം ആയിരുന്നു പൊസേന്തി അച്ചന്റേത്. ചെറിയ ചെറിയ കാര്യങ്ങളിൽ തപ്പിനടന്ന് തനിക്ക് ഒരു ചെറിയ ആഘാതം അത്, ശാരീരികമായിരുന്നാലും മാനസികമായിരുന്നാലും അനുഭവിച്ചവരിൽ നിരാശരായി, പരിഭവിച്ച്, എല്ലാവരെയും എല്ലാറ്റിനെയും പഴിച്ച് ജീവിതം തള്ളിനീക്കുന്ന ഒരു സാഹചര്യത്തിൽ ഒരാൾക്കും ചിന്തിക്കാൻ കഴിയാത്ത വിധം സ്വന്തം കട്ടിലിനെ അഭയം പ്രാപിച്ച് പ്രത്യാശയോടുകൂടി, സന്തോഷത്തോടുകൂടി, കൃതാർത്ഥതയോടുകൂടി ജീവിതം നയിച്ച് കടന്നുപോയ അച്ചന്റെ സാക്ഷ്യം തികച്ചും ഉന്നതമാണ്. അതെ അച്ചൻ പ്രത്യാശയുടെ തമ്പുരാൻ തന്നെ.

**7. സർഗവാസനയുള്ള കലാകാരൻ**

പൗരോഹിത്യജീവിതത്തിൽ സർഗവാസനകൾക്ക് എത്രമാത്രം പ്രാധാന്യമുണ്ട് എന്നതിന്റെ ഒരു ഉത്തമ ഉദാഹരണം ആയിരുന്ന അച്ചൻ, ഇതര വൈദിക സഹോദരങ്ങളിൽ നിന്ന് ഈ കാര്യത്തിൽ പൊസേന്തി അച്ചൻ, സഭയ്ക്ക്, സമൂഹത്തിന്, സ്ഥായിയായി സംഭാവനകൾ നൽകാൻ കഴിയും എന്ന ഉത്തമ ബോധ്യത്തിന്റെ വെളിച്ചത്തിലാണ് അച്ചനെ ബോസെയിലുള്ള School of Drama-യിൽ പഠിക്കാൻ ആശ്രമാധികാരികൾ നിയോഗിച്ചത്. തന്റെ നിയോഗം ഉന്നതമായ നിലയിൽ പൂർത്തിയാക്കി തിരികെ വന്ന് നമ്മുടെ തിരുവല്ല ആശ്രമത്തിനോട് അനുബന്ധിച്ച് ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അച്ചൻ ഒരു മുന്നേറ്റം തന്നെ നടത്തി. ബഥനി ആശ്രമത്തിന്റെ ചരിത്രത്തിൽ ഇതുപോലെയുള്ള ഒരു മുന്നേറ്റം ഇദംപ്രഥം ആയിരുന്നതിനാലും അതിന് ആശ്രമത്തിന്റെ ഉള്ളിൽനിന്ന് നല്ല ഒരു പ്രതികരണം ലഭിച്ചില്ലാ

www.malankaralibrary.com

എന്നതും ചരിത്രം. പിന്നീട് അച്ചൻ അപകടത്തിൽപ്പെടുകയും അപകടാനന്തരം സമൂഹസ്ഥാപകനുമായി ബന്ധപ്പെടുത്തി നല്ല നാടകങ്ങൾ രചിച്ച് അതിമനോഹരമായി അവതരിപ്പിച്ചു. ഒപ്പം തന്റെ തൂലികയിൽനിന്ന് രൂപംകൊണ്ട ജീവൽഗന്ധിയായ മൂന്ന് പുസ്തകങ്ങൾ, സി.ഡി., കവിതകൾ ഇവയൊക്കെ അച്ചന്റെ തനതായ സർഗവാസന വിളിച്ച് ഓതുന്നതായിരുന്നു. നാടകങ്ങൾ സംവിധാനം ചെയ്ത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അച്ചന്റെ കഴിവ് പ്രത്യേകം പ്രശംസനീയമാണ്. ബോംബെയിൽ പഠിക്കുന്ന കാലത്ത് പൂനാ ആശ്രമത്തിൽ വന്ന് 'ജ്വലനം' എന്ന സി.എൽ. ജോസിന്റെ നാടകം നമ്മുടെ ജെ.ഡി.വി.യിൽ അവതരിപ്പിച്ചത് ഈ അവസരത്തിൽ ഓർക്കുന്നു. ഒപ്പം ഓരോ വർഷവും ജൂലൈ 15 തിരുവനന്തപുരത്ത് അച്ചൻ എഴുതി സംവിധാനം ചെയ്ത ധന്യൻ മാർ ഈവാനിയോസിനെ പറ്റിയുള്ള നാടകങ്ങൾ പ്രശംസ അർഹിക്കുന്നതുതന്നെയാണ്. അതെ അച്ചൻ ഒരു കലാകാരനായിരുന്നു. തന്റെ പരിമിതമായ സാഹചര്യത്തിൽ തന്നാലധികം അച്ചൻ പ്രവർത്തിച്ചിരുന്നു എന്നതും വാസ്തവം. ഈ വിഷയത്തിൽ ബഥനിക്ക് ഉത്തമവഴികാട്ടിയാണ് അച്ചൻ.

അവസാനമായി ബഥാന്യൻ ലാളിത്യത്തിന്റെ ഒരു ഉത്തമ മാതൃക അച്ചന്റെ ജീവിതത്തിൽ നാം കാണുന്നു. സംസാരത്തിലും വസ്ത്രത്തിലും പണം വ്യയം ചെയ്യുന്ന രീതിയിലുമൊക്കെ അച്ചന്റെ ലാളിത്യം സമീപനം വളരെ വ്യക്തമായി ദർശിക്കാൻ കഴിഞ്ഞിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ച ബ.പൊസേന്തി അച്ചനെ പറ്റിയുള്ള ഓർമ്മകൾ അച്ചനുമായുള്ള ബന്ധത്തിൽ വ്യക്തിപരമായി എനിക്ക് വെളിവായതാണ്. ഇതിനെപ്പറ്റി സമൂഹാംഗങ്ങൾക്ക് വ്യത്യസ്തമായ കാഴ്ചപ്പാടും അനുഭവവും ഉണ്ടാകാം. അത് അംഗീകരിക്കുന്നു, ബഹുമാനിക്കുന്നു. പൊസേന്തി അച്ചന്റെ മരണത്തിലൂടെ അച്ചൻ ജീവിതംകൊണ്ട് പറയാതെ പറഞ്ഞുവയ്ക്കുന്ന ജീവിത യാഥാർത്ഥ്യങ്ങൾ ആണിത് എന്ന് ഞാൻ വിശ്വസിക്കുന്നു. അച്ചന്റെ ആത്മാവ് ദൈവകരങ്ങളിൽ സുരക്ഷിതമാണെന്നാണ് എന്റെ ബോധ്യം. പ്രിയപ്പെട്ട അച്ചാ, ജീവിച്ചിരിക്കുന്ന ഞങ്ങൾക്കുവേണ്ടി സ്വർഗസ്ഥനായ പിതാവിനോട് അപേക്ഷിക്കണം. കാരണം അച്ചന്റെ സമർപ്പണം ആഘോഷിക്കപ്പെട്ടതുതന്നെ.



www.malankaralibrary.com

**കവിത**

# നിന്റെ ഓർമ്മയ്ക്കായ്!

**ഫാ. സാമുവേൽ മാത്യു കിടങ്ങിൽ ഒ.ഐ.സി.**

വേദനയുടെ വേദികയിൽ തുഷാരകം പോലെരിഞ്ഞമർന്ന്
കാലധർമ്മത്തെ കീഴടക്കിയ കാലപ്രഭാവമേ...
ആത്മാർപ്പണം നിന്റെ ഭാഷയിലുള്ള പര്യായമല്ലോ!
ജീവിതലയതാളങ്ങളിൽ നിത്യം വേദന വേട്ടയാടിയിരുന്നുവെന്നിട്ടും;

പ്രതീക്ഷ തൻ കൺമഷിച്ചെപ്പിൽ നീ
നിന്റെ വേദനയെ മുത്തായ് ജ്വലിപ്പിച്ചു
വാചാലതയുടെ പടതുടിയിൽ വാക്കുകൾ
നിൻചുണ്ടുകളിൽ അഗ്നിയായ് പടർന്നിരുന്നു.

സൗഹൃദ സരോവരത്തിൽ നീ ഏവർക്കും സീതപക്ഷമായിരുന്നു
ഏഴാം കടലുകടന്നെത്തിയ മൃത്യുവിൻ തേരിൽ നീ
ഒരു ചിരസ്പന്ദനത്തിന്റെ ഹർഷമായ്
ഒരുപാടു സ്വപ്നങ്ങൾ പങ്കുവെച്ചന്നോന്ന്യം
കഥയാടിത്തിമിർത്ത് ഇതളില്ലാപൂവുപോൽ നീ കൊഴിഞ്ഞു

എൻ പ്രതീക്ഷതൻ രസനയിൽ തേനും വയമ്പും പകർന്ന്
എൻ അനവാപ്ത സ്വപ്നങ്ങളിൽ കുരുക്കും
തുമ്പതൻ നെറുകയിൽ മഞ്ഞുനീർ തൂകിയും നീ മറഞ്ഞു
അറിയുന്നോ നീ എന്റെ കരളിലെ തിരമാല
അലറിപ്പതിച്ചെന്റെ നെഞ്ചകം പിളർന്നതും
എൻ മോഹങ്ങൾ തീർത്ത ചിറ തകർത്താർത്ത്
ഗതിമാറി പ്രവാഹമായതും
എൻ നെഞ്ചകമച്ചിൽ കൂടുകെട്ടി കുറുകലും ചിറകടിധ്വനിയുമായ്
സ്വാന്തന പ്രാവായി വന്ന നീ എങ്ങോ പറന്നകന്നു
ഇന്നിപ്പോൾ....
നൊമ്പരത്തിന്റെ ചെപ്പുമായ്
എൻ ചിത്രകൂടത്തിലെത്തി നിനക്കായ് ഒരു വിഷാദഗീതം
കുറിക്കുന്നതും നീ അറിയുന്നുവോ?

എന്താകിലെന്ത്...? “മൃത്യുവിന്റെ ഗുഹയിലേക്ക്
പറന്നുയർന്ന സാന്ത്വനപക്ഷി” നിന്റെ ഓർമ്മയ്ക്കായ്
ഞാനെന്റെ ചിത്രകൂടത്തിന്റെ മുറ്റത്ത്
ഒരു നിശാഗന്ധി നടുന്നു!!

www.malankaralibrary.com

# ബഥനിയുടെ സഹന നക്ഷത്രം - വന്ദ്യനായ പൊസേന്തി അച്ചൻ

ഫാ. ജോഷ്വാ കുറ്റിയിൽ ഒ.ഐ.സി

രോഗക്കിടക്കയെ ബലിപീഠമാക്കി മാറ്റിയ പൊസേന്തി അച്ചൻ, ശാരീരികമായി മരിച്ചെങ്കിലും നമ്മുടെയൊക്കെ ഹൃദയങ്ങളിൽ വസിക്കുന്നു. മരിച്ചാലും ജീവിക്കുന്നവനായി നമ്മുടെ മുമ്പിലുണ്ട്. നമുക്കായി മാധ്യസ്ഥം വഹിക്കുന്നു. നാല്പതു വർഷങ്ങൾക്കുമുമ്പ് ഉണ്ടായ അപകടത്തെ തുടർന്ന് ശയ്യാവലംബിയായ അച്ചൻ തന്റെ അവസ്ഥയെ പോസിറ്റീവായെടുത്തു. തന്നെ സമീപിക്കുന്ന ആർക്കും ആ പോസിറ്റീവ് എനർജി വാക്കിലും നോട്ടത്തിലും പ്രവർത്തിയിലും നൽകി.

അച്ചന്റെ ഭാഷയിൽ പറഞ്ഞാൽ ആയുസിന്റെ പകുതിക്കാലം - നാല്പതുവർഷം, അടിപൊളിയായി - സന്തോഷത്തോടെ ജീവിച്ചു. തുടർന്ന് നാല്പതുവർഷം കിടക്കയിൽ കിടന്നുകൊണ്ട് ജീവിതത്തെ ആഘോഷമാക്കി. എന്നിട്ടും തീരാത്ത സഹനത്തിന്റെ തീച്ചൂളയിൽ തന്നെത്തന്നെ സമർപ്പിച്ച് തന്റെ ബലി പൂർത്തിയാക്കി.

സംതൃപ്തമായ ഒരു ജീവിതത്തിന്റെ സാക്ഷ്യമായിരുന്നു അച്ചന്റേത്. വേദനകളെ സുവിശേഷ പ്രഘോഷണമാക്കി ക്രിസ്തുവിന്റെ സഹനത്തിന് സാക്ഷ്യം നൽകിയ താപസശ്രേഷ്ഠൻ.

എന്നും കലയെ സ്നേഹിച്ച കലാ ഉപാസകൻ, കലാകരൻ. ആരേയും ആകർഷിക്കാൻ കഴിയുന്ന സുസ്മേര വദനൻ. വേദനയുടെ നടുവിലും മറ്റുള്ളവരെ സന്തോഷിപ്പിക്കുന്ന സ്നേഹസമ്പന്നൻ. വലിയ സൗഹൃദബന്ധങ്ങളുള്ള വ്യക്തി. ഒന്നുകാണുന്നവരുടെ ഹൃദയങ്ങളിൽ ഇടം തേടുന്ന വ്യക്തിത്വം. കിടക്കയിൽ കിടന്നും സൗഹൃദകൂട്ടായ്മ സൃഷ്ടിക്കാം എന്നു കാണിച്ചുതരുന്ന വ്യക്തി. പ്രായഭേദമെന്യേ സുഹൃത്തുക്കളുള്ള ഒരു സുഹൃദ്ഹൃദയൻ.

ബഥനിയെ സ്നേഹിച്ച, ബഥനിക്കുവേണ്ടി സഹനത്തിന്റെ വഴിയിൽ ജീവിച്ച ക്രിസ്തുവിന്റെ സഹനത്തിന്റെ പാതയിൽ മിശിഹാനുകരണം പൂർത്തിയാക്കിയ ഒരു യഥാർത്ഥ ബഥാന്യൻ. ബഥനിയിലെ ലാസർ. പരാതികളില്ലാത്ത സഹനമായിരുന്നു പൊസേന്തിയച്ചന്റേത്. ബഥനിയെ എന്നും നെഞ്ചിലേറ്റിയ ബഥാന്യൻ കിടക്കയിൽ കിടന്നുകൊണ്ടുപോലും മറ്റുള്ളവർക്ക് ആശ്വാസം പകർന്നുകൊടുക്കുന്ന ആശ്വാസത്തിന്റെ ഭവനാംശം. ദൈവത്തിന്റെ മഹത്വം ജീവിതത്തിൽ പ്രകാശിതമാക്കിയ സുവിശേഷകൻ. ഇതായിരുന്നു പൊസേന്തിയച്ചൻ എന്നും ബഥനിക്ക്.

സഹനം ദൈവസ്നേഹത്തിന്റെ അടയാളമാണെന്ന് നമ്മെ പഠിപ്പിച്ച ഗുരുഭൂതൻ ആയിരുന്നു പൊസേന്തിയച്ചൻ. ദൈവസ്നേഹത്തിന്റെ Positive Power പ്രസരിപ്പിച്ച, പ്രകാശിപ്പിച്ച മാലാഖ ആയിരുന്നു അച്ചൻ.

ബഥനിയുടെ കാലം മാറ്റിവെച്ച സഹന നക്ഷത്രമായിരുന്നു ബ. പൊസേന്തിയച്ചൻ. ആ താരകം ബഥനിയിലൂടെ ജീവിച്ചപ്പോഴും മരണശേഷവും മിന്നി തുളുമ്പുന്നു. ഈ നക്ഷത്രം

www.malankaralibrary.com

മിശിഹാനുകരണ പാതയിൽ ബഥനിക്ക് വഴികാട്ടിയായിരുന്നു. ഈശോയുടെ രക്ഷാകരമായ പീഡാസഹനങ്ങളെ ഓർത്ത് എന്നും തന്റെ രോഗക്കിടക്കയെ ബലിപീഠമാക്കി മാറ്റിയ ബലിയർപ്പകൻ.

അനേകരുടെ ആത്മീയപിതാവായി കിടക്കയിലും ജീവിച്ച ആത്മീയ പിതാവ്. അനേകരുടെ കുമ്പസാരം കേട്ട്, കിടക്ക കുമ്പസാരക്കൂടാക്കി മാറ്റിയ കുമ്പസാരകൻ. ഈ ജീവിതം എത്രയോ ധന്യം - എത്രയോ മഹത്വകരം.

ഇന്നും, എന്നും ഈ സഹന നക്ഷത്രം ബഥനിക്കുവേണ്ടി, ബഥനിയിലൂടെ മിന്നിതിളങ്ങുന്നുണ്ട്. ജീവിച്ചിരുന്ന പൊസേന്തിയച്ചൻ നമ്മുടെ സഹോദരൻ, സുഹൃത്ത് എല്ലാം ആയിരുന്നെങ്കിൽ ആ പൊസേന്തിയച്ചൻ - നമ്മുടെ പൊസേന്തിയച്ചൻ നമ്മുടെ മദ്ധ്യസ്ഥനാണ്. ഞങ്ങളുടെ വാത്സല്യനിധിയായ പൊസേന്തിയച്ചാ - ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.



www.malankaralibrary.com

# ആനന്ദം... ദൈവീകാനന്ദം

**ഫാ. ഷീൻ പാലക്കുഴി**
(FB Post)

ഇന്നായിരുന്നു മൈനർ സെമിനാരിയിലെ ജൂൺമാസ ധ്യാനം! അതു നയിക്കാനെത്തിയ ഗീവർഗ്ഗീസ് വലിയചാങ്ങവീട്ടിലച്ചനാണ് വൈദിക വിദ്യാർത്ഥികളോട് ആ ചോദ്യം ചോദിച്ചത്!

"Are you happy?"

"Yes... Yes!" ഉത്തരം പെട്ടെന്നുവന്നു.

"Are you really happy when you are alone?"

കുട്ടികൾ ഒന്നുപകച്ചു. ഒരുപക്ഷേ അങ്ങനെയൊരു ചോദ്യത്തെ അവർ അത്രനാളും നേരിട്ടിട്ടുണ്ടാവില്ല! തീർച്ചയായും കൂടുതൽ ആലോചന അർഹിക്കുന്ന ചോദ്യമായതുകൊണ്ടാവും മറുപടി അത്രപെട്ടെന്നു വന്നില്ല! ആരും കൂട്ടിനില്ലാത്തപ്പോഴും ഒന്നും കൂടെയില്ലാത്തപ്പോഴും സന്തോഷത്തോടെയിരിക്കാൻ നമുക്കുള്ള കാരണമെന്താണ്? അതിനുള്ള ഉത്തരം തന്ന ഒരാളുണ്ട്. ബഥനി സന്ന്യാസസഭാംഗമായ ഫാ.ഗബ്രിയേൽ പൊസേന്തി!

ഒരു അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് എഴുന്നേൽക്കാനാവാതെ തിരുവനന്തപുരം, നാലാഞ്ചിറ ബഥനി ആശ്രമത്തിലെ ഒരു മുറിയിൽ ഗബ്രിയേലച്ചൻ കിടക്കാൻ തുടങ്ങിയിട്ട് നാലുപതിറ്റാണ്ടാവുന്നു. പാതി തുറന്ന ഒരു ജനാലയിലൂടെ അരിച്ചിറങ്ങുന്ന ഒരുതുണ്ട് ആകാശത്തിനുകീഴെ ആ ജീവിതപുസ്തകം മലർക്കെ തുറന്നുവച്ചിരിക്കുന്നു. ആ നാലു ചുവരുകൾക്കുള്ളിൽത്തന്നെയാണ് അദ്ദേഹത്തിന്റെ അൾത്താര; രോഗക്കിടക്കതന്നെ ബലിപീഠവും! ഉയരുന്ന ധൂപാർപ്പണങ്ങളുടെ ഗന്ധം കുന്തിരിക്കത്തിന്റേതല്ല, മരുന്നുകളുടേതാണ്. കത്തിച്ചുവച്ചമെഴുകുതിരികളില്ല, പകരം ഒരു പുരുഷായുസ്സുതന്നെ തിരിയായുരുകി വെളിച്ചം പരത്തുന്നത് ചെന്നാൽകാണാം!

ഊർജസ്വലമായ ഒരു യൗവ്വനകാലം ക്രിസ്തുവിന്റെ കാൽക്കൽ ഉടച്ചൊഴിച്ച്, വേദനയുടെ കാസ കയ്യിലേന്തി നിൽക്കുമ്പോഴും ഈ മനുഷ്യൻപറയുന്നത് 'സുകൃതമീ സഹനം' എന്നാണ്. രോഗക്കിടക്കയിൽ കിടന്നുകൊണ്ട് ആ പേരിലൊരു പുസ്തകംതന്നെ അദ്ദേഹം എഴുതിയിരിക്കുന്നു. പരസഹായമില്ലാതെ കിടക്കയിൽ ഒന്നെഴുന്നേറ്റിരിക്കാൻ കഴിയാത്തപ്പോഴും അദ്ദേഹം എത്ര സന്തോഷവാനാണെന്നറിയാമോ! മടുപ്പിക്കുന്ന ആ കിടപ്പിലും അദ്ദേഹം ദൈവത്തെയോ മനുഷ്യരെയോ പഴിക്കുന്നില്ല. കാണാനെത്തുന്ന മനുഷ്യരിലേക്ക് ദൈവികമായ ഊർജമല്ലാതെ മറ്റൊന്നും പ്രസരിപ്പിക്കുന്നില്ല. പ്രതീക്ഷാനിർഭരമായ ഒരുജീവിതത്തെക്കുറിച്ചല്ലാത മറ്റൊന്നും സംസാരിക്കുന്നില്ല. സന്തോഷമല്ലാതെ മറ്റൊന്നും പങ്കുവയ്ക്കുന്നില്ല. പാത്രങ്ങൾ തുറന്ന് വിളമ്പിത്തരുന്ന മധുരം, നിറയ്ക്കുന്നത് ഉദരത്തെയല്ല, ഹൃദയത്തെയാണ്!

ഇതുവെറും സന്തോഷമല്ല, ആനന്ദമാണ്. ഈ ആനന്ദം അദ്ദേഹത്തിന്റെ ഉള്ളിൽ നിന്നുവരുന്നതാണ്. ആരും കൂട്ടിനില്ലാത്തപ്പോഴും ഒന്നുംകൂടെയില്ലാത്തപ്പോഴും സന്തോഷത്തോടെയിരിക്കാൻ അദ്ദേഹത്തിനുള്ള കാരണമെന്തായിരിക്കും? അടുത്തിരുന്നപ്പോൾ ഞാനതു കണ്ടു - സ്വർഗ്ഗത്തിലെ അപ്പന്റെ വലതുകരം അദ്ദേഹത്തിന്റെ കരത്തോടു ചേർന്നിരിക്കുന്നു!

*(പൊസേന്തിയച്ചന്റെ അടുക്കലേക്ക് എന്നെ കൂട്ടിക്കൊണ്ടുപോയ പാറോട്ടുകോണത്തെ എന്റെ ഇടവകയിലെ മദേഴ്സ്ഫോറം അംഗങ്ങൾക്ക് നന്ദി)*

www.malankaralibrary.com

# സുകൃതമീ ജന്മം

**സി. സുദീപ എസ്.ഐ.സി.**

**"നീതിമാന്മാരുടെ ആത്മാവ് ദൈവകരങ്ങളിലാണ് ഒരു ഉപദ്രവവും അവരെ സ്പർശിക്കുകയില്ല"(ജ്ഞാനം 3:1)**

ഈ വചനം അക്ഷരാർത്ഥത്തിൽ നിറവേറിയ ഒരു നീതിമാന്റെ ജീവിതം, പ്രിയ പൊസേന്തി അച്ചൻ. ഈ ജീവിതം എപ്രകാരം എന്റെ ജീവിതത്തെ സ്വാധീനിച്ചു എന്ന അനുഭവ സാക്ഷ്യമാണ് ഈ കുറിപ്പ്. വാക്കുകളിലൊതുക്കാനാവാത്ത കരുതലിന്റേയും സ്നേഹത്തിന്റേയും, ആനന്ദത്തിന്റേയും ഒക്കെ നേർക്കാഴ്ച. 40 വർഷം തന്റെ കിടക്കയെ ബലിപീഠമാക്കിയ ഒരു പുണ്യജീവിതം. ശയ്യാവലംബിയായ ഒരാത്മാവിന് മനുഷ്യഹൃദയങ്ങളിലും തന്റെ ചുറ്റുപാടുകളിലും മാത്രമല്ല വിദൂരതയിൽപോലും ഇത്രമാത്രം സ്വാധീനം ചെലുത്തുവാൻ എങ്ങനെ സാധിച്ചു എന്നത് മാനുഷിക ചിന്തയ്ക്കും അപ്പുറമാണ്.

"കൊച്ചേ നീ എപ്പോഴാണ് ഇങ്ങോട്ട് വരുന്നത്..." മിക്കപ്പോഴും ഫോണിന്റെ മറുതലയ്ക്കൽ ഈ ചോദ്യത്തോടെ വരുന്ന പ്രിയ അച്ചന്റെ വിളി കേൾക്കുന്ന മാത്രയിൽ എന്തെങ്കിലുമൊക്കെ കാരണമുണ്ടാക്കി ഉടനടി ആ കിടയ്ക്കക്കരികിൽ ഞാനെത്താറുണ്ടായിരുന്നു. ഇനി ആ വിളി ഉണ്ടാവില്ല എന്ന യാഥാർത്ഥ്യം കണ്ണുകൾ ഈറനണിയിക്കുന്നതാണ്. ജീവിതത്തിന്റെ നിർണ്ണായകവും സങ്കീർണ്ണത നിറഞ്ഞതുമായ കാലഘട്ടങ്ങളിൽ സ്വർഗ്ഗത്തിന്റെ കരുത്തും കരുതലും ഊർജ്ജവും പ്രത്യാശയും ആത്മബലവും ഹൃദയസമാധാനവുമൊക്കെ പ്രിയ അച്ചനിൽ നിന്ന് ആവോളം ലഭിച്ചിട്ടുണ്ട്.

കഴിഞ്ഞ 20 വർഷത്തോളം ആ കരുതലും സ്നേഹവും ആത്മീയനിറവും വ്യക്തിപരമായി അനുഭവിച്ചറിയാൻ സാധിച്ചു എന്നത് ജീവിതത്തിലെ ഒരു മഹാഭാഗ്യമായി ഞാൻ കരുതുന്നു. 2006-ൽ Naturopathy പഠിക്കാൻ പോകുന്നതിന് ഒരുക്കമായി ആറുമാസക്കാലം നാലാഞ്ചിറ ബഥനി പ്രകൃതി ചികിത്സാകേന്ദ്രത്തിൽ പ്രിയ പൊസേന്തി അച്ചന്റേയും ബഹു.ഫിലിപ്പ് നേരി അച്ചന്റേയും സ്നേഹവും കരുതലും പ്രോത്സാഹനവും വ്യക്തിപരമായി എനിക്ക് ലഭിച്ചു തുടങ്ങി. അന്നുമുതൽ ഇന്നുവരെ പ്രിയ പൊസേന്തി അച്ചന്റെ സാന്നിധ്യവും ആത്മീയ ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ജീവിതത്തിൽ വെട്ടമായി കൂടെയുണ്ടായിരുന്നു.

എന്നിലെ സർഗ്ഗവാസനകളെ കണ്ടെത്തി അവയെ പ്രോത്സാഹിപ്പിക്കാൻ പ്രിയ അച്ചൻ ഏറെ ശ്രദ്ധിച്ചിരുന്നു. അച്ചന്റെ എല്ലാ ഗ്രന്ഥരചനയിലും ഭാഗഭാക്കാകാൻ സാധിച്ചു എന്നതും ഏറെ നന്ദിയോടെ ഞാൻ ഓർക്കുന്നു. വ്യത്യസ്തമായതും ഏറെ ബുദ്ധിമുട്ടു നിറഞ്ഞതുമായ അഞ്ചര വർഷത്തെ കോളേജ്, ഹോസ്റ്റൽ ജീവിതത്തിൽ പൊസേന്തി അച്ചന്റെ ഫോൺ വിളിയില്ലാത്ത ഒരു ഞായറാഴ്ചപോലും ഉണ്ടായിരുന്നില്ല. അധിക നേരമൊന്നും സംസാരിക്കാറില്ല എങ്കിലും സംസാരിക്കുന്ന ആ അല്പസമയം അടുത്ത ഒരാഴ്ചത്തേക്ക് മുന്നോട്ടു പോകുവാൻ വേണ്ട ആശ്വാസവും കരുത്തും പ്രോത്സാഹനവും പോസിറ്റീവ് എനർജിയുമൊക്കെ എനിക്ക് പകർന്നു നൽകിയിരുന്നു. പഠനം പൂർത്തിയാക്കാൻ സാധിക്കുമോ എന്ന് അറിയാതെ പകച്ചുനിന്ന സമയങ്ങളിലൊക്കെ പ്രിയ അച്ചൻ അതിനുള്ള പ്രതീക്ഷയും വ്യക്തതയും ആത്മധൈര്യവും പ്രാർത്ഥനയുടെ പിൻബലവും നൽകി ചേർത്തു പിടിച്ചു. പ്രിയ അച്ചാ... പകരം വയ്ക്കാനാവാത്ത ഒരു കരുത്തായിരുന്നു അങ്ങ് എന്ന് ഇപ്പോൾ ഞാൻ തിരിച്ചറിയുന്നു. ഈ വേർപാട് ഒരു തീരാനഷ്ടവും. ബുദ്ധിമുട്ടുകളും സങ്കടങ്ങളും വല്ലാതെ അലട്ടിയ സമയങ്ങളിൽ 'telepathy' എന്നപോലെ ആയിരുന്നു പ്രിയ അച്ചന്റെ ഇടപെടലുകൾ.

www.malankaralibrary.com

സന്ന്യാസജീവിതത്തെപ്പറ്റി വ്യക്തവും തികച്ചും വ്യക്തിപരവുമായ കാഴ്ചപ്പാടുകൾ പ്രിയ അച്ചനുണ്ടായിരുന്നു. അവയൊക്കെ കൃത്യമായി പറഞ്ഞുതരാനും ജീവിക്കാനും അച്ചനായി എന്നതാണ് ആ ജീവിതത്തിന്റെ വ്യതിരക്തത. പ്രത്യേകിച്ച് കാരണമൊന്നുമില്ലാതെ ആ കിടയ്ക്കകരുകിൽ ഇടയ്ക്കിടെ ഓടിയെത്താൻ എന്നെ പ്രേരിപ്പിച്ചതും ഇതു തന്നെയായിരുന്നു. വിജയകരമായി പഠനം പൂർത്തിയാക്കി തിരിച്ചെത്തി, പ്രിയ അച്ചന്റെ സാന്നിധ്യമുള്ള പ്രകൃതി ചികിത്സാ കേന്ദ്രത്തിൽ പത്തുവർഷത്തോളം ജീവിക്കാനുള്ള ഭാഗ്യം എനിക്ക് ലഭിച്ചു. ആ സമയങ്ങളിൽ ലഭിച്ച സ്നേഹവും കരുതലും തിരുത്തലുകളും പ്രോത്സാഹനവുമൊക്കെ ഒരായുസിലേക്കുള്ളതായിരുന്നു എന്ന് പറയാൻ എനിക്കു സാധിക്കും.

മുഖം നോക്കാതെ തിരുത്തലുകൾ നൽകിയിരുന്ന ഒരു നല്ല ആത്മീയ ഗുരു, തന്റെ അടുക്കൽ വരുന്ന ആർക്കും ഒരു സൗഖ്യത്തിന്റെ അനുഭവം പകർന്നു കൊടുക്കാൻ കഴിഞ്ഞ ഒരു നല്ല ആത്മീയ വൈദ്യൻ. മാനസികവും ആത്മീയവുമായ ബലം പകർന്ന് അനേകം മനുഷ്യ മനസുകളെ പ്രത്യാശയുടെ തീരത്ത് എത്താൻ സഹായിച്ച ഒരു നല്ല വഴികാട്ടി, ഒരു നല്ല സുഹൃത്ത്, വാത്സല്യം നിറഞ്ഞ ഒരു പിതാവ്... ഇതിലുമപ്പുറം ആരൊക്കെയോ ആയിരുന്നു പൊസേന്തി അച്ചൻ.

സഹനത്തിന്റെ അവസാന നാളുകളിൽ ഏറെ ക്ഷീണിതനാണെങ്കിലും തന്റെ അരികിൽ വരുന്നവരെ നർമ്മരസത്തോടെ സ്വീകരിക്കാനും പോസിറ്റീവ് എനർജി നൽകി തിരികെ അയക്കാനും അച്ചൻ ശ്രദ്ധിച്ചിരുന്നു. മരണത്തിന്റെ തലേന്ന് വൈകിട്ട് ആ കിടയ്ക്കക്കരുകിൽ ഏറെ നേരം ഇരിക്കാൻ നല്ല ദൈവം ഇടയാക്കി എന്നത് ഒരു നിയോഗമായി ഞാൻ തിരിച്ചറിയുന്നു. എഴുതി പൂർത്തിയാക്കാൻ സാധിക്കാത്ത തന്റെ സഹനകിടക്കയെപ്പറ്റി അച്ചൻ സംസാരിച്ചു. പാതി വഴിയിൽ നിർത്തേണ്ടി വന്ന ആ ലേഖനത്തിന്റെ പകർത്തിയെഴുത്ത് അച്ചൻ എന്നെ ഏൽപ്പിച്ചു. അവശേഷിക്കുന്ന നാലുവരി ഉപസംഹാരം അത് ഈസ്റ്റർ കഴിഞ്ഞ് വരുമ്പോൾ പറഞ്ഞു തരാമെന്ന ഉറപ്പിൽ, ആ നെറ്റിയിൽ കുരിശ് വരച്ച് ചുംബിച്ച് ഇറങ്ങുമ്പോൾ ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല പിറ്റേന്ന് പ്രഭാതം അച്ചന്റെ സ്വർഗ്ഗീയ യാത്രയുടെ ദിനമാകുമെന്ന്.

പ്രിയ അച്ചാ, ഒരിക്കലെങ്കിലും അച്ചനെ പരിചയപ്പെട്ടവർക്ക് അച്ചൻ നൽകിയ ഒരുപിടി നല്ല ഓർമ്മകൾ, നന്മയുടെ നിറവ്, നൽകിയ പിൻബലം, പ്രോത്സാഹനം, കരുത്ത്, സ്നേഹം, കരുതൽ ഇവ അച്ചനെ മനുഷ്യഹൃദയങ്ങളിൽ മരിക്കാതെ ജീവിപ്പിക്കും എന്ന് ഉറപ്പാണ്.

ജീവിതത്തിലെ ഏതവസ്ഥയിലും ഓടി ചെല്ലാൻ ഒരിടം അതായിരുന്നു എനിക്ക് പ്രിയ പൊസേന്തി അച്ചൻ. 40 വർഷത്തോളം സഹനബലി അർപ്പിച്ച കിടയ്ക്കക്കരികിൽ നിന്ന് ലഭിച്ച സ്വർഗ്ഗത്തിന്റെ കരുത്തും കരുതലും സന്തോഷവും സമാധാനവും സ്നേഹവും പ്രോത്സാഹനവും ആത്മീയ നിറവും പ്രത്യാശയും ഇനി ഇല്ല എന്നത് യാഥാർത്ഥ്യം എങ്കിലും ഈ അനുഗ്രഹങ്ങൾ എല്ലാം ഇനി സ്വർഗ്ഗത്തിൽ നിന്ന് അച്ചൻ വാങ്ങി തരുമെന്ന് ഞാൻ പൂർണമായി വിശ്വസിക്കുന്നു.

വിശുദ്ധനായ ശ്രേഷ്ഠപുരോഹിതാ, സമാധാനത്തോടെ പോവുക. ഇനി ഓടി എത്താൻ വിശുദ്ധമായ ആ കബറിടം ഉണ്ടെന്ന ആശ്വാസം അത് കരുത്താകുന്നു. അവിടെ നിൽക്കുമ്പോൾ ലഭിക്കുന്ന ഹൃദയ സമാധാനം അത് സ്വർഗ്ഗത്തിന്റേതാണെന്ന തിരിച്ചറിവിൽ പ്രിയ അച്ചാ പ്രണാമം!!

പ്രത്യാശയുടെ തുറമുഖത്ത് വീണ്ടും കണ്ടെത്തുംവരെ ഞങ്ങൾക്കായി പ്രാർത്ഥിക്കണമെ...

www.malankaralibrary.com

# ബഥനിയുടെ സുകൃതസൂനം

**സി. മാഡ്‌ലിൻ എസ്.ഐ.സി.**

വിശ്വാസത്തിന്റെ വിസ്മയം. പ്രത്യാശയുടെ പ്രകാശം. സ്നേഹത്തിന്റെ സാഗരം! അതെ ദൈവിക പുണ്യങ്ങളുടെ കലവറയായിരുന്നു ഞാൻ അനുഭവിച്ചറിഞ്ഞ പൊസേന്തിയച്ചൻ. 2010 മുതൽ 2013 വരെയുള്ള കാലഘട്ടത്തിൽ നാലാഞ്ചിറയിലുള്ള പ്രകൃതി ചികിത്സാകേന്ദ്രത്തിൽ താമസിക്കുമ്പോഴാണ് പൊസേന്തിയച്ചന്റെ സൗഹൃദവൃന്ദങ്ങളുടെ പരമ്പരയിൽ ഞാനും ഉൾച്ചേർന്നത്. അവിടെയുള്ള എന്റെയും കൂടെയുണ്ടായിരുന്നവരുടെയും ദിനങ്ങളെ അർത്ഥപൂർണവും സന്തോഷഭരിതവുമാക്കാൻ പൊസേന്തിയച്ചന്റെ സാഹോദര്യവും സംലഭ്യതയും നിർലോഭം ഞങ്ങൾ ഏറ്റുവാങ്ങി. വാക്കുകളിൽ കോറിയിടാൻ കഴിയാത്ത വിധം സഹന സമ്പന്നനായിരുന്ന പൊസേന്തിയച്ചന്റെ ദീപ്തമായ സ്മരണകൾക്ക് മുമ്പിൽ സ്നേഹാഞ്ജലി.

പ്രാർത്ഥനയിലും പരിത്യാഗത്തിലും പ്രശോഭിതനായി താൻ കണ്ടുമുട്ടിയവരിലേക്കെല്ലാം താപസചൈതന്യശക്തി സന്നിവേശിപ്പിച്ച പൊസേന്തിയച്ചൻ ബഥനിക്ക് എന്നും അഭിമാനമാണ്, അനുഗ്രഹമാണ്. സുകൃതസുഗന്ധമായി ഹൃദയങ്ങളിൽ നിന്നും ഹൃദയങ്ങളിലേക്ക് ശാന്തസുന്ദരമായി ഒഴുകിയ ലളിതകോമള ജീവിതത്തിന് ഉടമയായിരുന്നു പൊസേന്തിയച്ചൻ. ആരെയും ആകർഷിച്ചടുപ്പിക്കുവാനുള്ള ആത്മീയ വശ്യത, ഹാസ്യം തുളുമ്പുന്ന സംസാരം, ആശ്വാസം പകരുന്ന സമീപനം, നേർവഴിക്ക് നയിക്കുന്ന നിർദേശങ്ങൾ എല്ലാമെല്ലാം ആ നന്മപ്രവാഹത്തിൽനിന്നും നിർഗളിച്ച നീർതുള്ളികളായിരുന്നു. എല്ലാവരെയും ക്ഷമയോടെ കേൾക്കുവാനും അവരുടെ പ്രതിസന്ധികളിൽ ബലം നൽകി കരുണയും കരുതലും പകർന്ന് താങ്ങും തണലുമാകുവാൻ അച്ചനിൽ അന്തർലീനമായിരുന്ന സിദ്ധി ദൈവകൃപയായി സ്വീകരിച്ച് കൃതാർത്ഥയോടെ തിരികെ പോകുന്നവർ നിത്യകാഴ്ചയായിരുന്നു. അനേകരെ ജീവന്റെ സമൃദ്ധിയിലേക്ക് ആനയിക്കുവാൻ 40 വർഷത്തിലധികം കുരിശിൽ കിടന്ന് മഹത്വത്തിന്റെ അടയാളമായി വിരാജിച്ച പൊസേന്തിയച്ചൻ എനിക്കെന്നും ഒരു അത്ഭുതമായിരുന്നു.

തന്റെ കലാമനസ്സിന്റെ കിളിവാതിൽ തുറന്ന് നാടകപക്ഷിയെ പുറത്തുവിട്ടപ്പോൾ അത് നോക്കി നിന്ന് ആസ്വദിച്ചവർക്ക് സ്വന്തമായത് ധന്യൻ മാർ ഈവാനിയോസ് പിതാവിനെ പോലെയുള്ള മഹത്‌വ്യക്തികളുടെ ജീവജ്വാലയായിരുന്നു. ചിന്തകളിൽ പറന്നുയർന്ന് സ്വജീവിതം അക്ഷരകൂട്ടുകളുടെ വർണനയിൽ ചാലിച്ച പൊസേന്തിയച്ചാ, അങ്ങേയ്ക്ക് മരണമില്ല. അങ്ങയുടെ ജീവൻ തുടിക്കുന്ന രചനകളിലൂടെ ജനഹൃദയങ്ങളിൽ അങ്ങ് അനശ്വരനാകും. എഴുത്തിന്റെ തെളിച്ചം എന്റെ ജീവിതത്തിൽ പകർന്നതും നന്ദിയോടെ ഇവിടെ അനുസ്മരിക്കട്ടെ. ആ ജീവിതം തന്നെ വിജയപാഠങ്ങളുടെ വായിച്ചു തീർക്കാനാകാത്ത സദ്ഗ്രന്ഥമായിരുന്നല്ലോ. "സ്നേഹം സകലതും സഹിക്കുന്നു. സകലതും വിശ്വസിക്കുന്നു; സകലതും പ്രത്യാശിക്കുന്നു, സകലത്തെയും അതിജീവിക്കുന്നു (1 കോറി 13:7). സ്നേഹംകൊണ്ട് സകലത്തെയും അതിജീവിച്ച പൊസേന്തിയച്ചനെ അവസാനം സന്ദർശിച്ചവേളയിൽ (27.02.2025) എന്നോട്

www.malankaralibrary.com

പറഞ്ഞത് ഇപ്രകാരം, "ദൈവത്തെ സ്നേഹിക്കണമെങ്കിൽ നൂറ് മനുഷ്യരെ സ്നേഹിക്കണം" ദൈവസ്നേഹത്തിന്റെ ആഘോഷം മനുഷ്യരെ സ്നേഹിച്ചുകൊണ്ട് നിവർത്തിയാക്കിയ സ്നേഹഗായകൻ, സഹനത്തെ ശുശ്രൂഷയായി തിരിച്ചറിഞ്ഞ് തന്റെ ജീവിതത്തിലൂടെ അത് പ്രഘോഷിച്ച് ദൗത്യം പൂർത്തിയാക്കി.

സഹനത്തെ പുഞ്ചിരിയോടെ പരാജയപ്പെടുത്തി മഹത്വത്തെ ആശ്ലേഷിച്ച് പരിശുദ്ധ ത്രിത്വത്തിന്റെ സ്നേഹകൂട്ടായ്മയിൽ വിശുദ്ധരുടെ ഗണത്തിൽ സ്തുതിഗീത നിർവൃതിയിൽ ആയിരിക്കുന്ന പൊസേന്തിയച്ചാ, ബഥനിയുടെ മധ്യസ്ഥനായി സ്വർഗ്ഗീയ സന്തോഷത്തിന്റെ പുഷ്പങ്ങളെ ഞങ്ങളുടെ മേൽ വർഷിച്ചാലും. ബഥനിയുടെ സുകൃത സൂനത്തെ തിരുസഭ അൾത്താരയിൽ വണങ്ങുവാൻ സ്വർഗ്ഗം തിരുമനസ്സാകട്ടെ.

മറക്കാനാകാത്ത ഓർമ്മകളുടെ നിലാവിൽ പൊസേന്തിയച്ചാ, ഒരായിരം സ്നേഹപ്രണാമം.



www.malankaralibrary.com

# ദൈവത്തോടൊത്ത് സഞ്ചരിച്ച അച്ചൻ

**സി. റ്റിൻസി എസ്.എ.ബി.എസ്.**

പത്തുവർഷത്തെ ബന്ധമേയുള്ളു എനിക്ക് പൊസേന്തിയച്ചനുമായി. എങ്കിലും അച്ചന്റെ വേർപാട് ഉണ്ടാക്കിയ നൊമ്പരത്തിന്റെ ഒരു വിടവാണ്, വർഷങ്ങളല്ല... സ്നേഹത്തിന്റെ ആഴം നിർണ്ണയിക്കുന്നത് എന്ന് മനസിലാക്കി തന്നത്. അച്ചന്റെ അടുത്തുവന്ന് സംസാരിക്കുന്ന ഓരോരുത്തർക്കും ഉണ്ടാകുന്ന അനുഭവം ഓരോരുത്തരുടെയും ആവശ്യങ്ങൾക്ക് അനുസരിച്ചുള്ളതായിരുന്നു. ചിലർക്ക് അവ്യക്തതകളിൽ വെളിച്ചമായിരുന്നു. ചിലർക്ക് ഏകാന്തതയിലെ സുഹൃദ്ബലം. മറ്റുചിലർക്ക് സംശയങ്ങൾക്ക് ഉത്തരം. എങ്ങനെ ഒക്കെ ആയിരുന്നാലും ആ മുറിയിൽനിന്ന് ഇറങ്ങിവരുന്നവരുടെ മുഖത്ത് ഒരു വ്യത്യസ്തത ഉണ്ടായിരുന്നു.

എന്നെ സംബന്ധിച്ച് അച്ചന്റെ സാന്നിധ്യം വ്യത്യസ്ത തലങ്ങളിൽ എന്റെ ജീവിതത്തെ സ്വാധീനിച്ചിട്ടുണ്ട്. അതിൽ ഒന്നാണ് ദൈവത്തോട് ഏറ്റവും അടുത്തിരുന്ന അച്ചൻ എന്ന ഒരു വിശ്വാസം. കാരണം പലപ്പോഴും ജീവിതത്തിലെ ഇരുൾനിറഞ്ഞ അവസരങ്ങളിൽ, ഭയപ്പാടുകളിൽ, സംശയങ്ങളിൽ അച്ചന്റെ അടുത്ത് ചെന്ന് സംസാരിക്കുമ്പോൾ "എന്റെ കൊച്ചേ നീ എന്താണ് ദൈവത്തെക്കുറിച്ച് ചിന്തിച്ച് വച്ചിരിക്കുന്നത്. ഇതൊക്കെ മനുഷ്യർ ഓരോന്ന് കാട്ടിക്കൂട്ടി വച്ചിരിക്കുന്നതല്ലേ" എന്ന വളരെ സ്വതസിദ്ധമായ രീതിയിൽ നർമ്മരൂപേണ പറഞ്ഞ് നമ്മുടെ ഉള്ളം ഒന്ന് തണുപ്പിക്കും. പ്രാർത്ഥിക്കാൻ ഉത്സാഹവും ആഗ്രഹവും നമുക്ക് ലഭിക്കുകയും ചെയ്യും.

രണ്ട്, അച്ചന്റെ കൃത്യനിഷ്ഠ: ശരീരത്തിന്റെയും മനസിന്റെയും എല്ലാ കഴിവുകളും ഉണ്ടായിരുന്നിട്ടും 'നിഷ്ഠ' എന്ന് പറയുന്ന ഒരു പുണ്യം പലപ്പോഴും കൈമോശം വന്നുപോകുന്നു. അപ്പോഴായിരുന്നു ചലനസ്വാതന്ത്ര്യം നഷ്ടപ്പെട്ട അച്ചൻ വളരെ കൃത്യതയോടെ തന്റെ ശരീരത്തിനെയും മനസിനെയും ആത്മാവിനേയും പരിശീലനത്തിൽ സദാ വ്യാപൃതനായിരുന്നത്.

മൂന്ന്, ദൈവസേവനത്തേക്കാൾ ദൈവസമ്പാദനത്തിന് പ്രാധാന്യം: പ്രഭാതകൃത്യങ്ങൾക്കു ശേഷം അച്ചൻ ദീർഘസമയം വി.കുർബാനയ്ക്കു ഒരുങ്ങി ശ്രദ്ധയോടെ വി.കുർബാനകേട്ട് ദിവ്യകാരുണ്യ സ്വീകരണത്തിനായി കാത്തിരിക്കും. വി.കുർബാന സ്വീകരിച്ച് കഴിഞ്ഞാൽ പിന്നീട് ആഴിയിൽ ഒരുതുള്ളി വെള്ളംപോലെ ദിവ്യകാരുണ്യത്തിലെ ഈശോയുമായി ലയിച്ചിരിക്കുന്ന കാഴ്ച ഞാൻ പലപ്പോഴും കണ്ടിട്ടുണ്ട്. മുഖം പ്രകാശിക്കുകയും കണ്ണുനീർ ധാരധാരയായി ഒഴുകുകയും ചെയ്യും. "തന്നോടുകൂടി ആയിരിക്കാനും പ്രസംഗിക്കാൻ അയയ്ക്കാനുമായി അവൻ 12 പേരെ തെരഞ്ഞെടുത്തു. അയയ്ക്കപ്പെടുന്നതിനുമുമ്പ് അടുത്തിരിക്കേണ്ട ആവശ്യകത അച്ചൻ ഇങ്ങനെ കാണിച്ചുതന്നിരുന്നു. ഞാൻ ബഥനിയിൽ ആയിരുന്ന നാലുവർഷവും ഇതിനൊരു വ്യത്യാസം ഇല്ലായിരുന്നു.

നാല്, ആകാശംപോലെ വിശാലമായ ഹൃദയം: അച്ചന്റെ ഹൃദയം അത്ര വിശാലമായിരുന്നു. ഒത്തിരിപേർക്ക് അതിൽ ഇടമുണ്ടായിരുന്നു. വലിയവനെന്നോ, ചെറിയവനെന്നോ

www.malankaralibrary.com

തരംതരവില്ലാത്ത സ്നേഹം വെറും നാല് അറകളുള്ള ഹൃദയത്തിന്റെ സ്വാഭാവിക പരിധികൾക്ക് അപ്പുറം എത്തിനിൽക്കാൻ അച്ചൻ പ്രാപ്തനാക്കി. അച്ചൻ ഈശോയുടെ കൈയ്യിൽ തന്റെ ഹൃദയം സമർപ്പിക്കുമ്പോൾ ഈ ബന്ധങ്ങളെല്ലാം തിരുഹൃദയത്തോട് ചേരുമെന്ന ഓർമ്മ എത്ര മനോഹരവും ആശ്വാസദായകവുമാണ്.

അഞ്ച്, മറക്കാത്ത കരുതൽ: നമ്മൾ എത്ര ദൂരയായിരുന്നാലും അച്ചന്റെ കരുതലിന്റെ പരിധിയിൽ നമ്മളുണ്ടാകും. ഒരു വിളിയായ്, ഓർമ്മപ്പെടുത്തലായ് അത് നമ്മെ തേടിയെത്തും. "എവിടാ കൊച്ചെ, നിന്റെ അനക്കം ഒന്നുമില്ലല്ലോ" എന്ന ഒരു പരിഭവവും കരുതലും നമ്മെക്കുറിച്ച് ഓർമ്മയുള്ള ഒരു സ്നേഹം.

ആറ്, ദൈവത്തിന്റെ കണ്ണുള്ള അച്ചൻ: അച്ചന്റെ സൗഹൃദങ്ങൾക്ക് ആണെന്നോ, പെണ്ണെന്നോ, ബാല്യമെന്നോ, കൗമാരമെന്നോ, എന്നൊരു വ്യത്യാസം കാണാനില്ലായിരുന്നു. എല്ലാവരും അച്ചന്റെ സ്വന്തം. എല്ലാവർക്കും അച്ചൻ സ്വന്തം. ദൈവതിരുമുമ്പിൽ മുഖനോട്ടമില്ലല്ലോ. അച്ചന്റെ സ്നേഹവലയത്തിലും തരംതിരിവില്ലായിരുന്നു. കണ്ണീരും സന്തോഷവും നർമ്മവും നീരസങ്ങളും ഒക്കെ പങ്കുവയ്ക്കാനുള്ള ഒരു നല്ല ഇടമായിരുന്നു അച്ചന്റെ ആ കൊച്ചുമുറി. ആടുകളെ അറിയുന്ന ഒരു നല്ല ഇടയനായി അച്ചൻ തന്റെ പൗരോഹിത്യം ജീവിച്ചു.

ഭൂമിയിൽനിന്ന് കടന്നുപോയെങ്കിലും ഹൃദയങ്ങളിൽനിന്ന് അച്ചൻ ഒരിക്കലും മാഞ്ഞുപോകുന്നില്ല. അച്ചനുണ്ടായിരുന്നെങ്കിൽ... എന്നൊരു നൊമ്പരം ഒരുപാട് ഹൃദയങ്ങളിൽ അവശേഷിപ്പിച്ചാണ് അച്ചൻ പോയത്. സർവ്വേശ്വരന്റെ ഹൃദയത്തിൽ അച്ചൻ നമ്മെയെല്ലാം ചേർത്തുവയ്ക്കും എന്ന ഉറപ്പാണ്. നമുക്ക് ആശ്വസിക്കാം.



www.malankaralibrary.com

# മായാത്ത പുഞ്ചിരി... മനസിലെന്നും...

**കെ. എസ്. ചിത്ര**
ഗായിക

പൊസേന്തി അച്ചനെ ഞാൻ ആദ്യമായി കാണുന്നത് ബഥനിയിലെ ട്രീറ്റ്മെന്റിനായിട്ട് വന്ന സമയത്താണ്. അന്ന് just ഒന്നു കണ്ടു. കണ്ടുകഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ഒരു പോസിറ്റീവിറ്റി എന്നു പറയുന്നത്, അദ്ദേഹത്തിന്റെ അടുത്തേക്ക് എപ്പോഴും പോകുവാൻ തോന്നുന്ന ഒരു പ്രകൃതമാണ്. മുപ്പതിൽപരം വർഷങ്ങളായി ഒരേ കിടപ്പിൽ കിടക്കുന്ന ഒരാളിന് എപ്പോഴും വളരെ depressed മുഖമായിരിക്കും. പക്ഷേ പൊസേന്തി അച്ചനിൽ എനിക്കേറ്റവും കൂടുതൽ ആകർഷിച്ചത് അദ്ദേഹത്തിന്റെ ചിരിച്ച മുഖവും, നമ്മളോട് ചിരിച്ച് സംസാരിക്കുന്ന വിധവും, നമുക്ക് പോസിറ്റീവിറ്റി തരുന്ന ഒരു വ്യക്തിത്വമാണ്. പിന്നെ ഞാൻ അവിടെയുള്ളപ്പോൾ പലപ്പോഴും കണ്ടിട്ടുണ്ട് എപ്പോഴും ആ റൂമിൽ ഒരുപാട് ആളുകൾ അദ്ദേഹത്തെ കാണാൻ വരുന്നതും എല്ലാവരോടും ഒരു കൗൺസലിംഗ് പോലെ സംസാരിക്കുകയും, സംസാരിച്ച് കഴിയുമ്പോൾ ഒരാശ്വാസം അത് എനിക്ക് ഫീൽ ചെയ്തിട്ടുള്ളതുപോലെതന്നെ ഒരുപാട് പേർക്ക് ഫീൽ ചെയ്തിട്ടുണ്ട്. അതുകൊണ്ടാണല്ലോ എല്ലാവരും അദ്ദേഹത്തെ കാണാൻ വരുന്നത്. നല്ല സ്വാഭവത്തിനുടമ, നല്ല പെരുമാറ്റമുള്ള വ്യക്തിത്വം ഇതൊക്കെയാണ് പൊസേന്തി അച്ചനിൽ എനിക്ക് ആകർഷിച്ചിട്ടുള്ളത്.

ഞാൻ പലപ്പോഴും ആലോചിച്ചിട്ടുണ്ട്, ഒരു മുറിക്കകത്തു തന്നെ, ആ നാലു ചുവരുകൾക്കുള്ളിൽതന്നെ കിടക്കുമ്പോൾപോലും ഒരു 'മടുപ്പ്' ആ മുഖത്ത് ഇല്ല. എപ്പോഴും സന്തോഷമായിട്ട്, ചിരിക്കുന്ന മുഖം അതു തന്നെയാണ് അച്ചനെക്കുറിച്ച് ഓർക്കുമ്പോൾ എന്റെ മനസിലുള്ളത്. അദ്ദേഹം പോയസമയത്ത് നിശ്ചലനായി കിടക്കുന്നത് എനിക്ക് കാണണ്ടാ എന്ന് എന്റെ മനസിലുണ്ടായിരുന്നു. ആ ചിരിച്ച മുഖം എപ്പോഴും എന്റെ മനസിലുണ്ട്. ഞാൻ അങ്ങനെതന്നെ അച്ചനെ കാണാൻ ആഗ്രഹിക്കുന്നു. ഞാൻ ഹോസ്പിറ്റലിൽ പോയി കാണുമ്പോഴും, അസുഖവിവരത്തെക്കുറിച്ച് അച്ചൻ പറയുന്നതുപോലും ചിരിച്ചുകൊണ്ടായിരുന്നു. ഞാനപ്പോൾ അച്ചനോടു പറഞ്ഞു, "ഇതിനേക്കാളും വലിയ ഒരു ആക്സിഡന്റിൽനിന്നും അച്ചൻ മനസുകൊണ്ട് അതിജീവിച്ചതല്ലേ. അപ്പോൾ തീർച്ചയായും ഇതും കടന്നുപോകും" എന്ന് പറഞ്ഞിട്ടാണ് ഞാൻ വന്നത്.

അദ്ദേഹത്തിന് കർത്താവിന്റെ അടുത്തേക്ക് പോകേണ്ട സമയമായി. എന്തായാലും ആ പോസിറ്റീവിറ്റി ഒരുപാട് പേർക്ക് അദ്ദേഹം പകർന്നുകൊടുത്തു. അതിന്റെ ഒരു വെളിച്ചത്തിൽതന്നെ നമുക്ക് ജീവിതം മുമ്പോട്ടു കൊണ്ടുപോകാൻ പറ്റും. നല്ല കാര്യങ്ങൾ മാത്രം ചെയ്തിട്ടുള്ള ഒരാൾ കർത്താവിന്റെ അടുത്തുതന്നെ അദ്ദേഹത്തിന് സ്ഥാനം ലഭിക്കും എന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. അച്ചന്റെ ആത്മാവിന് സമാധാനവും ശാന്തിയും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



www.malankaralibrary.com

# ഫാദർ ഗബ്രിയേൽ പൊസേന്തി, ബഥനിയുടെ സഹനപുഷ്പം

ഫിലിപ്പ് നൈനാൻ

പ്രിയപ്പെട്ട പൊസേന്തി അച്ചൻ, ബഥനിയുടെ സഹനപുഷ്പം. തന്റെ എൺപത്തി ഒന്നാമത്തെ വയസ്സിൽ 40 വർഷം നീണ്ട സഹന ജീവിതത്തിന് വിരാമമിട്ട് നിത്യസമ്മാനത്തിനായി നാഥന്റെ സന്നിധിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു. സഹനത്തിലൂടെ തന്നെ മഹത്വപ്പെടുത്തുക എന്ന ദൈവവിളി ശിരസാ വഹിച്ച് തന്റെ ഓട്ടം പൂർത്തിയാക്കിയിരിക്കുന്നു. ബഹുമാനപ്പെട്ട പൊസേന്തി അച്ചനെ കുറിച്ച് ഒരു ഓർമ്മക്കുറിപ്പ് എഴുതുവാൻ തുടങ്ങുമ്പോൾ എനിക്ക് നിറയുന്ന ഭക്തിയും അതിലേറെ പരമകാരുണികനായ ദൈവത്തോടുള്ള നന്ദിയുമാണ് ഹൃദയത്തിൽ നിറയുന്നത്. കർത്താവിന് ഇത്ര പ്രിയപ്പെട്ട ഒരു പുരോഹിത ശ്രേഷ്ഠന്റെ സ്നേഹത്തിന് പാത്രമാകാൻ, സ്വന്തം എന്ന് കരുതാൻ, അടുത്തിടപഴകാൻ, മകനായി ജീവിക്കാൻ കാരുണ്യവാനായ ദൈവമേ നീ എനിക്കും ഈ ജന്മത്തിൽ ഭാഗ്യം നൽകിയല്ലോ എന്നോർക്കുമ്പോൾ നന്ദികൊണ്ട് എന്റെ ഉള്ളവും നിറയുകയാണ്. നിറഞ്ഞ ഭക്തിയോടെ ആ പുണ്യജീവിതത്തെ അല്പമെങ്കിലും ഒന്ന് ഓർത്തെടുക്കാൻ മകന്റെ സ്ഥാനത്തുനിന്ന് ഞാൻ ഒരു ശ്രമം നടത്തുകയാണ്. ജനനം, ബാല്യം, വിദ്യാഭ്യാസം തിരുവല്ല രൂപതയിൽ മുണ്ടു പാലത്തിങ്കൽ കുടുംബത്തിന്റെ താന്നിക്കാക്കുഴി ശാഖയിൽ കോട്ടൂർ ഇടവകയിൽ ശ്രീമാൻ ഫീലിപ്പോസിന്റെയും മറിയാമ്മയുടെയും 9 മക്കളിൽ നാലാമൻ ആയിട്ടാണ് തങ്കച്ചൻ എന്ന ബാലൻ ജനിക്കുന്നത്. പ്രാഥമിക വിദ്യാഭ്യാസം കോട്ടൂർ ലിറ്റിൽ ഫ്ളവർ എൽ. പി .സ്കൂളിലും, ഹൈസ്കൂൾ പഠനം എൻ,എസ്,എസ് ഹൈസ്കൂൾ കവിയൂരിലും തുടർന്ന് കറ്റാനം പോപ്പ് പയസ് ഹൈസ്കൂളിലും പൂർത്തിയാക്കി ബഥനി ആശ്രമത്തിൽ ഒരു സന്ന്യാസാർഥിയായി പ്രവേശിച്ച അദ്ദേഹത്തിന്റെ ആശ്രമ ജീവിതനിഷ്ഠ സഹോദരൻ റവ. ഫാദർ ഫിലിപ്പ് നേരിയേയും ആശ്രമ ജീവിത വഴിയിലെത്തിച്ചു. അതോടൊപ്പം രണ്ട് സഹോദരിമാരും സിസ്റ്റർ വിദ്യ, സിസ്റ്റർ പ്രീതി എന്നിവരും സന്ന്യാസ വഴിയിലൂടെ ദൈവവിളി കണ്ടെത്തുകയും സമർപ്പിത ജീവിതം തെരഞ്ഞെടുക്കുകയും ചെയ്തു. 1972 സെപ്റ്റംബർ 21 ചെങ്ങന്നൂർ മലങ്കര കത്തോലിക്ക ദേവാലയത്തിൽ വച്ച് ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയിൽ നിന്നും വൈദിക പട്ടം സ്വീകരിക്കുകയും 1972 സെപ്റ്റംബർ 22ന് കണ്ണൂർ ജില്ലയിലെ ചെമ്പൻതൊട്ടി സെന്റ് ജോർജ് സിറിയൻ കാത്തലിക് ഫെറോന ദേവാലയത്തിൽ പ്രഥമ ദിവ്യബലി അർപ്പിക്കുകയും ചെയ്യു. തുടർന്ന് ബോംബെയിൽ മിഷൻ മേഖലയിലേക്ക് നിയോഗിക്കപ്പെട്ട ബഹുമാനപ്പെട്ട അച്ചൻ ബോംബെ, തിരുവല്ല തുടങ്ങിയ സ്ഥലങ്ങളിലെ സ്തുത്യർഹമായ സേവനങ്ങൾക്ക് ശേഷം ബത്തേരി രൂപതയിലെ ചീങ്ങേരി ദേവാലയത്തിന്റെ വികാരിയും മീനങ്ങാടി ആശ്രമാംഗവുമായി ശുശ്രൂഷ ആരംഭിച്ചു. 1985 മാർച്ച് 30 ഓശാന ശനിയാഴ്ച കോഴിക്കോട് നിന്നും മീനങ്ങാടിയിലേക്കുള്ള കെ. എസ്. ആർ. ടി. സി. ബസ് യാത്രയിൽ ലക്കിടിയിൽ വച്ച് എതിരെ വന്ന ബസ്സുമായി കൂട്ടിയിടിച്ചുണ്ടായ അപകടം ബഹുമാനപ്പെട്ട പൊസന്തി അച്ചനെ ശയ്യാവലംബിയാക്കി തീർത്തു. കോഴിക്കോട് മെഡിക്കൽ കോളേജിലും തുടർന്ന് വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിലും, കോട്ടയം ബഥനി ജനറലേറ്റ്, നാലാഞ്ചിറ ബഥനി പ്രകൃതി ചികിത്സാ കേന്ദ്രം, നാലാഞ്ചിറ ബഥനി ദയറ എന്നിവിടങ്ങളിൽ തന്റെ 40 വർഷം നീണ്ട സഹന ജീവിതം അദ്ദേഹം പൂർത്തിയാക്കി.

www.malankaralibrary.com

**പൊസേന്തി അച്ചൻ എന്റെ വ്യക്തിജീവിതത്തിൽ**

പ്രിയപ്പെട്ട പൊസേന്തി അച്ചനെ കുറിച്ചുള്ള ഓർമ്മകൾ ഏറെയും അദ്ദേഹത്തിന്റെ സഹന ജീവിതവുമായി ബന്ധപ്പെട്ടതാണെങ്കിലും, എന്നെ സംബന്ധിച്ചിടത്തോളം അദ്ദേഹം എന്റെ ജീവിതത്തിലെ ഏറ്റവും അനുഗ്രഹീതമായ നിമിഷങ്ങൾ സമ്മാനിച്ച വ്യക്തി കൂടിയാണ്. 1972 സെപ്റ്റംബർ 22-ന് കണ്ണൂർ ജില്ലയിലെ ചെമ്പൻതൊട്ടി സെന്റ് ജോർജ് സിറിയൻ കാത്തലിക് ഫെറോന ദേവാലയത്തിലെ പ്രഥമ ബലിയർപ്പണം എന്റെ ആദ്യകർബാന സ്വീകരണ ചടങ്ങ് കൂടിയായിരുന്നു. ബഹുമാനപ്പെട്ട സിസ്റ്റർ പൗളിൻ പഠിപ്പിച്ച ആദ്യകുർബാന പാഠങ്ങൾ ഹൃദിസ്ഥമാക്കി ഞാനാ ദിനത്തിന് കാത്തിരുന്നു. ഈശോ ദിവ്യകാരുണ്യമായി എന്നിലേക്ക് വന്ന ദിവസം, വീട്ടിൽ പൊസേന്തി അച്ചന്റെ പ്രഥമ ബലിയർപ്പണത്തിന്റെ തിരക്കിലും സന്തോഷത്തിലും എന്റെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണത്തിന് വേണ്ടത്ര ശ്രദ്ധ ലഭിച്ചിരിക്കാൻ ഇടയില്ല. എങ്കിലും എന്റെ ജീവിതത്തിന്റെ നാൾവഴികളിൽ എല്ലാം എന്റെ നാവിൽ ക്രിസ്തുനാഥനെ ആദ്യമായി നൽകിയ എന്റെ പ്രിയപ്പെട്ട തങ്കച്ചായനെ, നമ്മുടെ പൊസേന്തി അച്ചനെ, ഞാനെന്റെ ഗുരുനാഥനായും പിതൃതുല്യനായും സ്നേഹിക്കുകയും പിഞ്ചെല്ലുകയും ചെയ്തിരുന്നു. പിൽക്കാലത്ത് എന്റെ വത്സല പിതാവ് 25 വർഷങ്ങൾക്ക് മുൻപ് തന്റെ സ്വർഗീയ സമ്മാനത്തിനായി വിളിക്കപ്പെട്ട നാൾ മുതൽ അദ്ദേഹത്തിന്റെ സ്ഥാനത്തായിരുന്നു ഞാൻ പൊസേന്തി അച്ചനെ കണ്ടിരുന്നത്. എന്റെ ജീവിതത്തിലെ എല്ലാ പ്രധാനപ്പെട്ട തീരുമാനങ്ങളും അദ്ദേഹത്തോട് അഭിപ്രായം ചോദിച്ചിട്ട് മാത്രമേ ഞാൻ എടുത്തിരുന്നുള്ളൂ. എനിക്ക് മാത്രമല്ല എന്റെ കുടുംബത്തിലെ ഓരോ അംഗത്തിനും ജീവിതത്തിന്റെ നിർണായ നിമിഷങ്ങളിൽ അദ്ദേഹം വഴികാട്ടിയായിരുന്നു. കുടുംബത്തിലെ ഓരോ വ്യക്തിയുടെയും വളർച്ചയും ഉയർച്ചയും ബഹുമാനപ്പെട്ട അച്ചൻ സന്തോഷപൂർവ്വം ആഗ്രഹിച്ചിരുന്നു, അതിനായി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. എന്നാൽ ബഥനിയുടെ ആശ്രമ ചൈതന്യത്തിന് നിരക്കാത്ത ഒരു നിലപാടും കുടുംബവുമായോ കുടുംബാംഗങ്ങളുമായി ഉള്ള തന്റെ ബന്ധത്തിൽ ഉണ്ടാകരുത് എന്ന് അദ്ദേഹത്തിന് നിർബന്ധവും നിഷ്ടയും ഉണ്ടായിരുന്നു. സമ്പത്തിന്റെയും സമ്മാനങ്ങളുടെയും പെരുക്കത്തിന്റെ ബലത്തിൽ ബന്ധങ്ങളുടെ ആഴം അളക്കുന്ന ആധുനിക ലോക ജീവിതക്രമത്തിൽ തന്റെ ദാരിദ്ര്യവ്രതത്തിന്റെ സമ്പന്നതയിൽ നിന്ന് പ്രാർത്ഥനയുടെയും ദൈവാനുഗ്രഹങ്ങളുടെയും സമൃദ്ധി കുടുംബാംഗങ്ങൾക്ക് നൽകുക വഴി സന്ന്യാസ ജീവിതവഴിയിലെ കുടുംബബന്ധങ്ങൾക്ക് അദ്ദേഹം തനതായ വ്യാഖ്യാനങ്ങൾ തീർക്കുകയായിരുന്നു.

**ബഥനിയുടെ കരുതൽ**

അപകടത്തിനുശേഷം 40 വർഷം നീണ്ട പൊസേന്തി അച്ചന്റെ ജീവിതത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജ് മുതൽ വെല്ലൂരും കോട്ടയത്തും തുടർന്ന് നാലാഞ്ചിറയിലും ബഥനി സന്ന്യാസ സമൂഹം തങ്ങളുടെ ഈ പ്രിയപ്പെട്ട സഹോദരനെ അനിതര സാധാരണമായ കരുതലോടെ ചേർത്തുപിടിക്കുന്നത് ആദരവോടും അതിലേറെ അത്ഭുതത്തോടും കൂടി ഞാൻ നോക്കി നിന്നിട്ടുണ്ട്. ബഥനിയുടെ ഈ കരുതലാണ് 40 വർഷം കിടക്കയിൽ മാത്രം ജീവിച്ച പ്രിയപ്പെട്ട പൊസേന്തി അച്ചൻ തന്റെ സഹന ജീവിതത്തിൽ ഒരിക്കൽ പോലും മാനസികമായോ ശാരീരികമായോ തിരസ്കരിക്കപ്പെട്ടു എന്ന ചിന്തയില്ലാതെ ജീവിച്ചത് എന്ന് എനിക്ക്

www.malankaralibrary.com

അഭിമാനപൂർവ്വം അതിലേറെ നിറയുന്ന കടപ്പാട് കൂടി പറയുവാൻ സാധിക്കും. ബഥനി മിശിഹാനുകരണ സന്ന്യാസ സമൂഹത്തിന്റെ കലാകാലങ്ങളിലെ ജനറാൾ അച്ചന്മാർ മുതൽ സന്ന്യാസാർഥികൾ വരെ, ആശ്രമ ജീവിതത്തിന്റെ ഈ കരുതലിന്റെ കരം നീട്ടി ബഹുമാനപ്പെട്ട പൊസേന്തി അച്ചനെ ചേർത്തുനിർത്തിയവർ അനേകരാണ്. ബഹുമാന്യരായ അൽഫോൻസച്ചൻ, പ്ലാസിഡച്ചൻ, ഗീവർഗീസ് പാലവിളയച്ചൻ തുടങ്ങിയ വന്ദ്യ വൈദികരോടൊപ്പമുള്ള വെല്ലൂർ മെഡിക്കൽ കോളേജ് ജീവിതം എനിക്ക് എന്നും ഓർമ്മയിൽ സൂക്ഷിക്കാൻ നല്ല നിമിഷങ്ങൾ സമ്മാനിച്ച ദിനങ്ങളാണ്. ബഥനി ആശ്രമ ജീവിതത്തിന്റെ കരുതലും കരുത്തും ഞാൻ നേരിട്ട് അനുഭവിച്ച മനോഹരമായ ദിവസങ്ങൾ ആയിരുന്നു അവ. ബഥനി ആശ്രമസ്ഥരോടൊപ്പം ബഥനി സിസ്റ്ററും ബഹുമാനപ്പെട്ട അച്ചന്റെ രോഗശയ്യയിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ ശുശ്രൂഷിക്കാൻ ഒപ്പം ഉണ്ടായിരുന്നു എന്നത് നന്ദിയോടെ ഓർക്കുന്നു. കോഴിക്കോട് മെഡിക്കൽ കോളേജ് മുതൽ അവസാന നിമിഷം വരെ ബഹുമാനപ്പെട്ട അച്ചനെ നിർണായക വേളകളിലെല്ലാം ശുശ്രൂഷിക്കാൻ ഭാഗ്യം ലഭിച്ച സഹോദരി ബഹുമാനപ്പെട്ട സിസ്റ്റർ പ്രീതി എസ്.ഐ.സി.യുടെ സമർപ്പണത്തിനു മുൻപിൽ ശിരസ്സ് നമിക്കുന്നു. കോട്ടയത്തു നിന്നും നാലാഞ്ചിറ ബഥനി പ്രകൃതി ചികിത്സാ കേന്ദ്രത്തിൽ എത്തിയത് മുതൽ പൊസന്തി അച്ചന്റെ ജീവിതം അദ്ദേഹത്തെ കണ്ടുമുട്ടുന്നവർക്കും അദ്ദേഹത്തിന് ചുറ്റുമുള്ളവർക്കും സന്തോഷവും ആശ്വാസവും പ്രതീക്ഷയും നൽകുന്നതായിരുന്നു. പ്രകൃതി ചികിത്സാ കേന്ദ്രത്തിലെ ഡയറക്ടർ റവ. ഫാദർ ഡോക്ടർ ഫിലിപ്പ് നേരി, അച്ചന്റെ സഹോദരൻ എന്നതിലുപരി തുടർന്നുള്ള അച്ചന്റെ ജീവിതത്തിൽ ഒരു നിഴലുപോലെ കൂടെ നടന്ന ബഥാനിയനായിരുന്നു. ഈ കാലയളവിൽ ബഹുമാനപ്പെട്ട അച്ചനെ ശുശ്രൂഷിച്ചിരുന്നവർ അവധിക്ക് വീട്ടിൽ പോയിരുന്ന അവസരങ്ങളിൽ കൂടെ നിൽക്കാനും ശുശ്രൂഷിക്കുവാനും ബഥനി സന്ന്യാസ സമൂഹം എനിക്കും അവസരം നൽകുകയും എന്റെ ജീവിതത്തിൽ ഏറ്റവും അമൂല്യമായ കുറെ നിമിഷങ്ങൾക്ക് കാരണമാവുകയും ചെയ്തു എന്നത് ആദരവോടെ ഞാൻ ഏറ്റു പറയട്ടെ. പൊസേന്തി അച്ചന്റെ പ്രിയപ്പെട്ട വൈശാഖിനേയും അദ്ദേഹത്തിന്റെ നിസ്വാർഥ സേവനത്തേയും ആദരപൂർവം ഓർക്കുന്നു.

**ഉപസംഹാരം**

പ്രിയപ്പെട്ട പൊസേന്തി അച്ചനെ പറ്റിയുള്ള ഈ കുറിപ്പ് സംഭവബഹുലമായ ആ ജീവിതത്തെ ഒരുതരത്തിലും ഉൾക്കൊള്ളാൻ പര്യാപ്തമല്ല. ബഹുമുഖമായ ആ വ്യക്തിത്വത്തിന്റെ വിവിധ മുഖങ്ങൾ ആഴത്തിലും പരപ്പിലും ഇനിയും ചർച്ച ചെയ്യപ്പെടുമെന്നുള്ളതുകൊണ്ട് ഞാൻ ഇവിടെ അവസാനിപ്പിക്കുന്നു. സങ്കടപ്പെടുന്നവരുടെ അത്താണിയായിരുന്നു അദ്ദേഹം. സ്വന്തം സഹന കിടക്കയിൽ കിടന്നുകൊണ്ട് അനേകരുടെ സങ്കടങ്ങൾ കേൾക്കുവാനും പ്രതിസന്ധികളിൽ ആശ്വാസമാകുവാനും അദ്ദേഹത്തിന് കഴിഞ്ഞു. പ്രശസ്ത ഗായിക കെ. എസ്. ചിത്ര മുതൽ ഈ നിര നീണ്ടതാണ്. ബഹുമാനപ്പെട്ട പൊസേന്തി അച്ചൻ മാർ ഇവാനിയോസ് തിരുമേനിയുടെ ജീവിതത്തെ അതിന്റെ ആഴത്തിലും പരപ്പിലും അനുഭവിച്ചറിയുവാൻ ആത്മാർത്ഥമായി ശ്രമിക്കുകയും തനിക്ക് ലഭിച്ച പ്രകാശം എഴുത്തിലൂടെയും നാടകങ്ങളിലൂടെയും സമൂഹത്തിന് കൈമാറാൻ ശ്രമിക്കുകയും ചെയ്തു. സഹനത്തെ ക്രിസ്തനാഥന്റെ ക്രൈസ്തവ ജീവിത സാക്ഷ്യത്തിനുള്ള വിളിയായി തിരിച്ചറിഞ്ഞ അച്ചൻ ഒരിക്കലും തന്റെ സഹനത്തെ പറ്റി പരാതിപ്പെടുകയോ പരിഭവിക്കുകയോ ചെയ്യുന്നത്

www.malankaralibrary.com

ഞാൻ കണ്ടിട്ടില്ല. തനിക്ക് ചുറ്റുമുള്ളവരിലേക്ക് സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും പ്രകാശം പരത്തിയിരുന്ന ഒരു കർമ്മയോഗി ആയിരുന്നു പ്രിയപ്പെട്ട പൊസേന്തി അച്ചൻ. ഒരു മുറിക്കുള്ളിൽ ഒരുക്കപ്പെട്ട തന്റെ ജീവിതത്തിൽ ഈ ലോകത്തിലെ എല്ലാ അറിവിനോടും എല്ലാ മാറ്റങ്ങളോടും തനിക്കാവുന്ന വിധം ക്രിയാത്മകമായി അദേഹം സംവദിക്കുകയായിരുന്നു. വ്യക്തി ബന്ധങ്ങൾ സൃഷ്ടിക്കുന്നതിനും ആഴമായ സൗഹൃദങ്ങൾ കാത്തുസൂക്ഷിക്കുന്നതിനും അദ്ദേഹം എപ്പോഴും ശ്രദ്ധിച്ചിരുന്നു. സമൂഹത്തിന്റെ വിവിധ തുറയിലുള്ളവരുമായി സംവദിക്കുന്നതിനും ആശയങ്ങൾ സ്വീകരിക്കുന്നതിനും അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. അഭിവന്ദ്യ പിതാക്കന്മാരും ബഹുമാനപ്പെട്ട വൈദികരും സന്യസ്തരും സാധാരണക്കാരും അടങ്ങുന്ന ഒരു വലിയ സുഹൃത്ത് വലയം അദ്ദേഹത്തിന്റെ ഏറ്റവും വലിയ ശക്തിയായിരുന്നു.

ഒരു സന്ന്യാസിയുടെ നിശബ്ദതയും നിർമ്മമത്വവും അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷതകളിൽ ഒന്നായിരുന്നു. ക്രൈസ്തവ അധ്യാത്മികതയുടെ ഉയർന്ന തലങ്ങളിൽ വ്യാപരിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. അപ്പോഴും ഭക്തിയുടെ പ്രാഥമിക തലങ്ങളിൽ ഈശ്വരാനുഭവം തേടിയിരുന്നവരും അദ്ദേഹത്തിന്റെ പ്രിയ കൂട്ടുകാരായിരുന്നു. അസ്ഥികളെ തകർക്കുന്ന വേദന വരിഞ്ഞുമുറുകുമ്പോഴും ദൈവാശ്രയത്തിൽ മുറുകെപ്പിടിച്ച് പരിശുദ്ധ അമ്മയിൽ ആശ്രയിച്ച് തന്റെ വേദനകളെ മറ്റാരും അറിയാതെ ഈശോയ്ക്ക് സമർപ്പിച്ചിരുന്നു. ഇത്തരത്തിൽ വൈവിധ്യമാർന്ന, ബഹുമുഖമായ ഈ സവിശേഷ വ്യക്തിത്വത്തെ അടുത്തറിയുവാൻ എനിക്ക് ലഭിച്ച അസുലഭ അവസരങ്ങളെ ഓർത്ത് ദൈവതിരുമുൻപിൽ സ്തോത്രം അർപ്പിച്ചുകൊണ്ട് സ്വർഗത്തിൽ ഇരുന്നുകൊണ്ട് നമുക്ക് ഓരോരുത്തർക്കും വേണ്ടി പ്രിയപ്പെട്ട അച്ചൻ സ്വർഗീയ സ്വർഗപിതാവിനോട് മാധ്യസ്ഥം യാചിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ബഹുമാനപ്പെട്ട പൊസേന്തി അച്ചൻ അവസാനമായി എഴുതിയ ഒരു കുറിപ്പിൽ പറയുന്ന പോലെ ഭക്തിയോടെ ഞാനും ആവർത്തിക്കട്ടെ, 'ബഥനി നീ എത്ര ഭാഗ്യവതി.'



www.malankaralibrary.com

# സുകൃതം ഈ സഹനം - സുകൃതം ഈ ജീവിതം

**അഡ്വ. ഡോ. തോമസുകുട്ടി പനച്ചിക്കൽ**

ബഥനി ആശ്രമത്തിലെ തന്റെ മുറിയുടെ നാലു ചുവരുകൾക്കുള്ളിൽ നാലുപതിറ്റാണ്ടുകൾ അസാധാരണമായ ദൈവസാന്നിധ്യത്തിന്റെ നേർക്കാഴ്ചയായി ജീവിച്ച വന്ദ്യവൈദികൻ! തന്റെ കിടക്കയെ വേദനയുടെ തടവറയായിട്ടല്ല, മറിച്ച്, അചഞ്ചലമായ ക്രിസ്തുവിശ്വാസത്തിന്റെ സാക്ഷ്യമായി പ്രതിഷ്ഠിച്ച പുണ്യപുരുഷൻ! ഏറ്റവും ലളിതവും അത്യന്തം ദീപ്തവുമായ തന്റെ ജീവിതത്തിലൂടെ യേശുവിന്റെ കുരിശിനെ പുണർന്നുകൊണ്ട് തന്റെ ജീവിതം സ്വർഗ്ഗത്തിനു കാഴ്ചവച്ച ഉത്തമസന്ന്യാസി - അതായിരുന്നു വന്ദ്യ ഗബ്രിയേൽ പൊസേന്തി ഒ.ഐ.സി. അച്ചൻ. സഭയാകുന്ന തന്റെ ശരീരത്തെ പ്രതി ക്രിസ്തുവിനു സഹിക്കേണ്ടിവന്ന പീഡകളുടെ കുറവ് എന്റെ ശരീരത്തിൽ ഞാൻ നികത്തുന്നു (കൊളോ.1:24) എന്നു പറഞ്ഞ പൗലോസിനെപ്പോലെ തന്റെ ശരീരം ഒരു സുരഭിലകാഴ്ചയായി കർത്താവിനു സമർപ്പിച്ച യോഗിവര്യൻ!

“യേശു ശിഷ്യന്മാരോട് അരുളിച്ചെയ്തു: ആരെങ്കിലും എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ” (വി.മത്താ 16:24). കഴിഞ്ഞ 40 വർഷക്കാലം തന്നെതന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് പ്രിയപ്പെട്ട അച്ചൻ ഈ നസറായനെ അനുഗമിക്കുകയായിരുന്നു. യേശുവുമായി അച്ചനുണ്ടായിരുന്നത് അഗാധമായ വ്യക്തിബന്ധമായിരുന്നു. ഏറ്റവുമടുത്ത ഒരു സഹോദരനെ എന്ന പോലെയോ വാത്സല്യവാനായ ഒരു സ്നേഹിതനെ എന്നപോലെയോ ആണ് യേശുവിനെക്കുറിച്ച് അച്ചൻ സംസാരിച്ചിരുന്നത്. ഗുരുതരമായ രോഗാവസ്ഥയിൽ തന്റെ ശരീരം അനുദിനം ക്ഷയിച്ചുകൊണ്ടിരുന്നപ്പോഴും അദ്ദേഹത്തിന്റെ ആത്മാവിൽ ക്രിസ്തുസ്നേഹം പുഷ്ടി പ്രാപിച്ചുകൊണ്ടേയിരുന്നു. അദ്ദേഹത്തിന് ക്രിസ്തുസ്നേഹമെന്നത് ഒരു അധരവ്യായാമം ആയിരുന്നില്ല. മറിച്ച്, തന്റെ സിരകളിലൂടെ ഒഴുകുന്ന അടങ്ങാത്ത ലഹരിയായിരുന്നു.

മനുഷ്യന്റെ യഥാർത്ഥബലം കരചരണങ്ങളിലല്ല, ആത്മാവിലാണ് എന്നു നമുക്കു കാണിച്ചുതന്ന ഒരു അതുല്യ ‘ശക്തിമാൻ’ ആയിരുന്നു പ്രിയപ്പെട്ട പൊസേന്തി അച്ചൻ. വേദനകൊണ്ടു പുളയുമ്പോഴും ആ അധരങ്ങൾ നിരാശയുടെ ഒരു വാക്കുപോലും ഉച്ചരിച്ചില്ല. തന്റെ രോഗാവസ്ഥയെക്കുറിച്ച് ആരോടും പറഞ്ഞില്ല; തന്റെ അസൗകര്യങ്ങളെക്കുറിച്ച് ആരോടും പരാതിപെട്ടിട്ടില്ല. ദൈവനിന്ദയുടെ ഒരു ശബ്ദംപോലും ആ അധരങ്ങളിലൂടെ പുറത്തുവന്നില്ല. രക്ഷാകരസംഭവത്തിന്റെ നിശബ്ദസാക്ഷിയായി ആ മുറിക്കുള്ളിൽ അദ്ദേഹം നിലകൊണ്ടു. തന്നെ കാണുവാൻ വന്നവരിലെല്ലാം പ്രത്യാശയുടെ ഒരു തിരിനാളം കൊളുത്തുവാൻ ഈ വന്ദ്യ വൈദികനു കഴിഞ്ഞത് അതുകൊണ്ടാണ്.

ഞാൻ പൊസേന്തി അച്ചനെ ആദ്യമായി കാണുന്നത് 1979-ൽ പൂനാ ബഥനി ആശ്രമത്തിലെ ഭക്ഷണശാലയിൽ വച്ചാണ്. അന്ന് അദ്ദേഹം ബോംബെ യൂണിവേഴ്സിറ്റിയിൽ ‘Communication Media and Dramatics’-ൽ ഉപരി പഠനം നടത്തുന്ന വൈദികൻ എന്ന കൗതുകം മനസിലൊളിപ്പിച്ചുകൊണ്ട് അദ്ദേഹത്തെ അവിടെവച്ചു പരിചയപ്പെട്ടു. വ്യത്യസ്തമായ കാഴ്ചയും കാഴ്ചപ്പാടുകളും ഉള്ള ആ വൈദികനോട് എനിക്ക് വല്ലാത്ത ഒരു ആരാധനയും അടുപ്പവും തോന്നി. പിന്നീട് ഞാൻ അച്ചനെക്കുറിച്ച് കേൾക്കുന്നത്, അച്ചനു സംഭവിച്ച ആ വലിയ ബസപകടത്തെ തുടർന്നാണ്. പിന്നീട്, 1989-ൽ അച്ചൻ നാലാഞ്ചിറ ബഥനി പ്രകൃതി ചികിത്സാ

www.malankaralibrary.com

കേന്ദ്രത്തിൽ എത്തിയ നാൾ മുതൽ ഞാൻ അച്ചന്റെ ഒരു സ്ഥിരസന്ദർശകൻ ആയിരുന്നു. പതിയെ പതിയെ, ഞങ്ങൾ തമ്മിൽ വലിയ ഒരു ആത്മബന്ധം രൂപപ്പെട്ടു. പതിവായി കാണുന്ന സമയത്ത് ഞാൻ എത്തിയില്ലെങ്കിൽ ശെമ്മാശൻമാർ വഴി എന്നെ അന്വേഷിക്കും (അച്ചനു സ്വന്തമായി ഒരു ഫോൺ ഉണ്ടാകുന്നത് വളരെ വൈകിയാണ്). സ്വന്തമായി ഫോൺ കിട്ടിയതു മുതൽ, കാണണം എന്നു തോന്നുമ്പോൾ വിളിക്കും, "ആശാനെ, കുറെ ദിവസമായല്ലോ, ഈ വഴി വന്നിട്ട്" ഞാൻ മറുപടി പറയും, "അടിയൻ ഇന്ന് ഹാജരാകാമേ."

അച്ചനുമായുള്ള കൂടിക്കാഴ്ചകൾ അത്യന്തം ആഹ്ലാദത്തിന്റെ നിമിഷങ്ങൾ ആയിരുന്നു. സഭാസംബന്ധവിഷയങ്ങളെയും പൊതുവിഷയങ്ങളേയും കുറിച്ച് ഞങ്ങൾ ദീർഘമായി സംസാരിക്കുമായിരുന്നു. നാലു ചുവരുകൾക്കുള്ളിൽ അടയ്ക്കപ്പെട്ട ഒരു മനുഷ്യൻ ലോകകാര്യങ്ങൾ എങ്ങനെ ഇത്ര കൃത്യമായി അറിയുന്നു എന്നത് എന്നും എനിക്കൊരു അത്ഭുതമായിരുന്നു. ഒരുപക്ഷേ സഭാസംബന്ധമായ ചില കാര്യങ്ങൾ എനിക്കുമുമ്പേ അറിയുന്നത് പൊസേന്തി അച്ചനായിരിക്കും. സഭയിലെ എല്ലാ കാര്യങ്ങളും പ്രത്യേകിച്ച് മലങ്കര കത്തോലിക്കാസഭയിലെ എല്ലാ പ്രദേശത്തെയും കാര്യങ്ങൾ അച്ചൻ കൃത്യമായി അപ്പപ്പോൾ അറിയുമായിരുന്നു. അച്ചന്റെ ഓർമശക്തി അപാരമായിരുന്നു. സഭയിലെ വ്യക്തിത്വങ്ങളെക്കുറിച്ച് അച്ചന് ആധികാരികമായ അറിവും തിരിച്ചറിവും ഉണ്ടായിരുന്നു.

ക്രിയാത്മകമായ വിമർശനം നടത്തുന്നതിനുള്ള ഒരു ആർജ്ജവം അച്ചനുണ്ടായിരുന്നു. 'ഞാനെന്തിനാ ഭയപ്പെടുന്നത്, എനിക്ക് തമ്പുരാനെ മാത്രമെ ഭയപ്പെടേണ്ടതുള്ളു'' എന്നതായിരുന്നു അച്ചന്റെ നിലപാട്. താൻ അംഗമായിരിക്കുന്ന ബഥനി ആശ്രമത്തെക്കുറിച്ചും അതിന്റെ ഭാവിയെക്കുറിച്ചും അദ്ദേഹത്തിന് വ്യക്തമായ ഉൾക്കാഴ്ച ഉണ്ടായിരുന്നു. ആശ്രമത്തിന്റെ ഓരോ ചലനങ്ങളും അദ്ദേഹം സസൂക്ഷ്മം നിരീക്ഷിച്ചിരുന്നു; അതുപോലെതന്നെ മലങ്കര കത്തോലിക്കാ സഭയുടെയും.

ഞങ്ങളുടെ കൂടിക്കാഴ്ചകൾ എപ്പോഴും ഹാസ്യപൂർണ്ണമായിരുന്നു. ഒത്തിരി തമാശകൾ പറഞ്ഞ് ഉച്ചത്തിൽ ചിരിക്കുമായിരുന്നു. മേമ്പൊടിയായി എന്തെങ്കിലും ചിലത് ഞാനും പറഞ്ഞ് ഒപ്പിക്കുമായിരുന്നു. ജീവിതത്തിന്റെ ഭാരമൊക്കെ ഒഴുകിപ്പോകുന്ന ചില നിമിഷങ്ങളായിരുന്നു അതൊക്കെ. എത്ര വലിയ ഹൃദയവ്യഥയോടെയാണ് ഞാൻ അവിടേക്ക് പോകുന്നത് എങ്കിലും തികഞ്ഞ സന്തോഷത്തോടെയായിരിക്കും എന്റെ മടക്കം. സഹനത്തിന്റെ തീച്ചൂളയിൽ വെന്തെരിയുന്ന ഒരു മനുഷ്യന് എങ്ങനെ ഇതു സാധിക്കുന്നു എന്നത് ഇന്നും എനിക്ക് മനസ്സിലാകാത്ത ഒരു സമസ്യ! ഒരുപക്ഷേ എന്റെ ഈ കുറിപ്പ് വായിച്ച് അച്ചൻ അവിടെയിരുന്നു പൊട്ടിച്ചിരിക്കുന്നുണ്ടാകും!!

വചനം മാംസമാകണം, സുവിശേഷം ജീവിക്കണം എന്നൊക്കെ, മനസ്സിലാക്കിയും ആക്കാതെയും നാം പറയാറുണ്ട്, എന്നാൽ അത് പൊസേന്തി അച്ചനിലൂടെ ഞാൻ തൊട്ടറിഞ്ഞു. അച്ചൻ ജീവിക്കുന്ന സുവിശേഷമായിരുന്നു. സുസ്ഥിതിയിൽ മാത്രമല്ല, ദുഃസ്ഥിതിയിലും സുവിശേഷത്തിനു സാക്ഷ്യം നൽകാൻ കഴിയുമെന്ന് അച്ചൻ ജീവിതംകൊണ്ടു തെളിയിച്ചു. മാനസിക സംഘർഷങ്ങളുമായി അച്ചനെ സമീപിച്ചവരെയൊക്കെ ക്രിസ്തുവിന്റെ സ്നേഹം നൽകി സന്തോഷത്തോടെ യാത്രയാക്കുവാൻ അച്ചനു കഴിഞ്ഞു. സാമ്പത്തിക പരാധീനതയുമായി വന്ന അനേകരെ ഉദാരമതികളുടെ സഹായത്തോടെ സഹായിച്ചിട്ടുള്ളത് ഞാൻ നേരിട്ട് കണ്ടിട്ടുണ്ട്. ദൈവസ്നേഹം വാക്കിലൂടെയും പ്രവൃത്തിയിലൂടെയും അച്ചൻ സ്ഥിരീകരിച്ചു.

www.malankaralibrary.com

അസാധാരണമായ മധ്യസ്ഥപ്രാർത്ഥനാവരമുള്ള ആളായിരുന്നു അച്ചൻ. ഓരോ ദിവസവും അനേകർക്കുവേണ്ടി അദ്ദേഹം മാധ്യസ്ഥം വഹിച്ചു. തന്റെ കിടക്കയിൽ കിടന്നുകൊണ്ട് മറ്റുള്ളവരുടെ നിയോഗങ്ങൾക്കുവേണ്ടി അദ്ദേഹം പ്രാർത്ഥിച്ചു. എന്റെ ജീവിതത്തിലെ നിരവധി പ്രതിസന്ധിഘട്ടങ്ങളിൽ അച്ചന്റെ മധ്യസ്ഥപ്രാർത്ഥന എന്നെ എത്രയധികം ബലപ്പെടുത്തി എന്നത് സത്യസന്ധമായി എനിക്കു പറയുവാൻ കഴിയും. എന്റെ കുടുംബത്തിലെ എല്ലാ വിശേഷ അവസരങ്ങളിലും ഒരു കുടുംബാംഗത്തെപ്പോലെ അച്ചന്റെ നിറസാന്നിധ്യം എന്റെ ഹൃദയത്തിൽ ഉണ്ടായിരുന്നു. ഞാൻ പുതുതായി പണിത ഭവനത്തിന്റെ അടിസ്ഥാനശില ഇട്ടത് അച്ചനാണ് എന്നു പറയുന്നതിൽ സന്തോഷമുണ്ട്. തന്റെ രോഗക്കിടക്കയിൽവച്ച് അച്ചൻ ആശീർവദിച്ചു തന്ന കല്ല് (2022, ജനുവരി 4) അച്ചനുവേണ്ടി സ്ഥാപിച്ചതു ഞാൻ തന്നെയാണ്. ഞാൻ കല്ലിട്ട വീടിന്റെ പണി എന്തായി എന്ന് എപ്പോഴും തമാശരൂപേണ അച്ചൻ അന്വേഷിക്കുമായിരുന്നു. കുറഞ്ഞ സമയംകൊണ്ട് എല്ലാ പണികളും പൂർത്തിയാക്കി ആ വീട്ടിൽ താമസിക്കുവാൻ കഴിഞ്ഞത് അച്ചന്റെ പ്രാർത്ഥനയുടെ ശക്തി ഒന്നുകൊണ്ടു മാത്രമാണ്.

പ്രിയപ്പെട്ട അച്ചനെ ഞാൻ അവസാനമായി കാണുന്നത് 2025 ഏപ്രിൽ 8-ാം തീയതി വൈകിട്ടാണ്. അവസാന ദിവസങ്ങളിൽ അച്ചൻ ചികിത്സയിൽ കഴിഞ്ഞിരുന്ന ജി.ജി.ഹോസ്പിറ്റലിൽ ഞാൻ കാണാൻ ചെന്നപ്പോൾ അച്ചൻ ഡിസ്ചാർജ് ആയി ആശ്രമത്തിലേക്കുപോയി എന്ന് അറിയുവാൻ കഴിഞ്ഞു. ഉടനെ ഞാൻ സുപ്പീരിയർ അച്ചനായ ബഹു.ആന്റണി കല്ലിൽ അച്ചനുമായി ബന്ധപ്പെട്ടപ്പോൾ തൊട്ടടുത്ത ദിവസം തന്നെ പെരപ്പൻകോട് സെന്റ് ജോൺസ് ആശുപത്രിയിലേക്കു കൊണ്ടുപോകും എന്ന് അറിഞ്ഞു. ആശ്രമത്തിലെ സന്ദർശനസമയം കഴിയാറായിട്ടും ബഹു.സുപ്പീരിയർ അച്ചന്റെ പ്രത്യേക അനുവാദത്തോടെ ഞാൻ പൊസേന്തി അച്ചന്റെ അടുത്തേക്ക് ഓടിയെത്തി. അച്ചൻ വളരെ ക്ഷീണിതനായിരുന്നെങ്കിലും എവിടുന്നോ കിട്ടിയ ഊർജ്ജത്തിൽ ഞങ്ങൾ പഴയതുപോലെ കുറേനേരം ഹൃദ്യമായി സംസാരിച്ചു, ഒന്നിച്ചു പ്രാർത്ഥിച്ചു. പിരിയുമ്പോൾ അച്ചൻ കൈകൾ എന്റെ ശിരസ്സിൽവച്ച് അനുഗ്രഹിച്ചു. 'ഇനി വരുമ്പോൾ അല്പം നേരത്തേ വരണേ' എന്നു പറഞ്ഞാണ് എന്നെ യാത്രയാക്കിയത്. എല്ലാം അറിഞ്ഞിരുന്നുകൊണ്ടു വീണ്ടും എന്നെ തമാശ കളിപ്പിച്ചതാണോ....?

സന്ന്യാസശ്രേഷ്ഠാ, അങ്ങ് ഈ ലോകത്തായിരുന്നപ്പോൾ എന്നെ സ്നേഹിച്ചതിനും എനിക്കുവേണ്ടി പ്രാർത്ഥിച്ചതിനും നന്ദി! അങ്ങ് സ്വർഗ്ഗത്തിലിരുന്ന് ഇപ്പോഴും എനിക്കുവേണ്ടി മാധ്യസ്ഥം വഹിക്കുന്നതിനു നന്ദി! 'തോമാച്ചാ' എന്ന വിളിയും ആ പൊട്ടിച്ചിരിയും എനിക്കുവേണ്ടി ഇനിയും കരുതിവയ്ക്കണെ!



www.malankaralibrary.com

# സഹനമെൻ സംഗീതം

പ്രൊഫ. ജോൺസൺ കെങ്കിരേത്ത്
(ജോൺസൺ മാഷ്)

ദുർവിധിയുടെ ചമ്മട്ടിയെ പുഞ്ചിരികൊണ്ട് നേരിട്ട ധീരൻ ഫാദർ ഗബ്രിയേൽ പൊസേന്തി. 2025 ഏപ്രിൽ 16-ന്റെ പ്രഭാതം. നാലു പതിറ്റാണ്ട് നീണ്ട കഷ്ടതകളുടെ മേൽ വെള്ള വിരിച്ചിട്ടിട്ട്, ചിറകൊച്ച കേൾപ്പിക്കാതെ, മരണം പൊസേന്തിയച്ചന്റെ പ്രാണനും കൊത്തിപ്പറന്നു. അച്ചൻ നെഞ്ചോടു ചേർത്തു നിർത്തിയിരുന്നവർ അനാഥരുമായി.

അനുവാദം ചോദിക്കാതെ കയറിച്ചെല്ലാമായിരുന്ന ആ മുറി. മനംനിറഞ്ഞ് സല്ലപിക്കാൻ ഹൃദയനൈർമ്മല്യമുള്ള സുഹൃത്ത്. രണ്ടും ഇനിയില്ല.

നാൽപ്പതിലേറെ വത്സരങ്ങൾ, തന്റെ കിടക്കയ്ക്കരികിൽ അദൃശ്യമായി പതുങ്ങി നിന്ന മൃത്യുവിനെ ഒരിക്കൽ പോലും അച്ചൻ ഭയപ്പെട്ടിരുന്നില്ല. അന്ത്യനാളുകളിൽ തന്റെ ഉദരത്തെ ഗ്രസിച്ചിരിക്കുന്ന ഗുരുതരാവസ്ഥയെപ്പറ്റി പരിപൂർണഗ്രാഹ്യം ഉണ്ടായിരുന്നെങ്കിലും മനഃസാന്നിദ്ധ്യം കുറഞ്ഞിരുന്നില്ല. “മരിക്കുമ്പോൾ മരിക്കട്ടെ, നമുക്ക് വല്ലതും ചെയ്യാൻ പറ്റുമോ?” ഇതായിരുന്നു ഭാഷ്യം. “പരമമായ അവശത, ഏറെ നാളുകളായി ഒന്നും കഴിക്കാനോ, കുടിക്കാനോ പറ്റുന്നില്ല. ശരീരത്തിന്റെ ക്ഷമതയെല്ലാം പോയി. അതാണെന്റെ ഏകബുദ്ധിമുട്ട്.” ദുഃഖമോ, പാരവശ്യമോ തെല്ലുമില്ലാത്ത വാക്കുകൾ. ആദ്യമായാണ് അച്ചന്റെ നാവിൽനിന്നും ഇങ്ങനെ കേൾക്കുന്നത്. ഞാൻ മെല്ലെ അപകടം മണത്തു. നേരം ഇരുട്ടുന്നു. ഞാൻ മെല്ലെ എണീറ്റു. ഞാൻ ഒഴിയുകയാണെന്നറിഞ്ഞുകൊണ്ട് അദ്ദേഹം പറഞ്ഞു, “ഇനി സമയോം കാലോം ഒന്നും നോക്കണ്ടാ. ഇരിക്കാമെങ്കിൽ ഇരിക്ക്.'' കുറേ നേരം ഞാനവിടെയിരുന്നു. അച്ചനെ ഉന്മേഷപ്പെടുത്താൻ എന്തൊക്കെയോ പറഞ്ഞു. ഒക്കെ യാന്ത്രികം. “എന്നാൽ ശരി, ഞാനൊന്നു കിടക്കട്ടെ.” നാളെ കാണാം എന്ന പതിവ് പ്രയോഗം അച്ചൻ യുക്തിപൂർവ്വം ഒഴിവാക്കി, നീറുന്ന മനസ്സോടെ ഞാൻ തിരികെപ്പോന്നു. പിറ്റേന്ന് വൈകുന്നേരം ഞാൻ വീണ്ടും ദയറായിലെത്തി. ശൂന്യമായ മുറി, ഒഴിഞ്ഞ കട്ടിൽ, അച്ചനെ ആശുപത്രിയിലാക്കി എന്ന് ഞാനറിഞ്ഞു. ഭാരിച്ച മനസ്സോടെ ദയറായുടെ മുറ്റം മുറിച്ചു കടക്കുമ്പോൾ ഞാൻ ഓർമ്മിക്കാൻ ശ്രമിച്ചു. ആരായിരുന്നു ഫാദർ ഗബ്രിയേൽ പൊസേന്തി?

എഴുപതുകളുടെ അന്ത്യഘട്ടം ആശ്രമപരിസരത്തുള്ള പാരിഷ് ഹാളിൽ ഞങ്ങൾ ‘യൂത്ത് ക്ലബ്’ കളിച്ചു നടക്കുന്ന കാലം. സന്ന്യസ്ത വൈദികരും അർത്ഥികളും ഏറ്റം പ്രിയപ്പെട്ടവർ. അവർക്കു ഞങ്ങളും അച്ചന്മാർക്കും ശെമ്മാശന്മാർക്കുമൊപ്പം ബാസ്ക്കറ്റ്ബോൾ കളിക്കുന്ന ചെറുപ്പക്കാർ. ഫിലിപ്പ് നേരി അച്ചന്റെ ജ്യേഷ്ഠനെപ്പറ്റി പറയുന്നത് കേട്ടറിവ്. പേര് ഫാദർ പൊസേന്തി. നല്ല ബാസ്ക്കറ്റ് ബോൾ കളിക്കാരൻ, കലാഹൃദയൻ. വർഷങ്ങൾക്കുശേഷം 1984-ൽ അദ്ദേഹം വയനാട്ടിൽ ഒരു വാഹനാപകടത്തിൽപ്പെട്ട് ഗുരുതരമായി പരുക്കേറ്റു എന്നതു വെറും വാർത്ത. ഞങ്ങൾക്കാർക്കും അദ്ദേഹത്തെ പരിചയമില്ലാത്തതിനാൽ ഒരു അപകടവാർത്തയായി മാത്രം ഞങ്ങൾ കരുതി.

നീണ്ട ആശുപത്രി വാസക്കാലം കഴിഞ്ഞ് പൊസേന്തി അച്ചൻ നാലാഞ്ചിറ പ്രകൃതി ചികിത്സ കേന്ദ്രത്തിന്റെ സംരക്ഷണത്തിൽ ഒരു ചക്രക്കസേരയിൽ ജീവിതം മുന്നോട്ടു നയിക്കുന്നതായും അറിയുന്നുണ്ട്.

www.malankaralibrary.com

1986-ൽ മാർ ഈവാനിയോസ് പിതാവിനെ ഇതിവൃത്തമാക്കി 'ഗുരുവന്ദനം' എന്ന സംഗീത ശിൽപ്പം ഒരുക്കാൻ അച്ചൻ നേതൃത്വം കൊടുത്തു. ഫാദർ സന്തോഷ് മഠത്തിലായിരുന്നു പ്രധാന പങ്കാളി. മനോഹരമായ ഗാനങ്ങളുടെ കൂട്ടത്തിൽ എന്റെയും ഒരു രചനയുണ്ടായിരുന്നു. ഇത്രയൊക്കെയായിട്ടും പൊസേന്തി അച്ചനെ ഒന്നു കാണാൻ കഴിഞ്ഞില്ല.

1987-ൽ, അഞ്ചൽ സെന്റ് ജോൺസ് കോളേജിലെ മലയാളവിഭാഗം മേധാവിയും, ബഹുഭാഷാപണ്ഡിതനുമായിരുന്ന ഡോ.പി.എം. ജോസഫ്, മാർ ഈവാനിയോസ് പിതാവിനെ കേന്ദ്രീകരിച്ച് രചിച്ച 'പ്രയാണം' എന്ന നാടകം ചക്രക്കസേരയിലിരുന്ന് പൊസേന്തിയച്ചൻ സംവിധാനം ചെയ്ത് അവതരിപ്പിച്ചതായും അറിഞ്ഞു.

ആദ്യമായി പൊസേന്തിയച്ചനെ കാണുന്നത് 2003-ൽ ആണ്. ജോർജ് അയ്യനേത്ത് അച്ചനെഴുതിയ 'സംഗമകൂടാരം' എന്ന നാടകം പൊസേന്തിയച്ചൻ സംവിധാനം ചെയ്യുന്നു. സന്തോഷച്ചൻ മുഖേന പാട്ടെഴുതാൻ എന്നെ സമീപിക്കുന്നു. അങ്ങനെ ഞങ്ങൾ തമ്മിൽ കാണുന്നു. മാർ ഈവാനിയോസ് തിരുമേനിയുടെ ആത്മസംഘർഷങ്ങളാണ് വിഷയം. തിരുമേനിയുടെ വേഷം ചെയ്യുന്നത് നവവൈദികനായ ഫാ.റ്റൈറ്റസ് ജോൺ ഒ.ഐ.സി. നാടകാവതരണം ഗംഭീരമായി. പൊസേന്തിയച്ചന് തിരക്കുമായി. അതേവർഷം തന്നെ മരിയദാസച്ചന്റെ 'നല്ല സമരിയാക്കാരന്റെ ഉപമ-രണ്ടാം ഭാഗം' എന്ന നാടകം, മാർ ഈവാനിയോസ് പിതാവ് വിട വാങ്ങിയതന്റെ കനകജൂബിലി സ്മരണികയായി ഒരുക്കിയ 'ഗുരുദർശനം' എന്ന സംഗീത ശിൽപ്പം, എന്നീ കലാ പ്രവർത്തനങ്ങളിൽ അച്ചന്മാർക്കൊപ്പം ഞാനും കൂടി. പിന്നീട് മരിയദാസച്ചന്റെ പരിശ്രമത്തിൽ 'അമൃതം' എന്ന ഭക്തിഗാനശേഖരം തയ്യാറാക്കുന്നതിൽ പൊസേന്തിയച്ചനും തന്റേതായ രീതിയിൽ ഇടപെട്ടു. പൊസേന്തിയച്ചന്റെ 'പുറപ്പാടിന്റെ പുലരി', 'കണ്ണുനീരിൽ വിതച്ചവർ' എന്നീ നാടകങ്ങളും മരിയദാസ് അച്ചന്റെ 'ഒറ്റുകാരന്റെ സങ്കീർത്തനം', 'അനന്തരം' എന്നീ നാടകങ്ങളും ഒക്കെ ശ്രദ്ധേയമായ ഉദ്യമങ്ങളായിരുന്നു. ചക്രക്കസരേയിലിരുന്നുകൊണ്ട് ഇത്തരം പ്രവർത്തനങ്ങളിൽ പൊസേന്തിയച്ചൻ എത്രമാത്രം ഉത്സാഹത്തോടെ ഇടപെട്ടു എന്നത് വിസ്മയനീയമാണ്.

2008-ൽ ബഥനിയിലെ വൈദികേതര സന്ന്യസ്തരുടെ ശവസംസ്കാര ശുശ്രൂഷാ ക്രമത്തിലെ ഗീതങ്ങൾ രചിക്കാൻ എനിക്കവസരം ലഭിച്ചു. ഉപദേശത്തിനും സംശയനിവാരണത്തിനും ഞാൻ പൊസേന്തിയച്ചനെയാണ് ആശ്രയിച്ചത്. ആയിടയ്ക്ക് തന്നെ ബഥനി പ്രസ്ഥാനത്തിന്റെ മുദ്രാഗാനം എഴുതാനും എന്നോട് ആവശ്യപ്പെട്ടു. പൊസേന്തിയച്ചനും സന്തോഷച്ചനുമാണ് എന്നെ പ്രചോദിപ്പിച്ചത്. 'വന്ദേഹം പിതാരം ദിവ്യം' എന്ന പാട്ട് പല ഈണങ്ങളിൽ ഞാൻ പാടി കേൾപ്പിച്ചു. അവയിൽ ഒരെണ്ണം അവർ തെരഞ്ഞെടുത്തു. അത് പല അവസരങ്ങളിലും അവതരിപ്പിക്കപ്പെട്ടു.

പ്രകൃതിചികിത്സാ കേന്ദ്രത്തിൽ കഴിയുന്ന അച്ചന്റെ മുറി എന്റെ പതിവുസന്ദർശന സ്ഥലമായി. അച്ചൻ സുഹൃദ്‌വലയം വിപുലീകരിച്ചുകൊണ്ടുമിരുന്നു.

'സുകൃതമീ സഹനം' എന്ന പുസ്തകത്തിന്റെ രചനയും പ്രകാശനവും മറക്കില്ല. ശാലോം ടെലിവിഷൻ, ഒരു പരമ്പരയുടെ ചിത്രീകരണവുമായി ബന്ധപ്പെട്ട് പൊസേന്തിയച്ചന്റെ മുൻപിലെത്തി. അച്ചന്റെ ജീവിതം അവർ ഒരു ഡോക്യുമെന്ററിയാക്കി 2017 പെസഹാ നാളിൽ

www.malankaralibrary.com

സംപ്രേഷണം ചെയ്തു. അത് യൂട്യൂബിൽ ലഭ്യമാണ്. ആ പരിപാടിയിൽ അച്ചന്റെ ആവശ്യപ്രകാരം ഞാൻ ഏതാനും വരികളെഴുതി പാടി.

എരിതീയിലമരുന്ന കുന്തിരിക്കം നറും
പരിമളമാവതുപോലെ
പരിദാഹവ്യഥ തൻ കനലിൽ വീണുരുകി
പുഴയായ് ഒഴുകൂ എൻ സ്നേഹമേ

മരുവിലെ നിർദ്ധരി ആർത്തമാം നാവിൽ
മകരന്ദമിയലുന്ന പോലെ
മമനൊമ്പരങ്ങളും സഹനവും സ്നേഹമാം
മധുവായ് പകരൂ എന്നാത്മമേ

സഹനത്തെ സംഗീത മാധുര്യമാക്കിയ പൊസേന്തിയച്ചന്റെ മനസ്സ് ഇതിലപ്പുറം എനിക്ക് വർണ്ണിക്കാനറിയില്ല.

വേദനയും ഏകാന്തതയും ഞെരുക്കുന്ന കോടാനുകോടി ജീവിതങ്ങളുണ്ട് ഭൂമിയിൽ. പക്ഷേ ക്ലേശങ്ങളെ കരുത്താക്കി, സ്നേഹിക്കാനുള്ള ഇന്ധനമാക്കി ജീവിച്ച ഒരപൂർവ്വ വ്യക്തിയായിരുന്നു ഫാദർ ഗബ്രിയേൽ പൊസേന്തി. ഏതാനും പഴഞ്ചൻ വസ്ത്രങ്ങളും ചില പുസ്തകങ്ങളും ഒരു പഴഞ്ചൻ ഫീച്ചർ ഫോണും മാത്രമായിരുന്നു അച്ചന്റെ ജംഗമങ്ങൾ. ഒന്നിലും തൃപ്തരല്ലാത്ത ഒരു വലിയ ജനസമൂഹത്തിന്റെ നടുവിൽ പരമപരിത്യാഗിയായ പൊസേന്തിയച്ചന്റെ ചെറിയലോകം അച്ചനെ സ്നേഹിച്ചവർക്കും അടുത്തറിയുന്നവർക്കും എന്നും വിസ്മയമാണ്, പ്രചോദനമാണ്.



www.malankaralibrary.com

# ഓർമകളിലെ പൊസേന്തി അച്ചൻ

**രജനി ഗോപിനാഥൻ**
നേഴ്സ്

സ്നേഹത്തിന്റെയും സഹനത്തിന്റെയും ഫിനിക്സ് പക്ഷിയായ പൊസേന്തി അച്ചൻ, അച്ചനെ ഓർക്കുമ്പോൾ ആദ്യം മനസിലേയ്ക്ക് വരുന്നത് ഭാഗികമായി തളർന്നുപോയ ഇട തുകരം ഉയർത്തിയും താഴ്ത്തിയുമുള്ള അച്ചന്റെ തമാശകളും സംസാരവും ആണ്. അച്ചനെ നേരിട്ടു കണ്ടിട്ടുള്ളവർക്ക് ഒരിക്കലും മറക്കാനാകാത്ത ഒന്നാണ് അച്ചന്റെ ആ ഇടതുകരം. അ ഞ്ചുവർഷത്തിലേറെ അച്ചനെ ശുശ്രൂഷിക്കാനും മനസിലാക്കാനുമുള്ള ഭാഗ്യം എനിക്ക് കിട്ടി. അച്ചൻ ഓരോ ദിവസവും ക്ഷമയോടെയും സമാധാനത്തോടെയും ജീവിക്കാനുള്ള പ്രചോദന മായിരുന്നു. കാരണം 40 വർഷത്തോളം കിടക്കയിൽ ജീവിതത്തോട് പൊരുതിയ ഒരാൾ ആയി രുന്നു പൊസേന്തി അച്ചൻ. അതുകാണുമ്പോൾ ദൈവം നമുക്കു തന്നിട്ടുള്ള സൗഭാഗ്യങ്ങളെ ഓർത്തു സമാധാനത്തോടെ മുന്നോട്ടു പോകാൻ സാധിക്കുമായിരുന്നു.

കഴിഞ്ഞ അഞ്ചുവർഷക്കാലമായി ചുരുക്കം ചില അവധി ദിവസങ്ങൾ ഒഴികെ എന്റെ എല്ലാ ദിവസങ്ങളും ആരംഭിച്ചിരുന്നത് അച്ചന്റെ അടുത്തു നിന്നായിരുന്നു. ആശ്രമത്തിൽ ആദ്യം കയറുന്നതും അച്ചന്റെ മുറിയിലായിരുന്നു. ചെറുപുഞ്ചിരിയോടെ 'ഗുഡ്മോർണിങ് മോളെ' എന്നുള്ള ആ വിളി ഇപ്പോൾ ഞാൻ ഏറെ മിസ്സ് ചെയ്യുന്നു. ആദ്യം നമ്മുടെ വിശേഷങ്ങൾ എല്ലാം ചോദിക്കുകയും സമാധാനിപ്പിക്കുകയും ചെയ്യും. എന്നിട്ടാകും അച്ചന്റെ ശാരീരിക ബുദ്ധി മുട്ടുകൾ പറഞ്ഞുതുടങ്ങുന്നതും ശുശ്രൂഷകളും.

അച്ചനിൽ നിന്നും മനസ്സിലാക്കിയ മറ്റൊരു കാര്യമാണ് എങ്ങനെ നമുക്കു ലളിതമായും വളരെ സാധാരണമായും ജീവിതം മുന്നോട്ടു നയിക്കാൻ കഴിയും എന്നത്. അതിനുദാഹരണ മാണ് അച്ചന്റെ പഴയ റേഡിയോ, ഫോൺ, വസ്ത്രങ്ങൾ ഇവയെല്ലാം. അരയ്ക്കുതാഴേക്ക് തളർന്നു പോയിട്ടും തളരാത്ത മനസ്സുമായി ഓരോ ദിവസങ്ങളും അച്ചന്റേതായ പരിശ്രമങ്ങൾ കൊണ്ട് മുന്നോട്ട് കൊണ്ടുപോയിരുന്നു. അപ്പോഴാണ് കാൻസർ എന്ന ദൈവത്തിന്റെ രണ്ടാമത്തെ പരീക്ഷണം അച്ചനെ തേടിയെത്തുന്നത്. കണ്ണുകളിലെ മഞ്ഞനിറം കണ്ടപ്പോൾ നേരിയ പരിഭ്ര മത്തോടെ ഞാൻ അതു പറയുകയും അടുത്തദിവസം ടെസ്റ്റുകൾ നടത്തുകയുംചെയ്തു. പ്രതീ ക്ഷിച്ച പോലെ എല്ലാം Abnormal ആയി കാണിച്ചു. പിന്നീട് അങ്ങോട്ട് ഓരോ ദിവസവും അച്ചനെ മാനസികമായി തളർത്തുന്നതായിരുന്നു.

ക്യാൻസർ ആണെന്ന് അറിഞ്ഞ് ഹോസ്പിറ്റലിൽ നിന്നും വന്ന അച്ചനെ അടുത്ത ദിവസം എങ്ങനെ സമാധാനിപ്പിക്കണമെന്ന് വിഷമിച്ച് പതിവുപോലെ ആദ്യം അച്ചന്റെ അടുത്തേക്ക്. പക്ഷെ എന്റെ പ്രതീക്ഷകളൊക്കെ തെറ്റിച്ചുകൊണ്ട് അച്ചൻ വളരെ ഉൻമേഷത്തോടെയും ധൈര്യത്തോടെയും ഞാൻ കണ്ടു.

'മോളെ നീ വെറുതെ ടെൻഷൻ അടിച്ചു. നമ്മൾ ഭയപ്പെട്ടപോലെ ഒന്നുമില്ല. പാൻക്രിയാ സിൽ ഒരു ചെറിയ growth, അതു സർജറി ചെയ്തു പരിഹരിക്കാവുന്നതേയുള്ളൂ' എന്ന് പറഞ്ഞ് അച്ചൻ റിപ്പോർട്ട്സ് എല്ലാം എന്റെ കൈകളിൽതന്നു. വിഷമത്തോടെ അച്ചന്റെ മുഖത്തേക്കു നോക്കിയപ്പോൾ, "ഒന്നുമില്ല മോളെ ഡോക്ടറിനോട് ഞാൻ എല്ലാംചോദിച്ചു മനസ്സിലാക്കി നമു

www.malankaralibrary.com

ക്കു നോക്കാം" എന്നുപറഞ്ഞു എന്നെ സമാധാനിപ്പിച്ചു വിടുകയാണ് ഉണ്ടായത്. പക്ഷെ പിന്നീട് അങ്ങോട്ട് മനസ്സുകൊണ്ടും ശരീരംകൊണ്ടും വളരെ ക്ഷീണിതനായ അച്ചനെ ഞാൻ കണ്ടു. കഴിയുന്നതുപോലെ എല്ലാം ഞാൻ ഉൾപ്പെടെ ആശ്രമത്തിലെ മറ്റു അച്ചന്മാർ, സിസ്റ്റേഴ്സ്, സഹോദരങ്ങൾ വിശാഖ് (അച്ചന്റെ caretaker) എല്ലാവരും അച്ചനുവേണ്ട ശുശ്രൂഷകളും ധൈര്യവും കൊടുത്തു.

നമ്മൾ കണക്കുകൂട്ടലുകൾ നടത്തുമ്പോൾ ദൈവം മറ്റൊന്നു നടപ്പിലാക്കുന്നു. അതനുസരിച്ച് മുന്നോട്ട് പോകാനുള്ള മനസ്സും ക്ഷമയും കാണിക്കണം എന്ന് അച്ചൻ എപ്പോഴും പറഞ്ഞു തരുമായിരുന്നു. ദൈവഹിതം പോലെ എല്ലാം നടക്കും എന്ന് അച്ചൻ ഓർമപ്പെടുത്തുമായിരുന്നു. കൃത്യനിഷ്ഠതയോടെയുള്ള അച്ചന്റെ ജീവിതശൈലിയും ആഹാരക്രമങ്ങളുമൊക്കെ മുടങ്ങാതെ ജീവിച്ച അച്ചന് ക്യാൻസർ എന്ന രോഗം എങ്ങനെ വന്നു എന്നത് അച്ചന്റെ വാക്കുകൾ ശരിയാണെന്ന് വരുത്തിതീർത്തു. അച്ചൻ ഒരുപാട് മനുഷ്യരുടെ ധൈര്യമായിരുന്നു എങ്ങനെ ജീവിതത്തോട് പൊരുതണം എന്ന് അച്ചനോടൊപ്പം ഉായിരുന്ന കുറെവർഷങ്ങൾ എന്നെ പഠിപ്പിച്ചു.

അച്ചൻ മരണപ്പെടുന്നതിന്റെ തലേദിവസം അച്ചനെ കാണാൻ ഞാൻ ഹോസ്പിറ്റലിൽ പോയിരുന്നു. വേദനക്കായി മരുന്നുകൾ കൊടുത്തിരുന്ന അച്ചൻ വളരെ ക്ഷീണിതനും അവശനും പകുതി മയക്കത്തിലുമായിരുന്നു. എങ്കിലും വിളിച്ചപ്പോൾ കണ്ണുതുറന്നു. പതിവുപോലെ എന്റെ കുഞ്ഞുങ്ങളേയും വീട്ടുകാരേയും അന്വേഷിച്ചു. പക്ഷേ അച്ചൻ എന്റെ കണ്ണുകളിലേക്ക് നോക്കാൻ മടിക്കുന്നതുപോലെ മനസ്സിലായി. യാത്ര പറഞ്ഞ് ഇറങ്ങിയപ്പോൾ അച്ചന്റെ കൈകളിൽ ഞാൻ പിടിച്ചു. 'കണ്ണുകൾ അടച്ചു ഒരു പുഞ്ചിരി മാത്രം.'

അന്ന് രാത്രി ശാരീരികമായും അച്ചന് ഏറെ ബുദ്ധിമുട്ടുകൾ ഉണ്ടായി. അടുത്തദിവസം രാവിലെ അച്ചൻ യാത്രയായി. എല്ലാം അതിജീവിച്ച് തളർന്ന കൈകളും ശരീരവും ഈ ഭൂമിയിൽ ഉപേക്ഷിച്ച് അച്ചൻ പോയി. സംസ്ക്കാര ശുശ്രൂഷകൾക്കായി അച്ചനെ കൊണ്ടുവന്നപ്പോൾ ആദ്യമായി ഞാൻ അച്ചനെ ഒരു വൈദികന്റെ കുപ്പായം ധരിച്ച് പ്രൗഡിയോടെ കണ്ടു. 40 വർഷക്കാലം രോഗാവസ്ഥയിൽ കിടന്നതായി ആ മുഖം കണ്ടാൽ മനസ്സിലാകാത്തവിധം തേജസ്സോടെ ഉറങ്ങുന്ന പൊസേന്തി അച്ചൻ ആ തളർന്ന ഇടതുകരംകൂട്ടിച്ചേർത്ത് കുരിശ് മുറുകെ പിടിച്ചിരിക്കുന്നു.

സഹനത്തിന്റെയും സ്നേഹത്തിന്റെയും പ്രതീകമായ ഞങ്ങളുടെ പൊസേന്തി അച്ചൻ, ദൈവത്തിന്റെ കരങ്ങൾ പിടിച്ച് ബുദ്ധിമുട്ടുകളൊന്നുമില്ലാതെ നടക്കാൻ കഴിയുന്നുണ്ടാകും. സ്വർഗ്ഗത്തിൽ ഇപ്പോൾ ദൈവത്തോടൊപ്പം എന്റെ പ്രാർത്ഥന കേൾക്കാൻ എന്റെ അച്ചൻ കൂടി ഉണ്ടാകും എന്നു വിശ്വസിക്കുന്നു.



www.malankaralibrary.com

# അനേകർക്ക് പ്രകാശമായൊരാൾ

**വിശാഖ് വി.**

2016 ജൂലൈ മാസം 6–ാം തീയതി പ്രകൃതി ചികിത്സ കേന്ദ്രത്തിൽ അച്ചനെ ശുശ്രൂഷിക്കാൻ വന്നപ്പോൾ, അവിടെ വെച്ചാണ് അച്ചനെ ആദ്യമായി ഞാൻ കണ്ടത്. സ്വന്തമായി എഴുന്നേറ്റ് നിൽക്കാൻപോലും പറ്റാത്ത അവസ്ഥയിൽ കിടക്കയിൽ കിടക്കുന്ന ഒരു പുരോഹിതൻ. കാണാൻ വന്നവരുടെ വിഷമങ്ങൾ ക്ഷമയോടെ, ചെറുപുഞ്ചിരിയോടെ അവർക്ക് സാന്ത്വനമായി കേട്ടിരിക്കുന്ന ഒരാൾ. ഈ സഹനങ്ങളുടെ നടുവിലും അച്ചനെ കാണാൻ വരുന്നവരോട് പ്രത്യാശയോടെ അച്ചൻ എന്നും പറയുമായിരുന്നു 'ഞാൻ നിങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കും' എന്ന ഉറപ്പുകൊടുത്ത് പറഞ്ഞയയ്ക്കുമായിരുന്നു. കഠിനവേദനയിലും അവരുടെ മുമ്പിൽ മനസ്സ് തളരാതെ, ചെറുപുഞ്ചിരിയോടെ... വേദനിക്കുന്നവരെ ശക്തിപ്പെടുത്തുകയാണ് അച്ചൻ ചെയ്യുന്നത്. 'കിടക്ക ബലിപീഠ'മാക്കി അനേകർക്കുവേണ്ടി അർപ്പിച്ച ബലിയാണ് അച്ചന്റെ ജീവിതം.

അച്ചന്റെ ഈ 40 വർഷത്തെ സഹനത്തിൽ അച്ചനെ ശുശ്രൂഷിക്കാൻ കിട്ടിയ അവസരത്തെ ഓർത്ത് ഞാൻ പൊന്നുതമ്പുരാനോട് നന്ദി പറയുകയാണ്. എന്റെ ഏത് വിഷമഘട്ടത്തിലും അച്ചൻ എനിക്കും താങ്ങും തണലും ആയിരുന്നു. വേദനിക്കുന്ന ആ ശരീരത്തേക്കാൾ ഉപരി പുഞ്ചിരിക്കുന്ന ആ മുഖത്തിന് ആയിരുന്നു ശോഭ. ഒരിക്കൽപോലും അച്ചന്റെ വേദനകളും അനുഭവങ്ങളും പരാതികളും എന്നോട് പറഞ്ഞിട്ടില്ല. എനിക്ക് സ്നേഹനിധിയായ ഒരു പിതാവ് കൂടിയായിരുന്നു ബഹുമാനപ്പെട്ട അച്ചൻ. അച്ചനിൽ നിന്ന് ലഭിച്ച സ്നേഹവും സാന്ത്വനവും മുന്നോട്ടുള്ള വഴിയിൽ എനിക്ക് താങ്ങും തണലും ആയിരിക്കുമെന്ന് ഉറപ്പാണ്. അച്ചൻ ചൊല്ലിയ പ്രാർത്ഥനകൾ എന്റെ ജീവിതത്തിൽ ഒരുപാട് സ്വാധീനിച്ചിട്ടുണ്ട്.

എന്റെ ജീവിതത്തിന്റെ പ്രതിസന്ധിഘട്ടങ്ങളിൽ വിശാഖ് എന്ന വിളിയിൽ ഒരു പിതാവിന്റെ സ്നേഹവും കരുതലും എന്നെ വലയം ചെയ്തിട്ടുണ്ട്. ഒരിക്കലും ഞാൻ ആ ആത്മാർത്ഥ സ്നേഹം മറക്കില്ല. അച്ചന്റെ അവസാന നിമിഷവും എന്റെ പേര് അച്ചൻ വിളിക്കുന്നുണ്ടായിരുന്നു. ഒരു ശുശ്രൂഷകൻ എന്ന നിലയിൽ ഇതിൽ കൂടുതൽ എന്ത് ഭാഗ്യമാണ് എനിക്ക് വേണ്ടത്. സ്വർഗ്ഗത്തിലും എന്റെ പേര് ഒന്ന് ഉച്ചരിക്കണമേ. സ്വർഗ്ഗത്തിൽവച്ച് നമുക്ക് കണ്ടുമുട്ടാം എന്ന പ്രത്യാശയോടെ നിർത്തുന്നു.

അച്ചന്റെ സ്വന്തം ശുശ്രൂഷകൻ, വിശാഖ്.



www.malankaralibrary.com

# പൊസേന്തി അച്ചൻ എനിക്ക് ആരായിരുന്നു?

**ഷീമ ശ്യാം**

പൊസേന്തി അച്ചൻ എനിക്ക് ആരായിരുന്നു? പതിനേഴു വയസിൽ അച്ഛനെ നഷ്ടപ്പെട്ട എനിക്ക്, പൊസേന്തി അച്ചനെ കണ്ടെത്തിയപ്പോൾ ഊഷരഭൂമിയിൽ ഒരു മരുപ്പച്ച കണ്ടെത്തിയ പ്രതീതി തന്നെയായിരുന്നു. 16/04/2025-ൽ ആ വൻമരം എന്നിൽ നിന്നും എടുക്കപ്പെട്ടു എന്നറിഞ്ഞ നിമിഷം എങ്ങനെ അതിജീവിച്ചു എന്ന് എനിക്ക് ഇന്നുമറിയില്ല. ഈ അടുത്ത കാലത്തൊന്നും എന്നെ ഇത്രയും പിടിച്ചുലച്ച ഒരു സംഭവം ഉണ്ടായിട്ടുണ്ടോ എന്ന് ചോദിച്ചാൽ 'ഇല്ല' എന്ന് നിസംശയം തന്നെ പറയാൻ സാധിക്കും. സുദീപ സിസ്റ്റർ അച്ചനെപ്പറ്റി എഴുതാൻ എന്നോട് ആവശ്യപ്പെട്ടപ്പോൾ, ആരോഗ്യപ്രശ്നങ്ങളുടെ നടുക്കടലിൽ നിൽക്കുമ്പോൾ, എന്നെക്കൊണ്ടത് സാധിക്കുമോ എന്ന ആകുലതയ്ക്കും, അച്ചൻ സഹായിക്കും എന്ന സിസ്റ്ററുടെ മറുപടി തന്ന ആത്മവിശ്വാസത്തിൽ ഞാൻ തുടങ്ങട്ടെ...

2017-ൽ മകളുടെ ഒരു ആരോഗ്യപ്രശ്നവുമായി ബന്ധപ്പെട്ട് നാലാഞ്ചിറ, ബഥനി നാച്ച്യുറോപ്പതി സെന്ററിൽ അവളെ പ്രവേശിപ്പിച്ച സമയത്താണ് ഞാൻ അച്ചനെ ആദ്യമായി കണ്ടത്. കണ്ടത് തന്നെ ഒരു 'ദർശനം' ആയിരുന്നു. ഇന്നും കണ്ണിൽ നിന്നും മായാത്ത 'ദർശനം.' ഒരു വാഹനാപകടത്തെ തുടർന്ന് വർഷങ്ങളായി കിടക്കയിൽ കഴിയുന്ന തന്റെ സഹോദരനായ അച്ചൻ താഴത്തെ മുറിയിൽ കഴിയുന്നുണ്ടെന്നും, സമയം കിട്ടുന്ന മുറയ്ക്ക് അദ്ദേഹത്തെ കാണണമെന്നും ഫിലിപ്പ് നേരി അച്ചൻ പറഞ്ഞപ്പോൾ, എങ്ങനെ അദ്ദേഹത്തെ ഞാൻ ആശ്വസിപ്പിക്കുമെന്ന മണ്ടൻവിചാരത്തിലാണ്, അച്ചനെ കാണാൻ ഞാൻ ആദ്യമായി എത്തുന്നത്. ഞാൻ മുറിയിൽ എത്തുമ്പോൾ, സുദീപ സിസ്റ്ററും, റ്റിൻസി സിസ്റ്ററും വിശാഖും മുറിയിലുണ്ട്. അച്ചൻ ജൂബിലി മിഷൻ ഹോസ്പിറ്റലിൽ തന്റെ പതിവ് ചെക്കപ്പിനായി പുറപ്പെടുകയായിരുന്നു. മടങ്ങി വന്നിട്ട് നമുക്ക് കാണാം എന്നു പറഞ്ഞ് അച്ചൻ പുറപ്പെട്ടു.

“നീ ദൈവത്തെ നേരിൽ കണ്ടിട്ടുണ്ടോ?” എന്ന് ആരെങ്കിലും എന്നോട് ചോദിച്ചാൽ, ഉണ്ടെന്ന്, ഇത്ര ആത്മവിശ്വാസത്തോടെ പറയാൻ കഴിയുന്നത് 'എന്റെ അച്ചനെ' പരിചയപ്പെട്ടതുകൊണ്ട് മാത്രമാണെന്ന് എനിക്കുറപ്പുണ്ട്. എന്റെ സങ്കടങ്ങളിൽ എന്നെ താങ്ങി നടത്തി, എന്നെ ഇതുവരെ എത്തിച്ചിട്ടാണ് അച്ചൻ പിരിഞ്ഞത്. അച്ചനെ പരിചയപ്പെട്ടിട്ടുള്ള ആര് അച്ചനെപ്പറ്റി എഴുതിയാലും, ഇതൊക്കെതന്നെയാവും എഴുതുന്നത്. ഉപയോഗിക്കുന്ന ഭാഷ മാത്രം വ്യത്യസ്തമാവാം. “എന്നാ മോളെ നീ വന്നത്” എന്ന് ചോദിച്ചാൽ “ഒന്ന് കരയാൻ വേണ്ടി വന്നതാ അച്ചാ”, എന്ന് പറയുമ്പോൾ “നീ വേണ്ടുവോളം കരഞ്ഞോ” എന്ന് പറഞ്ഞ്, “ഒരു അമ്മയുടെ കണ്ണുനീരും നമ്മുടെ കർത്താവ് കാണാതിരുന്നിട്ടില്ല,” എന്ന് പറഞ്ഞ് അച്ചൻ തന്നിരുന്ന ആത്മവിശ്വാസമുണ്ടല്ലോ, അതൊന്നു മാത്രമാണ് ഒരു കാലയളവിൽ എന്നെ പിടിച്ച് നടത്തിയിരുന്നത്.

പിന്നെ ഞാൻ മാത്രമല്ലല്ലോ അച്ചനെ കാത്ത് ക്യൂവിൽ ഉണ്ടായിരുന്നത്. സമൂഹത്തിലെ ഉന്നത ശ്രേണിയിലുള്ളവർ മുതൽ യാതൊരുവിധ തരംതിരിവുകളുമില്ലാതെ അച്ചനെ

www.malankaralibrary.com

കാണാനെത്തുകയും അവരവരുടെ ഭാരങ്ങളിറക്കി വച്ച്, തെളിഞ്ഞതും സമാധാനപരവുമായ മനസ്സോടെ, ഇനിയൊരു മടങ്ങിവരവ് വരെയുള്ള എനർജി ചാർജ് ചെയ്തു മടങ്ങുമ്പോൾ അച്ചന്റെ മുഖത്ത് എന്നുമെപ്പോഴും നിറഞ്ഞു നിൽക്കുന്ന നിർവൃതി മാത്രമാവും ശേഷിപ്പ്.

'ഇനിയെനിക്ക് അച്ചനില്ലല്ലോ' എന്ന് ഏങ്ങിക്കരഞ്ഞ എന്നോട് 'ചേച്ചി ഇനി ബഥനിയിലേക്ക് വരേണ്ട, വീട്ടിലിരുന്ന് പറഞ്ഞാലും അച്ചൻ കേൾക്കുമല്ലോ' എന്ന് പറഞ്ഞ് സുദീപ സിസ്റ്റർ ആശ്വസിപ്പിച്ചപ്പോൾ, "ദൈവമേ, അപ്പോൾ എന്റെ മനസിലെ ബാലിശതകളും കുശുമ്പുകളും കൂടി അച്ചൻ അറിയുമല്ലോ" എന്ന ഞെട്ടൽ ഒരു നിമിഷം എന്നെ ആകുലപ്പെടുത്തി. എന്തായാലും അച്ചനെപ്പറ്റി എഴുതാൻ അച്ചന്റെ തന്നെ സഹായം തേടി, ഞാൻ രാവിലെ തുടങ്ങിയ ഈ ഉദ്യമത്തിന് ഇനി വിരാമം കുറിക്കട്ടെ...

എന്റെ ഉള്ളിലെ സ്വാർത്ഥത ഒന്നുകൊണ്ടു മാത്രമാണ്, അച്ചന്റെ ജീവൻ എടുക്കല്ലേ എന്ന് ഞാൻ പ്രാർത്ഥിച്ചിരുന്നത് എന്ന് മനസ്സിലാക്കിയ നിമിഷമാണ്, ഞാൻ അച്ചന്റെ വേർപാടിൽ നിന്നുള്ള വിഷമത്തിൽ നിന്നും ആശ്വാസം കണ്ടെത്തിയത്. ബഥനി പള്ളിയിൽ അച്ചനെക്കണ്ട് അലമുറയിട്ട എനിക്ക് തന്റെ കാവിമുണ്ട് മടക്കിക്കുത്തി അതുവഴി നടക്കുന്ന അച്ചനെ അകക്കണ്ണാലെ കണ്ടപ്പോഴാണ് കണ്ണുനീരിന്റെ തോരാമഴ എന്നിൽനിന്നും തോർന്നു കിട്ടിയത്. അച്ചൻ കർത്താവിന്റെ വലത്തുഭാഗത്തുതന്നെ ഉണ്ടെന്ന ഉറച്ച വിശ്വാസത്തോടെ, അച്ചനെപ്പറ്റി ബാക്കിയുള്ളവർക്കും എഴുതാനുള്ള സ്ഥലം മിച്ചംവച്ചുകൊണ്ട്, അച്ചനെ ഓർത്ത് സ്നേഹത്തോടെ നിറകണ്ണുകളോടെ, ഞാൻ അവസാനിപ്പിക്കുന്നു.



www.malankaralibrary.com



Life is a journey.
When we stop, things don't go right.

Pope Francis

www.malankaralibrary.com

# താതസ്മരണ - 'നാം സോദരർ'

## (FRATELLI TUTTI)

### *സാഹോദര്യത്തെയും സാമൂഹിക സൗഹൃദത്തെയും കുറിച്ചുള്ള*
### ***ഫ്രാൻസീസ് മാർപാപ്പ**യുടെ വീക്ഷണം*

**ഫാ. തോമസ് പ്രമോദ് ഒ.ഐ.സി**

"A Wonderful fact to reflect upon that every human nature is constituted to be that profound secret and mystery to every other", എന്ന Charles Dickens ന്റെ ഈ മഹത്തായ വാക്കുകൾ, മനുഷ്യജീവിതത്തിന്റെ സത്തയും പാരസ്പര്യതയും വ്യക്തമാക്കുന്നു. മനുഷ്യൻ, സൃഷ്ടിയുടെ മകുടം മാത്രമല്ല; പിന്നയോ സ്വർഗ്ഗത്തെയും ഭൂമിയെയും ബന്ധിപ്പിക്കുന്ന കണ്ണികൂടിയാണ്. തിരുവചനമാകട്ടെ, ദൈവഛായയിലും സാദൃശ്യത്തിലുമുള്ള സൃഷ്ടിയെന്ന നിറച്ചാർത്ത് അവന് സമ്മാനിക്കുന്നു. പ്രസ്തുത ലാവണ്യം സൃഷ്ടിയിൽ സഹകാർമ്മികനാകുവാൻ മാനവനെ സജ്ജനാക്കുന്നു. ഇവിടെ അന്തർലീനമാകുന്നത് രണ്ട് മഹത്തായ ദർശനങ്ങളാണ്: ദൈവീക വ്യക്തിത്വത്തിന്റെ പൊതു പിതൃത്വവും സാർവ്വത്രിക സാഹോദര്യവും. ഇത്തരം ഉൾക്കാഴ്ചകൾ മനുഷ്യന് രഹസ്യാത്മകതയുടെ പ്രത്യേക പ്രകാശിത ഭാവങ്ങൾ പകന്നു നല്കുന്നു.

കത്തോലിക്ക സഭയുടെ 266-ാം അമരക്കാരൻ, പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ, ഒക്ടോബർ 4, 2020-ൽ തന്റെ രണ്ടാമത്തെ സാമൂഹ്യചാക്രിക ലേഖനം, *Fratelli tutti* (നാം സോദരർ) എന്ന പേരിൽ പ്രസിദ്ധീകരിച്ചു. വിശ്വ സാഹോദര്യത്തിന്റെ വ്യക്തിത്വവും വക്താവും ആയിരുന്ന അസീസ്സിയിലെ പുണ്യവാളന്റെ കബറിടത്തിൽ, പ്രസ്തുത ചാക്രിക ലേഖനത്തിന് തന്റെ കയ്യൊപ്പ് ചാർത്തിയപ്പോൾ, ഒരു പുത്തൻ വായനക്കുള്ള ആഹ്വാനമായിരുന്നു വി. പത്രോസിന്റെ പിൻഗാമി ലക്ഷ്യം വച്ചിരുന്നത്. സുവിശേഷത്തിന്റെ ആസ്വാദനത്തിലൂടെ ഒരു പുത്തൻ ജീവിതവീക്ഷണത്തിന് ആ വലിയ ഇടയൻ രൂപഭാവം നല്കി; കാലഘട്ടത്തിനൊരു സുവിശേഷ ചൈതന്യവും ഒളിമങ്ങാത്ത വിശ്വസാഹോദര്യത്തിനൊരു നവീന ദർശനവും പ്രസ്തുത ഗ്രന്ഥം സമ്മാനിച്ചു. 'എവിടെ നിന്റെ സഹോദരൻ' എന്നുള്ള ആദ്യചോദ്യത്തിന്, പ്രതിഭാഷണം നല്കുവാൻ മാനവരാശിയെ, ഗ്രന്ഥകർത്താവ് സജ്ജമാക്കുന്നു. *Laudato si* യും *Fratelli tutti* യും സമഗ്രമായ ലോകവീക്ഷണത്തിനുള്ള 'ഒരു കണ്ണടയിലെ രണ്ട് ചില്ലുകളാണ്'. പ്രസ്തുത കണ്ണാടിയിൽ പ്രതീക്ഷയുടെ പച്ചപ്പുകൾ പതിപ്പിച്ചിരിക്കുന്നു. സ്വാർത്ഥതയുടെയും നശീകരണത്തിന്റെയും കാർമേഘങ്ങൾ നിർമ്മാർജ്ജനം ചെയ്ത്, പ്രകാശിതമായ ഒരു എതിർ സംസ്ക്കാരം (Counter Culture) ഇത് അവതരിപ്പിക്കുകയാണ്. വിനാശകരമായ മുന്നേറ്റങ്ങളോട് 'അസന്നിഗ്ദ്ധമായ നിഷേധാത്മകത' പുലർത്തുവാൻ ഇത് നമ്മെ പഠിപ്പിക്കുന്നു. മഹാമാരിയായ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ രചിച്ച ഈ ലേഖനം, ജീവിതത്തെ ആർക്കും ഒരു ഒറ്റപ്പെട്ട ദ്വീപായി നേരിടാൻ സാധിക്കില്ല എന്ന് ഉദ്ബോധിപ്പിക്കുന്നു. എട്ട് അദ്ധ്യായങ്ങളിലൂടെ 'വസുധൈവ കുടുംബകം' എന്ന മഹത്തായ ആശയത്തിന് പരിശുദ്ധ പിതാവ് പ്രാമുഖ്യം നല്കുന്നു. ദൈവം സ്നേഹമാകുന്നു; സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും, ദൈവം അവനിലും വസിക്കുന്നുവെന്ന അടിസ്ഥാന പ്രമാണത്തിൽ തന്റെ ചാക്രിക ലേഖനത്തെ ഒരു സാർവ്വത്രിക പ്രതീക്ഷാമാർഗ്ഗമായി (Universal Scope) സഭയുടെ വക്താവ് സമർപ്പിക്കുന്നു.

www.malankaralibrary.com

**അദ്ധ്യായം ഒന്ന്: ലോകത്തെ മൂടുന്ന ഇരുണ്ട കാർമേഘങ്ങൾ**

മഹത്തായ ആശയങ്ങളായ ജനാധിപത്യം, സ്വാതന്ത്ര്യം, നീതി എന്നിവയെ വൈകൃതമാക്കുന്ന ആധുനികയുഗത്തിന്റെ സംഘടിതമായ പൈശാചികകൃത്യങ്ങളാണ് ഇവിടെ പ്രതിപാദ്യവിഷയങ്ങളാകുന്നത്. പൊതു നന്മകളുടെ സ്വാർത്ഥപരമായ കൈവശപ്പെടുത്തൽ, നന്മയ്ക്കെതിരെയുള്ള അനാസ്ഥ, മാലിന്യസംസ്ക്കാരം, തൊഴിലില്ലായ്മ, വർഗ്ഗീയത, ദാരിദ്ര്യം, അവകാശ ലംഘനങ്ങൾ, അടിമത്വം, മനുഷ്യക്കടത്ത്, സ്ത്രീ പീഡനം ആദിയായ വൈരൂപ്യങ്ങളെ നിശിതമായി വിമർശിക്കുകയാണിവിടെ. ഭയത്തിന്റെയും ഏകാന്തതയുടെയും പിൻബലത്തിൽ പണിയപ്പെടുന്ന 'മതിൽ സംസ്ക്കാരത്തെയും' 'നാം സോദരർ' തിരസ്ക്കരിക്കുന്നു. ഭയപ്പെടുത്തുന്ന 'കൊടുങ്കാറ്റുകൾ' അനവധിയാണെന്നും ഈ പുസ്തകത്താളുകളിലെ വാക്കുകൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

**അദ്ധ്യായം രണ്ട്: വഴിയോരത്തിലെ അപരിചിതൻ**

തിരുവചനത്തിലെ നല്ല സമരിയാക്കാരൻ എന്ന ദൃഷ്ടാന്ത കഥയാണ് ഇവിടെ പ്രതിപാദനം നടത്തുന്നത്. 'നല്ല സമരിയാക്കാരൻ' പ്രത്യാശയുടെ പൊൻകിരണമായി അവതരിപ്പിക്കപ്പെടുമ്പോൾ, പാതയോരങ്ങളിൽ മുറിവേറ്റ് ആക്രമിക്കപ്പെടുന്ന അപരിചിതരുടെ എണ്ണം അനുസ്യൂതം ഭയാനകമായി വർദ്ധിക്കുന്നുവെന്നും ഫ്രാൻസിസ് പാപ്പ ഓർമ്മിപ്പിക്കുന്നു. പുറം തിരിഞ്ഞു പോകലും നിസ്സംഗതയും ആധുനികതയുടെ സ്വഭാവരീതികളാകുന്നു. 'നല്ല സമരിയാക്കാരൻ' എന്നത് ഒരു വിളിയും പ്രത്യുത്തരവുമായി 'നാം സോദരർ' അവതരിപ്പിക്കുന്നു. അയല്ക്കാരനെന്ന ആശയത്തിന്, ജാതിയുടെ അതിർവരമ്പുകളെ അതിലംഘിക്കുന്ന വിശാലഭാവം പരിശുദ്ധ പിതാവ് ധ്യാനവിഷയമാക്കി രേഖപ്പെടുത്തുന്നു. സ്നേഹം, പാലം പണിയുന്നുവെന്നും മുറിവേറ്റവരിൽ ക്രിസ്തുവിന്റെ മുഖമാണ് ദർശിക്കുന്നതെന്നും പ്രസ്തുത ഗ്രന്ഥം നമ്മെ ചിന്തിപ്പിക്കുന്നു.

**അദ്ധ്യായം മൂന്ന്: വിശാല ലോക ദർശനം**

അപരനിലേക്ക് തുറവിയുള്ളതും സ്വാർത്ഥതയിൽ നിന്ന് പുറത്ത് വരുന്നതുമായ ഒരു വിശാല ലോകദർശനം ഇവിടെ സമർത്ഥിക്കുകയാണ് ഈ വലിയ ഇടയൻ. സ്നേഹത്തിന്റെ ചലനാത്മകതയിൽ ഒരു സാർവ്വത്രിക മാനത്തിന്റെ പൂർത്തീകരണം സാധ്യമാകുന്നുവെന്ന് ഈ പുസ്തകത്താളുകൾ നമ്മെ ഓർമ്മിപ്പിക്കുന്നു. സ്നേഹമാണ് എല്ലാത്തിന്റെയും അളവുകോലെന്നും ഐക്യദാർഢ്യവും സാഹോദര്യവും കുടുംബ പശ്ചാത്തലത്തിൽ നിന്നും അവിർഭവിക്കണമെന്നും പരിശുദ്ധ പിതാവ് നമ്മെ പഠിപ്പിക്കുന്നു. അതിന്റെ തുടർച്ചയും വ്യവഹാരങ്ങളുമാകണം, വിദ്യാഭ്യാസത്തിന്റെ പ്രാഥമികവും സുപ്രധാനവുമായ ദൗത്യങ്ങൾ. അന്തസ്സോടുകൂടി ജീവിക്കുവാനുള്ള അവകാശം ആർക്കും നിഷേധിക്കുവാൻ പാടില്ല. കാലഘട്ടത്തിന് ഒരു അന്തർദേശിയ ബന്ധത്തിന്റെ നീതിശാസ്ത്രം ആവശ്യം തന്നെ. ഒരു രാഷ്ട്രത്തിന്റെ പൊതു നന്മകൾ, സ്വകാര്യ സ്വത്തെന്ന സ്വാഭാവിക നിയമത്തെ അതിലംഘിക്കുന്ന സാർവ്വത്രിക ലക്ഷ്യഭാവങ്ങൾ ഉൾക്കൊള്ളണമെന്നും 'നാം സോദരർ' പ്രചോദിപ്പിക്കുന്നു. അന്താരാഷ്ട്ര കട ബാധ്യതകളും ഇവിടെ ചർച്ചാ വിഷയമാകുകയാണ്.

**അദ്ധ്യായം നാല്: ലോകത്തിന്റെ മുമ്പിൽ തുറവിയുള്ളൊരു ഹൃദയം**

തുറവിയുള്ള ഒരു ഹൃദയമാണ് ഈ ഭുവനത്തിനാവശ്യം. പ്രസ്തുത പ്രകരണത്തിലാണ് കുടിയേറ്റമെന്ന ചിന്താവിഷയം 'നാം സോദരർ' അവതരിപ്പിക്കുന്നത്. കുടിയേറ്റത്തിന്റെ ന്യായമായ യുക്തി വിചാരങ്ങൾ പ്രസ്തുത ലേഖനം പകർന്ന് നല്കുന്നു. ആയതിനാൽ പ്രവാസികൾ സ്വീകരിക്കപ്പെടണം. എന്നാൽ അനാവശ്യമായ കുടിയേറ്റ മുന്നേറ്റത്തെ പരിശുദ്ധ പിതാവ് പ്രോത്സാഹിപ്പിക്കുന്നുമില്ല. മെച്ചമായ ജീവിതം കെട്ടിപ്പടുക്കുവാനുള്ള ഉദ്യമത്തെ അംഗീകരി

www.malankaralibrary.com

ക്കുകയും പിന്തുണയ്ക്കുകയും ചെയ്യണം. പൗരാവകാശ നിയമങ്ങൾ പ്രയോഗസാധ്യമാകണം. യാത്രാ സൗകര്യങ്ങൾക്കുള്ള അനുമതിക്കുറിപ്പുകൾ നിയമപരമായി ലഭ്യമാക്കണം. മാനുഷിക തയുടെ ഇടനാഴികൾ തുറന്ന് കൊടുത്തുകൊണ്ട് ജീവിതസുരക്ഷിതത്വവും അവശ്യ സേവന ങ്ങളുടെ ലഭ്യതയും ഉറപ്പ് വരുത്തണം. കുടിയേറ്റ ക്രമത്തിന് ഒരു അന്തർദേശീയ ഭരണസംവി ധാനം ലഭ്യമാക്കണമെന്നുള്ള ചിന്താഗതിയും ഈ ചാക്രികലേഖനം മുന്നോട്ട് വയ്ക്കുന്നു. ഒരു ദീർഘകാല ആസൂത്രണ പദ്ധതി കാലഘട്ടത്തിന്റെ ആവശ്യകതയാണെന്നും ഇത് വീക്ഷണം നടത്തുന്നു.

**അദ്ധ്യായം അഞ്ച്: പരിഷ്കൃതമായ രാഷ്ട്രതന്ത്രം**

ഗുണമേന്മയുള്ള ഒരു രാഷ്ട്രമീമാംസ ഈ ഗ്രന്ഥം പ്രോത്സാഹിപ്പിക്കുകയാണ്. പൊതു നന്മകളുടെ ലഭ്യതയും സാർവത്രിക സ്നേഹത്തിന്റെ രമ്യതയും അത് ഉൾക്കൊള്ളണം. സംവാ ദത്തിനും സംഭാഷണത്തിനുമുള്ള തുറന്ന വേദികൾ സംജാതമാകണം; ഇതാണ് ഫ്രാൻസിസ് പാപ്പയുടെ 'ജനകീയത'യുടെ അടിത്തറ. ജനത്തിന്റെ നിയമസാധുതയെ ചോദ്യം ചെയ്യുന്ന 'ആധുനിക ജനകീയതയ്ക്കുള്ള' ഒരു എതിർ സ്ഥാപനമാണിത്. അക്കാരണത്താൽ പരിഷ്കൃ തമായ രാഷ്ട്ര തന്ത്രം എന്നത് സമൂഹ ജീവിതക്രമത്തിന്റെ അവശ്യഘടകം തന്നെയാണ്. Solidarity യും Subsidiarity യും ദാരിദ്ര്യനിർമ്മാർജ്ജനത്തിന് അത്യന്താപേക്ഷിതങ്ങളായി അവതരിപ്പിക്കു ന്നു. മാനവികതയുടെ മൂല്യങ്ങളെ ഇല്ലായ്മ ചെയ്യുന്ന കുറ്റകൃത്യങ്ങളെ അപലപിക്കുവാനും ഉന്മൂലനം ചെയ്യുവാനും രാഷ്ട്ര തന്ത്രത്തിന് സാധിക്കുമാറാകണം. അത്തരം ഒരു സാഹചര്യ ത്തിൽ ഐക്യരാഷ്ട്ര സഭയെപ്പറ്റിയുള്ള പ്രതീക്ഷകളും വലിയ ഇടയൻ പങ്കുവയ്ക്കുന്നു. ചർച്ച കൾ, മദ്ധ്യസ്ഥതകൾ, തീർപ്പുകൽപ്പിക്കലുകൾ എന്നിങ്ങനെയാണ് പ്രസ്തുത പ്രസ്ഥാനത്തിന്റെ ശൈലിയെന്ന് ഈ ചാക്രിക ലേഖനം പ്രത്യാശിക്കുന്നു.

**അദ്ധ്യായം ആറ്: സംഭാഷണവും സൗഹൃദവും**

ജീവിതത്തെ, ഒരു Art of Encounter ആയി പരിശുദ്ധ പിതാവ് അവതരിപ്പിക്കുന്നു. ഏവ രെയും ഉൾക്കൊള്ളുന്ന ഒരു കൂടിവരവാണിത്. അത്, ഇരുട്ടിൽ പ്രകാശമായും ക്രൂരത, ഉത്കണ്ഠ എന്നിവകളിൽ നിന്നുമുള്ള സ്വാതന്ത്ര്യ വാഴ്ചയുമായി അവതരിപ്പിക്കപ്പെടുന്നു. ദയ എന്ന ധർമ്മത്തെ പ്രത്യേകമായി ഇവിടെ പ്രസ്പഷ്ടമാക്കുന്നു.

**അദ്ധ്യായം ഏഴ്: നവീകരിച്ച കൂടിക്കാഴ്ച്ചകൾ**

നവീനമായ കണ്ടുമുട്ടലുകൾ, സത്യവും നീതിയും കരുണയും പ്രോത്സാഹിപ്പിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നു. പരസ്പര സഹകരണവും വളർച്ചയും കൂടിക്കാഴ്ച്ചകളിൽ സംഭവ്യമാ കണം. സമഭാവനയിലും നീതിയിലും മാത്രമേ സമാധാനം സംരക്ഷിക്കപ്പെടുന്നുള്ളൂ. ക്ഷമ യുടെ നന്മകൾ അവതരിപ്പിക്കുമ്പോൾ, ശിക്ഷാക്രമങ്ങളും ആഗോള ക്രമസമാധാന പാലനവും ചർച്ചാവിഷയമാകുകയാണിവിടെ. പ്രതികാര ദാഹത്തെയും നശീകരണ ഉപാധികളെയും ശക്ത മായ ഭാഷയിൽ അപലപിക്കുകയാണ് ഫ്രാൻസിസ് പാപ്പ. അണുബോംബിന്റെ പ്രയോഗത്തെയും അതിന്റെ പരിണിതഫലത്തെയും പ്രസ്തുത ഗ്രന്ഥം തുറന്നുകാട്ടുന്നു. ആധുനികലോകത്തിന് ഒരു കൂട്ടായ്മയുടെ മനഃസാക്ഷിയാണാവശ്യമെന്ന് നല്ല ഇടയൻ ആഹ്വാനം ചെയ്യുന്നു. യുദ്ധത്തെ നിരന്തര ഭീഷണിയായി പഴിക്കുകയും ആണവ, രാസ, ജൈവ ആയുധങ്ങളുടെ ഉപയോഗത്തെ വിമർശിക്കുകയും ചെയ്യുകയാണ് ഈ ഗ്രന്ഥം. വധശിക്ഷ എന്നത് ജീവന്റെ പവിത്രതയ്ക്ക് വിരുദ്ധ ശിക്ഷാക്രമമാണെന്നും; ഗർഭസ്ഥ ശിശുക്കൾ, ദരിദ്രർ, വികലാംഗർ, വയോധികർ എന്നി വരുടെ നിഗ്രഹം ജീവദാതാവിനെതിരെയുള്ള വെല്ലുവിളിയാണെന്നും അദ്ദേഹം മുന്നറിയിപ്പ് നല്കുന്നു.

www.malankaralibrary.com

**അദ്ധ്യായം എട്ട്: മതവും സാഹോദര്യവും**

മതം എന്നത് സാഹോദര്യത്തിന്റെ ശുശ്രൂഷയാണെന്ന് ഈ ചാക്രിക ലേഖനം പഠിപ്പിക്കുന്നു. മതതീവ്രവാദത്തിന് വി. ഗ്രന്ഥങ്ങളുടെ വികലമായ വിശകലനവും വ്യാഖ്യാനവും കാരണ ഹേതുവാകുന്നുവെന്ന് ഈ ഗ്രന്ഥം വിവരിക്കുന്നു. സമാധാനവാഹകരായി മതങ്ങൾ നിലകൊള്ളണം. വിശ്വാസ, മത സ്വാതന്ത്ര്യം അടിസ്ഥാന മനുഷ്യാവകാശമായിത്തന്നെ കണക്കാക്കണം. പ്രത്യേകമായി സഭയെ ഇവിടെ പരാമർശിക്കുകയാണ്. അത് സ്വകാര്യ മേഖല യല്ല; പിന്നെയോ, സുവിശേഷ മൂല്യങ്ങൾ അനുസരിച്ച് പൊതു നന്മയ്ക്കും മനുഷ്യ വികസന ത്തിനുമുള്ള ഒരു സംവിധാനമാണ്. അടിസ്ഥാനപരമായി, മതാന്തര സംവാദത്തിന്റെ പ്രസക്തി ഇവിടെ ഊന്നിപറയുകയാണ്. ലോകസമാധാനത്തിനും ഒരുമിച്ചുള്ള ജീവിതത്തിനും മനുഷ്യ സാഹോദര്യത്തിനും അടിസ്ഥാനമായ പ്രമാണ രേഖ ഇവിടെ അടിവരയിട്ട് ഉദ്ധരിച്ചിരിക്കുന്നു.

**നല്ല സമരിയാക്കാരൻ**

ഈ ചാക്രിക ലേഖനത്തിന്റെ സുവിശേഷാടിസ്ഥാനം ലൂക്കോസ് 10/25-37 ആയി പരിഗ ണിക്കാം. രണ്ടാം അദ്ധ്യായമായ, 'വഴിയരികിലെ അപരിചിതർ' പ്രസ്തുത സുവിശേഷ ചിന്തയെ ദൃഷ്ടാന്തമാക്കുന്നു. ക്രിസ്തുവിന്റെ 'നല്ല സമരിയാക്കാരൻ' എന്ന ആശയം ഒരു മാതൃകാവ്യക്തി ത്വമായും അനുകരണാർഹമായ പ്രതിച്ഛായയായും വലിയ ഇടയൻ അവതരിപ്പിക്കുന്നു. നിത്യ ജീവന്റെ അവകാശത്തിന് ഒരു നല്ല സമരിയക്കാരൻ ആകേണ്ടിയിരിക്കുന്നു. പ്രസ്തുത ക്രിസ്തു പദേശം, ജാതി അതിർവരമ്പുകളെ അതിലംഘിക്കുന്നതാണ്. വഴിയരികിലെ അപരിചിതനെ, സുപരിചിതൻ ആക്കുകവഴി, വിശ്വസാഹോദര്യത്തിന്റെ വക്താവായി സമരിയാക്കാരൻ മാറു ന്നു. സ്നേഹത്തിന്റെ ഒരു കടപ്പാട് വിശദീകരണ വിധേയമാക്കുകയാണിവിടെ. ഒരുവന്റെ സേവനം ആവശ്യമായിരിക്കുന്നവൻ അവന്റെ അയല്ക്കാരനാവുകയാണ്. സ്നേഹത്തിൽ ഒരു പാലം പണിതുകൊണ്ട് കണ്ടുമുട്ടലുകൾ സൃഷ്ടിക്കുകയാണവൻ. ദൈവസ്നേഹവും പരസ്നേഹവും ഉന്നതിയിലേക്കുള്ള പ്രയാണത്തിന്റെ രണ്ട് ചിറകുകളായതിനാൽ അവ ധരിച്ചുകൊണ്ട്, അയ ല്ക്കാരൻ മുന്നേറുകയാണ്. സ്വയത്തിൽ നിന്നും അപരിലേക്കുള്ള അന്തരത്തെ അവൻ ചുരു ക്കുകയാണ്. Narcism എന്ന സ്വയ ഉന്മാദ ലഹരിയിൽ നിന്നും അപരനെന്ന ഈശ്വര സൗന്ദര്യ ത്തിന്റെ ആസ്വാദകനായി രൂപാന്തരം പ്രാപിക്കുകയാണ്. സ്നേഹസംസ്ക്കാരം, ഹൃദയത്തിലും മനസ്സിലും ആത്മാവിലും പൂർണ്ണതോതിൽ അവൻ സാംശീകരിക്കുകയാണ്.

നല്ല സമരിയക്കാരനെന്ന ഉപമയ്ക്ക്, സഭപിതാവായ ഒരിജൻ നല്കുന്ന ദൃഷ്ടാന്തരൂപക മായ അവതരണം ശ്രദ്ധേയമാണ്. യാത്രികനാകുന്ന മനുഷ്യൻ ആദമാണ്; അഥവാ മനുഷ്യന്റെ പ്രതിനിധിയാണ്. ജെറുസലേം പറുദീസയും, ജെറീക്കോ ലൗകിക ഇടവുമാണ്. കവർച്ചക്കാർ ദ്വേഷികളായ ശക്തികളാണ്. പുരോഹിതൻ നിയമത്തെയും ലേവ്യൻ പ്രവാചകത്വത്തെയും സൂചിപ്പിക്കുന്നു. നല്ല സമരിയാക്കാരൻ ക്രിസ്തുവും, സത്രം സഭയുമാണ്. സത്രം സൂക്ഷിപ്പു കാരൻ സഭയുടെ പരിചാരകനും വീണ്ടും വരാമെന്ന വാക്കുകൾ ക്രിസ്തുവിന്റെ രണ്ടാം വരവും സൂചിപ്പിക്കുന്നു. ദൈവ മനുഷ്യ ബന്ധവും രക്ഷണീയ വ്യാപാരവും ഇവിടെ ഇതിവൃത്തമാകു കയാണ്. 'യാത്രികൻ', മനുഷ്യവർഗ്ഗത്തെ ദൃഷ്ടാന്തമാക്കുന്നു. വഴിതെറ്റലും അപഥസഞ്ചാരവും മനുഷ്യജീവിതത്തിന്റെ ദുർബല മേഖലകളെ അവതരിപ്പിക്കുന്നു. നല്ല അയൽക്കാരൻ ആകുക യെന്നത്, ക്രിസ്താനുകരണവും അവന്റെ രണ്ടാംവരവിനുള്ള സന്നദ്ധതയുമാണ്. മുറിവുണ ക്കുന്ന ഇടങ്ങളായി സഭാ സത്രങ്ങൾ പരിലസിക്കട്ടെയെന്ന് 'നാം സോദരർ' ആശംസിക്കുന്നു.

ജെറീക്കോ പ്രദേശം അക്കാലത്ത് അനർത്ഥങ്ങളും പ്രതിബന്ധങ്ങളും നിറഞ്ഞതാണ്. അപകടങ്ങൾ പതിയിരിക്കുന്ന ആ ഭൂപ്രദേശത്തിന് 'Way of Blood'- രക്തത്തിന്റെ പാത-എന്ന്

www.malankaralibrary.com

വിശേഷണമുണ്ട്. രക്തവഴിയിൽ മുറിവേല്ക്കുന്ന യാത്രികന് സമരിയാക്കാരൻ സൗഖ്യം നല്കുന്നത് 'വീഞ്ഞും എണ്ണയും' നല്കിക്കൊണ്ടാണ്. സ്നേഹവും കരുണയും സഹാനുഭൂതിയും ഇവിടെ വ്യക്തമാക്കുകയാണ്. വീഞ്ഞും എണ്ണയും രക്ഷാകര സംഭവങ്ങളിലെ അവിഭാജ്യ അടയാളങ്ങളാണ്. വീഞ്ഞ്, സന്തോഷത്തിന്റെയും സൗഹൃദത്തിന്റെയും പ്രതീകമാണ്. ഒരു രൂപാന്തരീകരണ പ്രക്രിയയുടെ അടയാളം കൂടിയാണത്. ജീവന്റെ പരിപോഷണത്തിനുള്ള വസ്തുവുമാണ്. നിർമ്മലതയെ അത് ദൃഷ്ടാന്തമാക്കുന്നു. ക്രിസ്തു സംഭവങ്ങളുമായി ഒരു ചാർച്ച അത് പുലർത്തിയിരുന്നു. ഒരുവൻ എപ്രകാരം നല്ല അയല്ക്കാരന്റെ സാദൃശ്യം ഉൾക്കൊള്ളണമെന്ന് വീഞ്ഞെന്ന അടയാളം നമ്മെ ഗ്രഹിപ്പിക്കുന്നു. ബന്ധങ്ങളിൽ സന്തോഷവും മൈത്രിയും പാലിക്കണമെന്നും സമഗ്രമായ വ്യക്തിവികാസനത്തിന് ഒരു രൂപാന്തരീകരണം ആവശ്യമാണെന്നും നിർമ്മലത്വം അവിഭാജ്യമായ ഒരു മനോഭാവമാണെന്നും ക്രിസ്തുവുമായുള്ള സൗഹൃദം അനിവാര്യമാണെന്നും വീഞ്ഞെന്ന അടയാളം നമ്മെ പഠിപ്പിക്കുന്നു.

എണ്ണ ഒരു ലേപനവസ്തുവാണ്. പ്രകാശമായി അതിന് ചേർച്ചയുണ്ട്. സ്നേഹം, കരുണ, നീതി, സംലഭ്യത, അയൽസ്നേഹം, ജാഗ്രത, മൂല്യങ്ങൾ, പവിത്രത, മുഖകാന്തി എന്നിവക്ക് എണ്ണ ദൃഷ്ടാന്തമാകുന്നു. നല്ല അയല്ക്കാരൻ, വഴിയരികിലെ അപരിചിതന് 'എണ്ണയുടെ' പ്രതീകാത്മക ഭാവങ്ങൾ പ്രദാനം ചെയ്യുന്നു. ഒപ്പം അത് വ്യക്തിപരമായി ആവിഷ്കരിക്കുകയും ചെയ്യുന്നു. പ്രകാശിത ജീവിതവും മൂല്യാധിഷ്ടിത ജീവിതക്രമവും വിവക്ഷിക്കുകയാണിവിടെ. യുഗാന്ത്യ വരവേൽപ്പിന് അത്യന്താപേക്ഷിതമായ സ്വത്വം ഉൾക്കൊള്ളുവാനും അത് സഹായകമാകുന്നു. ദൈവസാന്നിദ്ധ്യത്തിന്റെ അടയാളമാകാൻ 'എണ്ണ' എന്ന പ്രതീകം, നല്ല സമറായനെ കരുത്തുള്ളവനാക്കുന്നു. തൈലത്തിന്, ക്രിസ്തുവിന്റെയും ദൈവാത്മാവിന്റെയും 'തോഴൻ' എന്നൊരു വിശേഷണമുണ്ട്. അപ്രകാരം ക്രിസ്തുവിന്റെ ചങ്ങാതിയും ആത്മാവിന്റെ സഹായിയുമായി നല്ല സമരിയാക്കാരൻ നമ്മെ പ്രചോദിപ്പിക്കുന്നു.

ലൂക്കോസ് സുവിശേഷകന്റെ കരുണയുടെ അനന്യമായ ആവിഷ്ക്കാരമാണ് നല്ല സമരിയക്കാരന്റെ ഉപമ. പ്രസ്തുത വേദഭാഗം അവസാനിക്കുന്നത് ഒരു അനിവാര്യമായ പ്രസ്താവനയോടു കൂടിയാണ്. 'നീയും പോയി അതുപോലെ ചെയ്യുക' പ്രസ്തുത കുറിപ്പ്, ഒരു വ്യക്തിപരമായ പ്രതിജ്ഞാബദ്ധത നൽകയാണ്. ക്രിസ്തുവിന്റെ ഉപമയുടെ സാമൂഹിക ആവിഷ്കാരമായ 'നാം സോദരർ' ഇപ്രകാരം ഒരു പ്രതിബദ്ധത ആഹ്വാനം ചെയ്യുന്നു. സ്വകാര്യ ജീവിതത്തെ, നല്ല അയൽക്കാരനെന്ന സ്വത്വ ബോധത്തിൽ നിർവ്വചിക്കാൻ, ഫ്രാൻസിസ് പാപ്പ ഗുണദോഷിക്കുന്നു. സാമൂഹിക ഉത്തരവാദിത്വങ്ങളിലുള്ള നിഷ്ക്രിയ മനോഭാവത്തിൽ നിന്നും സജീവഭാവത്തിലേക്കുള്ള പ്രയാണത്തിന് ഈ ചാക്രിക ലേഖനം വഴിയൊരുക്കുന്നു. അപരന് വേണ്ടി നന്മകൾ പങ്കിടാനും കരുണയും സ്നേഹവും ജീവിതാദർശങ്ങളാക്കുവാനും ഈ വലിയ ഇടയൻ പ്രേരിപ്പിക്കുന്നു. മാനുഷിക മൂല്യങ്ങളെ ഇല്ലായ്മ ചെയ്യുന്ന സിദ്ധാന്തങ്ങളെയും പോംവഴികളെയും തൃണവൽഗണിക്കാൻ 'നാം സോദരർ' പ്രോത്സാഹിപ്പിക്കുന്നു. നല്ല സമരിയാക്കാരനെന്ന ഉപമ, പുനർവായനക്കും വ്യാഖ്യാനത്തിനും ഇടയാകട്ടെ. നിയമജ്ഞനോട് ചോദിച്ച കാര്യം ക്രിസ്തു നമ്മോടും ചോദിക്കുന്നു: "എന്ത് എഴുതിയിരിക്കുന്നു? നീ എന്ത് വായിക്കുന്നു?" പുത്തൻ വായനകൾക്ക് *Fratelli tutti* ഇടയാക്കട്ടെയെന്ന് ആശംസിക്കുന്നു. വിശ്വ സാഹോദര്യത്തിന്റെ മാർഗദർശിയായ അസ്സീസി പുണ്യവാളന്റെ ജീവിതവും ആദർശവും നമുക്ക് വഴികാട്ടിയാകട്ടെ.

മറക്കാതിരിക്കാം നാം സോദരർ തന്നെ....

Siamo fratelli tutti

www.malankaralibrary.com

# ഇങ്ങനെയും ഒരാൾ

**ഫാ. ഡൊമിനിക് മൂഴിക്കര ഒ.ഐ.സി.**
Pontifical Lateran University, Rome

ചായ്ച്ചുകെട്ടിയ കരുണയുടെ കൂരയ്ക്ക് താഴെ
വിനയത്തിന്റെ തഴപ്പായ വിരിച്ചയാൾ കിടന്നുറങ്ങി;
ഒരു കൊച്ചുസ്വപ്നത്തിൽ റോമായിലെ
പത്രോസിന്റെ കസേരയിൽ ഇത്തിരി നേരമിരുന്നു.
ക്രിസ്തു അയാൾക്കൊപ്പം ചേർന്നിരുന്നു.
അവർ നിർത്താതെ സംസാരിച്ചു
കൊണ്ടിരുന്നു;

പലായനം ചെയ്യുന്നവരുടെ ദൈന്യതയെക്കുറിച്ച്,
സ്വാർത്ഥതയുടെ വെടിയൊച്ചകൾ തകർക്കുന്ന
പിഞ്ചുഹൃദയങ്ങളെക്കുറിച്ച്, പിച്ചി ചീന്തപ്പെടുന്ന
പെൺനൈർമല്യത്തെക്കുറിച്ച്,

തുരുമ്പെടുക്കുന്ന അഷ്ടസൗഭാഗ്യങ്ങളുടെ
പേടകത്തെക്കുറിച്ച്, അധിനിവേശത്തിനായി മാത്രം
മദിക്കുന്ന മതങ്ങളെക്കുറിച്ച്,

ചവിട്ടിമെതിച്ചുപേക്ഷിച്ച ഭൂമിയെന്ന
ഭവനാവശിഷ്ടത്തെക്കുറിച്ച്
ആഢംബരത്തിന്റെ പട്ടുശീലകൾക്കുള്ളിൽ
പൊതിഞ്ഞ ആ കാലിക്കൂടിനെക്കുറിച്ച്

പാദക്ഷാളനത്തിന്റെ പാഠങ്ങൾ മറന്ന
ഊട്ടുമേശയിലെ കൂട്ടുകാരെക്കുറിച്ച്,

ഒറ്റയാനാകാതെ ഒറ്റുകാരനാകാതെ
ഒപ്പം നടക്കാൻ എല്ലാവരെയും
പരിശീലിപ്പിക്കുന്നതിനെക്കുറിച്ച്,
പിന്നെയും കുറെ.....;

സമയം പോയതറിഞ്ഞില്ല;
പന്ത്രണ്ട് സംവത്സരങ്ങളുടെ സുവർത്തമാനങ്ങൾ;
പൊട്ടിച്ചിരികൾ നുറുങ്ങുനർമ്മങ്ങൾ;
സന്ദർശനങ്ങൾ സൗഖ്യത്തിന്റെ ആലിംഗനങ്ങൾ;

www.malankaralibrary.com

മുറിച്ചു നൽകിയ ജീവിതഭോജ്യത്തിന്റെ
അവിസ്മരണീയമായ ആഘോഷങ്ങൾ.

ഇരുണ്ടകാലത്തിന്റെ ചക്രവാളത്തിൽ
പ്രത്യാശയുടെ നുറുങ്ങുവെട്ടം
പതിയെ പരന്ന പ്രഭാതത്തിൽ,
നിദ്രവിട്ടെഴുന്നേറ്റ ഹോർഹെ മരിയ
ബെർഗോളിയോ,
ഉത്ഥിതനൊപ്പം സ്വർഗ്ഗവാതിൽ
ലക്ഷ്യമാക്കി നടന്നു.



Painting : **‘Sleeping Man on the dark’**
Prisac Nicolae, Romania

www.malankaralibrary.com

# ചരിത്രം തിരുത്തിയ വലിയ ഇടയൻ

**ഫാ. ലിബിൻ വർഗീസ് ഒ.ഐ.സി**

പഠിച്ച വിഷയം കെമിസ്ട്രി ആയതുകൊണ്ടാവാം സ്നേഹത്തിന്റെ രസതന്ത്രത്തിൽ ആയിരുന്നു അദ്ദേഹത്തിന് വിശ്വാസം. പ്രപഞ്ചോല്പത്തിയെകുറിച്ചുള്ള ബിഗ്ബാങ് സിദ്ധാന്തത്തെകുറിച്ച് സംസാരിക്കുമ്പോൾ പോലും സ്നേഹത്തെക്കുറിച്ച് അദ്ദേഹം സൂചിപ്പിച്ചു. പ്രപഞ്ചം എന്നത് സ്നേഹത്താൽ സൃഷ്ടികർമ്മം നടത്തുന്ന പരമോന്നത പ്രമാണത്തിൽ നിന്ന് നേരിട്ടു ജനിച്ചതാണ്.

"സ്നേഹസംസ്ക്കാരം ജിവിതശൈലിയാക്കിയ പാപ്പാ ലോകത്തെ മുഴുവനും തന്റെ ലാളിത്യംകൊണ്ടും എളിമയുള്ള ജീവിതശൈലികൊണ്ടും വെല്ലുവിളിച്ച ഫ്രാൻസിസ് പാപ്പായുടെ ജീവിതം ചരിത്രത്തിന്റെ ഏടുകളിൽ തങ്കലിപികൾകൊണ്ട് രേഖപ്പെടുത്തിയിരിക്കുന്നു. തന്റെ പിൻഗാമിയായി സ്ഥാനമേറ്റ ശേഷമുള്ള ഫ്രാൻസിസ് മാർപാപ്പയുടെ ആദ്യ വാക്കുകൾക്ക് ബനഡിക്ട് പതിനാറാമൻ പാപ്പ നൽകിയ ഒരു വിശേഷണം ഉണ്ട് 'ഹൃദയങ്ങളോടുള്ള സംസാരം - കൈകളിൽ ഒന്നിൽ ദൈവത്തെയും മറ്റതിൽ മനുഷ്യരെയും വഹിച്ചുള്ളത്.' സംസാരിക്കുന്നത് ഫ്രാൻസിസ് പാപ്പ ആണെന്നുള്ളതിനാൽ ഭാഷ സ്നേഹത്തിന്റേതാണ്. ജീവിതമാണ് പാപ്പയെ ആ ഭാഷ പഠിപ്പിച്ചത്. അതിന്റെ കാരണം തന്റെ ജീവിതകഥയിൽ പാപ്പാ പറയുന്നു. "ജീവിക്കാൻ പഠിക്കണമെങ്കിൽ നാമെല്ലാം സ്നേഹിക്കാൻ പഠിക്കണം. ആ പാഠം ഏറ്റവും പ്രധാനമാണ്. കാരണം സ്നേഹം എല്ലാത്തിനെയും കീഴടക്കുന്നു." ഭീകരതയും അഭയാർത്ഥി പ്രശ്നവും മുതൽ ആഗോളതാപനം വരെയുള്ള കാര്യങ്ങളിൽ അദ്ദേഹത്തിന്റെ നിലപാടുകളുടെ അടിസ്ഥാനതത്വവും അതുതന്നെയാണ്. സ്നേഹവും കരുണയും കൈമുതലാക്കിയ കാരുണ്യത്തിന്റെ മഹാ ഇടയനായിരുന്നു അദ്ദേഹം. കരുണയ്ക്കായി ഒരുവർഷം തന്നെ പ്രഖ്യാപിച്ചതിന്റെ പ്രേരണയും ഇതുതന്നെയായിരുന്നു. ലോകരാഷ്ട്രീയത്തിൽ ഫ്രാൻസിസ് മാർപാപ്പ നടത്തിയ നിർണായകമായ ഇടപെടലുകൾ അനേകം ഉണ്ട്. ക്യൂബയും അമേരിക്കയും തമ്മിലുള്ള പതിറ്റാണ്ടുകൾ നീണ്ട ശീതയുദ്ധത്തിന് അയവ് വരുത്തുന്നതിൽ പങ്കുവഹിച്ചു അദ്ദേഹം. അഭയാർത്ഥികളോടു മുഖം തിരിക്കാൻ ഉള്ള യൂറോപ്പിന്റെ പ്രവണതയെ രൂക്ഷമായി വിമർശിച്ചു. ശാസ്ത്രം പഠിച്ചതു കൊണ്ടുതന്നെ ശാസ്ത്രകാരന്മാരോട് പ്രത്യേക അനുഭാവമുണ്ടായിരുന്നു മാർപാപ്പയ്ക്ക്. പ്രപഞ്ചോൽപ്പത്തിയെ പറ്റിയുള്ള ശാസ്ത്ര നിരീക്ഷണങ്ങൾ തള്ളിക്കളയാൻ ആവില്ലെന്ന നിലപാടാണ് അദ്ദേഹം സ്വീകരിച്ചത്.

**ലാളിത്യത്തിന്റെ പാപ്പ**

ഫ്രാൻസിസ് മാർപാപ്പയുടെ ജീവിതത്തെ സ്വാധീനിച്ചത് അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ ജിവിതമായിരുന്നു. അദ്ദേഹത്തിന്റെ മനസ്സിൽ അസ്സീസിയിലെ ഫ്രാൻസിസിന് സവിശേഷമായ ഒരു സ്ഥാനമുണ്ട്. കർദിനാൾ ബർഗോളിയോ ഫ്രാൻസിസ് മാർപാപ്പ ആയപ്പോഴും ലാളിത്യത്തിന് മാറ്റം ഉണ്ടായില്ല. ഫ്രാൻസിസ് എന്ന പേര് സ്വീകരിച്ചതിൽപോലും ലാളിത്യത്തിന്റെ അടയാളം ഉണ്ടായിരുന്നു അദ്ദേഹത്തിന്റെ ജീവിതചിന്തയുമായി അത്രമേൽ ചേർന്നു പോകുന്ന ഒരുപേര്, ആഡംബരങ്ങളും സമ്പത്തും എല്ലാം വലിച്ചെറിഞ്ഞ് നിസ്വനായി

www.malankaralibrary.com

തെരുവിലേക്ക് ഇറങ്ങി വിശപ്പിലും ദാരിദ്ര്യത്തിലും ജീവിതപ്രകാശം കണ്ടെത്തിയ അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ പേര്. കത്തോലിക്കാസഭയുടെ ചരിത്രത്തിൽ കൂടുതൽ വിശുദ്ധരെ പ്രഖ്യാപിച്ചത് ഫ്രാൻസിസ് മാർപാപ്പ ആണ്. അകലത്തുള്ളവരെ അരികിലും അപരിചിതനെ സോദരനും ആക്കിയ അദ്ദേഹം ടാഗോറിന്റെ ഗീതാഞ്ജലിയിലെ വാക്കുകൾ ഉദ്ധരിക്കുന്നുണ്ട്. 'വ്യക്തി എന്ന ചിന്തയല്ല, ജനത എന്ന ബോധ്യമാണ് ഈകാലഘട്ടത്തിനു വേണ്ടതെന്ന് അദ്ദേഹം വാദിക്കുമ്പോൾ അതിൽ കോവിഡാനന്തര കാലത്തിനും ലോകത്തിനും വേണ്ടിയുള്ള ഉത്തമമായ ഒരു ഉത്തരം തെളിയുന്നു ഹൃദയശുദ്ധിയുള്ള സാഹോദര്യത്തിന്റെ വിളക്കുമരമായും പാപ്പയെ നമുക്ക് കാണാനാവും. 'സെൽഫി സംസ്കാരം' ഉപേക്ഷിക്കണം എന്ന് അദ്ദേഹം പറയുന്നതിൽ തന്നെയുണ്ടല്ലോ ഏറ്റവും ലളിതവും സുന്ദരവുമായ ഹൃദയസത്യം. ചുറ്റുമുള്ളവരുടെ കണ്ണുകളും മുഖങ്ങളും കൈകളും ആവശ്യങ്ങളും കാണുക. അതിലൂടെ സ്വന്തം മുഖവും സാധ്യതകൾ നിറഞ്ഞ സ്വന്തം കരങ്ങളും കാണുക എന്നുകൂടി പറഞ്ഞ പാപ്പാ അത് പൂരിപ്പിക്കുമ്പോൾ നല്ല ഭാവിയിലേക്കുള്ള ഒരു വെളിച്ചംവീശൽ ആണത്. ഒരുമിച്ച് ഒരേ സ്നേഹസ്വപ്നം കാണാൻ ലോകമനസ്സുകളെ ക്ഷണിക്കുകയും ചെയ്യുന്നു.

**പാർശ്വവത്കരിക്കപ്പെട്ടവരുടെ പാപ്പ**

സാധാരണയായി ചാക്രിക ലേഖനങ്ങൾ അതതുകാലത്തെ മാർപാപ്പമാർ കത്തോലിക്കാ സഭയിലെ വിശ്വാസി സമൂഹത്തിന് മാർഗദർശനം നൽകുന്നതിനുവേണ്ടി എഴുതുന്നതാണ്. എന്നാൽ ലോകത്തിലെ സകല മനുഷ്യരെയുമാണ് ഫ്രാൻസിസ് മാർപാപ്പയുടെ ചാക്രിക ലേഖനങ്ങൾ അഭിസംബോധന ചെയ്തത്. യഥാർത്ഥ ഇടയന്റെ കണ്ണുകൾ ആയിരുന്നു ഫ്രാൻസിസ് മാർപാപ്പയുടെ എത്രവലിയ ആൾക്കൂട്ടത്തിനിടയിലും കുഞ്ഞുങ്ങളെയും വൈകല്യമുള്ളവരെയും അദ്ദേഹം കാണും, അവരോടു സംസാരിക്കാനും ശ്രദ്ധിക്കും. നർമ്മം ഇഷ്ടപ്പെട്ടിരുന്ന അദ്ദേഹം കുഞ്ഞുങ്ങളെപ്പോലെ നിഷ്കളങ്കമായി ചിരിക്കുമായിരുന്നു. പ്രായത്തിന്റെ പരിമിതികൾ ഉണ്ടെങ്കിലും പാവപ്പെട്ടവരെയും ദുർബലരെയും കാണുമ്പോൾ അവർക്കൊപ്പം ചേരാനുള്ള പിതാവിന്റെ ആവേശവും ആഗ്രഹവും എടുത്തു പറയേണ്ടതാണ്. യുവാക്കളോട് സംസാരിക്കുമ്പോൾ അവരുടെ ഭാഷ പറയാനും ശ്രമിച്ചിരുന്നു. ഫ്രാൻസിസ് മാർപാപ്പ യുവാക്കളുടെ സമ്മേളനത്തിൽ പറഞ്ഞു, "മൊബൈൽ ഫോണിൽ ഡൗൺലോഡ് ചെയ്യാവുന്ന ആപ്പ് അല്ല സന്തോഷം. അത് നിങ്ങൾക്ക് വാങ്ങുകയോ വിൽക്കുകയോ ചെയ്യാനാവില്ല. ഏറ്റവും പുതിയതരം മൊബൈലിലും ഡൗൺലോഡ് ചെയ്യാനാവില്ല. നിങ്ങൾ ഇഷ്ടപ്പെടുന്നത് എപ്പോഴും ചെയ്യാവുന്നതല്ല. സ്വാതന്ത്ര്യം ശരിയായ മാർഗം തിരഞ്ഞെടുക്കാനുള്ള ഒരു വരദാനമാണത്." പേര് തിരഞ്ഞെടുത്തപ്പോൾ തന്നെ തന്റെ വഴികൾ വ്യത്യസ്തമാണെന്ന് പുതിയ പാപ്പ ലോകത്തിനു വെളിപ്പെടുത്തി. കത്തോലിക്കാസഭയുടെ രണ്ടായിരത്തിലധികം വർഷത്തെ ചരിത്രത്തിൽ ആദ്യമായാണ് ഫ്രാൻസിസ് എന്ന പേര് ഒരു മാർപാപ്പ സ്വീകരിക്കുന്നത്. അതിനുതന്നെ വലിയ അർത്ഥതലങ്ങൾ ഉണ്ട്. അസമത്വത്തിനും അനീതിക്കും അതിക്രമങ്ങൾക്കും കുടപിടിക്കുന്ന ഭരണകൂടങ്ങളോട് നേർക്കുനേർനിന്ന് നീതിയെക്കുറിച്ചും സമാധാനത്തെക്കുറിച്ചും സാഹോദര്യത്തെക്കുറിച്ചും സംസാരിക്കാൻ മടിയും പേടിയും ഇല്ലാത്ത നിലപാടുകളുടെ മഹാ ഇടയനായിരുന്നു ഫ്രാൻസിസ് പാപ്പ.

www.malankaralibrary.com

### Rome and the Papacy:

# The Eternal City's Reception of Popes Francis and Leo XIV

**Fr. George Sejin JOHN OIC**
**Pontifical Gregorion University, Rome**

From the time of the Roman Emperors, the city of Rome had a mind of its own. If the mighty Roman Emperors feared anyone, it was the *Populus Romanus*, the people of the city of Rome. Two thousand years and many demographic changes to the city have not altered this phenomenon. It doesn't matter if the Pontifex Maximus is loved by the world (*Orbi*); he must still get along with the people of the city (*Urbi*).

**Pope Francis and the Hesitant Embrace of the City**

When this writer came to Rome in 2018, it was already the fifth year of his pontificate. Overall, in the book stores and shops selling religious articles, we would hardly find a few pictures of Pope Francis for sale. Even until that year, it was the pictures of Pope John Paul II that werestill selling like hot cakes. There were of course, some pictures of popes Benedict XVI and Francis, but the demand overall was limited. But towards the end of his papacy, this changed. Towards the close of 2022 and onwards, Pope Francis started winning more hearts in the eternal city and slowly, all throughout there was a quick demand for his pictures which now mushroomed and was seen all throughout the eternal city. Why this initial hesitance and then the sudden warm embrace?

***A cold beginning?...***

When Jorge Mario Bergoglio appeared on the balcony overlooking the St. Peter's Square on that March evening in 2013, with his simple wave and humble bow, the world noticed something different about him. Here was a pope who would from now on, do things differently, sometimes unpredictably. On the balcony asked for the people's blessing before he gave his own. He declined the traditional red mozzetta and wore simple white. This gesture was interpreted as a sign of humility as well a of modernizing the ancient institution of the papacy. But the Italians who are big fans of traditions were not amused. The Italian instinct, deeply cultural, leans toward preservation of tradition—not out of rigidity, but out of reverence for what has always been done. Francis' casual manner, his preference for spontaneity over ceremony, and his aversion to institutional privilege made many Romans uneasy. In him, they saw a pope who would be a 'threat' to the very idea of tradition!

But moving to some more serious reasons, one of the points of collision between Pope Francis and Rome was the issue of immigrants. The Pope believed in a world without walls. (Even while he himself lived safely within the walls of the Vatican where even a priest or a bishop won't enter without the necessary pass!) But the ground reality was that Rome was being overrun by illegal immigrants to the extant that today many neighbourhoods do not even have one Italian family. Moreover, these immigrants were not employable and had to be supported by the Italian taxpayer. Crime was increasing and the streets started becoming unsafe for women. When GiorgiaMeloni was elected to be the premier of Italy in 2022, it was a message to the Pope that Italy has had enough of illegal immigration.

www.malankaralibrary.com

Another reason, this time from the ecclesial point of view, was the way the pope understood his duty as the 'bishop of Rome'. The practice in place was that the pope, although the bishop of Rome would never usually interfere directly in the affairs of the diocese, which was rather delegated to his Vicar General who would be a bishop, usually of Cardinal rank. But Pope Francis personally took direct control of the Diocese of Rome bypassing the traditional Vicar General system which ruffled many feathers and caused confusion among Roman clergy. While canonically justifiable, it disrupted well-worn ecclesiastical habits. Roman priests and curial staff were unsure how to interpret his gestures.

These coupled with other reasons such as his inability to deal with the abuse and financial scandal as promised also contributed to his unpopularity. They did not hate him, of course. But they did not love him very much either. They respected him for who he was. They respected his ideas of a world of peace and brotherhood and agreed with his message of love for the poor and the marginalized. But somewhere, cold winds were indeed blowing between Rome and the pontificate of Francis.

***The changing winds…***

But all this changed in the year 2020. The Covid pandemic broke out and the world was suffering. In Italy itself, the pandemic claimed many lives. Of those alive, mental health was deteriorating. In the midst of all despair, the *Urbi* and the *Orbi*were moved to tears when, one evening, Pope Francis, an old man of over eighty-years stood alone in a rain-soaked, empty St. Peter's Square, praying for the world. This scene captured the hearts of many and for the first time, they saw the real heart of a Father who cares for his children, a good shepherd who tends his sheep in love.

This was followed by another tragedy—the Russia-Ukraine War! Amidst the cacophony of dropping bombs and political calls to arm Europe again, Pope Francis' voice of reason stood out. Without tiring, consistently and with moral clarity, he critiqued the war in Ukraine, denouncing violence and calling the world to conscience. When Gaza followed, he doubled down even further. His accompaniment of the victims of war never ceased even when he was on the death bed. In all this, Rome applauded and stood with their shepherd. No longer was he a distant pope, but a loving father!

***The final days…***

Still, it was in his final weeks that Rome's heart truly changed.When news broke that Francis had been hospitalized again—this time with no expected recovery—the city grew quiet. Over the years, Romans had grumbled, debated, even criticized him. But now they watched a tired, worn shepherd walk his final path with dignity and peace.

His last *Urbi et Orbi* blessing, delivered from a wheelchair with his voice weakened but his spirit undiminished, was unforgettable. He spoke not just as a pope, but as a father bidding farewell to his children—Roman and global alike. He invoked peace for Jerusalem, for Kyiv, for migrants crossing the Mediterranean. He asked forgiveness for the Church's failures and invoked mercy like a man who knew he would soon stand before the Judge.

www.malankaralibrary.com

***And the Romans wept…***

The very next day after this unforgettable and last *Urbi et* Orbi, on April 22, 2025, the old Pope Francis breathed his last. Church bells rang not with pomp, but with sorrow. For the first time, even critics acknowledged his authenticity. His funeral was attended by several thousands. The whole city came to a standstill. When the coffin carrying his mortal remains traversed the city to his final resting place in the Basilica of Saint Mary Major, hundreds more lined the streets along the entire route weeping and applauding. It was truly a moving sight. Rome finally embraced Pope Francis. The final chapters had indeed rewritten the entire story.

**Pope Leo XIV and the First Impression**

The recent conclave, held after Pope Francis' resignation and death, was full of quiet expectation in Rome. Many hoped for an Italian pope after a gap of almost half a century. There was a belief that after years of turbulence and reform, the city might be given someone familiar, someone Roman in culture if not in birth.

When white smoke signaled the election of Cardinal Prevost, who took the name Leo XIV, there was a brief moment of—what can we call it? Disappointment? Uncertainty? Hope? He was not Italian. Not even European. On the faces of Romans was a kind of "poker face"—a guarded neutrality. *Let's wait and see*, they seemed to say.

Yet, from the first moments of his papacy, Pope Leo XIV struck a chord. His inaugural Mass was dignified and rich in symbolism, his gestures precise, his words firm but warm. He spoke Latin like a Roman professor, quoted Augustine like aAugustinian, and invoked tradition like a man born into it. For now, some of theRoman clergy seems to have found in him someone who understood structure. Seminarians cheered his liturgical clarity. There was something deeply comforting in his theological precision and his visible respect for the sacred.

Still, Rome remained cautious. The poker face persists. The Eternal City has learned not to fall in love too quickly. Even with a good first impression, Rome waits. Pope Leo—*Papa Leone*—has not yet been canonized in street lore. Altar servers and sacristans are not yet whispering his name with affection. But he is being watched—closely, curiously, and with a touch of hope.On his part, Pope Leo does not care of their perceptions. He doesn't care about how the media presents him. He sticks to his personal style and charism and his sincerity is truly seen through the camera lenses.

**A City That Measures the Papacy**

Rome does not measure popes by their global acceptance or social media followers. It measures them by how they carry themselves in the basilicas, how they honour the Eucharist, how they care for Roman parishes and clergy, and whether they understand that they are stepping into a lineage not just apostolic, but civic.

Pope Francis challenged the city. He disrupted and discomforted. But in the final days, he suffered with Rome and won its heart. Pope Leo XIV is a different figure—clear, articulate, deeply traditional. He has entered Rome like a man familiar with its gravity.

And yet, both have been shaped by this city as much as they have tried to shape it. In the end, Rome does not simply receive popes; it judges them, slowly, through time, tradition, and tenacity. And in its own time, it loves them—on its terms, and when it is ready.

www.malankaralibrary.com

# ലാസർ തുടരും...

**ഡാനി**

കരഞ്ഞു കലങ്ങിയ കണ്ണുകളാൽ എന്റെ സോദരിമാർ ശവകുടീരത്തിങ്കൽ നിന്നിരുന്നു... നീയെന്റെ സ്നേഹിതനാണെന്നാണ് പരക്കെ അറിയപ്പെടുന്നത്. ഞാൻ രോഗിയായപ്പോൾ എന്നെ സന്ദർശിക്കാഞ്ഞത് സംസാരത്തിനിടയാക്കിയിരുന്നു... എന്നാൽ നിന്റെ ചിന്തകൾ വലുതായിരുന്നു... ഞങ്ങൾ ചിന്തിച്ചവസാനിപ്പിക്കുന്നിടത്ത് നീ പുതിയ ചരിത്രമാരംഭിക്കും... മരിച്ച് നാലാം പക്കം എന്നെ കാണാൻ നീ വന്നത് നിറകണ്ണുകളോടെ... ചുറ്റും നിന്നവരിൽ ചിലർ പരിഹസിച്ചു... മരണപ്പെട്ടതിനുശേഷം വന്നിരിക്കുന്നു... ഇനിയെന്ത്???

സ്നേഹിതനാണ് പോലും പേരിനു വേണ്ടി സ്നേഹം നടിക്കുന്നവർ... മറിയം പറയുന്നത് കേൾക്കാം... കർത്താവേ നീയിവിടെയുണ്ടായിരുന്നെങ്കിൽ എന്റെ സോദരൻ മരിക്കയില്ലായിരുന്നു... ഗുരോ, അപ്പോൾ നീയെനിക്കു വേണ്ടി വിതുമ്പിയെന്നറിയാം... കാരണം നീ വിതുമ്പിയപ്പോൾ എന്റെ ഹൃദയം തുടിക്കാൻ ആരംഭിച്ചിരുന്നു... എന്റെ സൃഷ്ടാവ് എനിക്കു വേണ്ടി കണ്ണുനീർ പൊഴിക്കുന്നു... ആനന്ദം...മൃതമായിരുന്ന എന്റെ ശരീരം അടക്കം ചെയ്ത ശവകുടീരത്തിന്റെ കല്ലുകൾ ഉരുട്ടി മാറ്റാൻ നീ ആവശ്യപ്പെടു... നാലാം ദിനമാണ് ദുർഗന്ധമുണ്ടാകും... പലരും പറഞ്ഞു... നീ വിശ്വസിക്കുന്നില്ലേ... ഉവ്വ് കർത്താവേ... ആരോ കല്ലു മാറ്റി.

സ്വർഗ്ഗത്തിലേക്ക് ശിരസ്സുയർത്തി അവിടുന്ന് പ്രാർത്ഥനയാരംഭിച്ചു... ലാസറെ പുറത്തു വരൂ എന്ന് നീ വിളിച്ചപ്പോൾ എന്റെ മാംസത്തിന് ബലം വച്ചു... അടർന്നു തൂങ്ങി തുടങ്ങിയ കണ്ണുകൾ പൂർവ്വ സ്ഥാനത്ത് നിലയുറപ്പിച്ചു... വിരലുകളിൽ ചടുലത... ഉറക്കം മതിയാകാത്തതു പോലെ... ഉറക്കത്തിൽ നിന്നെന്ന പോലെ ഞാനുണർന്നു... ചുറ്റും നോക്കി... യേശു...സോദരിമാർ... അയൽവാസികൾ... നീയെന്നെ ആലിംഗനം ചെയ്തു... കർത്താവേ ഞാനും മരണപ്പെട്ടവനായിരുന്നു... എന്റെയുള്ളിലും പുഴുക്കൾ കൂടുകൂട്ടിയിരുന്നു... ചീഞ്ഞളിഞ്ഞ എന്റെ ശരീരത്തിൽ നിന്ന് ദുർഗന്ധം വമിക്കുന്നുണ്ടായിരുന്നു... വെള്ളത്തുണികളാൽ എന്നെ അവർ പൊതിഞ്ഞിരുന്നു... എന്നാൽ ഒന്നും നീ കാര്യമാക്കിയില്ല... പിന്നെയോ എനിക്കു വേണ്ടി നീ വിലപിച്ചു... ഒന്നിച്ചു കൂടിയ ബന്ധുമിത്രാദികളെ ആശ്വസിപ്പിച്ചു... ഞാൻ അടക്കപ്പെട്ടിരുന്നിടത്തേക്ക് നീ വന്നു... എന്റെ ബന്ധനങ്ങൾ പൊട്ടിച്ചെറിഞ്ഞു... മരണത്തിൽ നിന്നെന്നെ ഉയിർപ്പിച്ചു... ഞാൻ ജീവനുള്ളവനായി...



www.malankaralibrary.com

# കൊഴിഞ്ഞുവീഴാതെ

ഫാ. തോമസ് പ്രശാന്ത് ഒ.ഐ.സി.

പറയാതൊളിച്ചുവെച്ച വാക്കുകളെല്ലാം കവിതയായി
ഹൃദയത്തിൽ കുറിച്ചു വയ്ക്കുന്നു ഞാൻ
പാഴ്മുളം തണ്ടുമൂളും ഈണമായ്ത്തീരാൻ
വാക്കുകൾ കോർത്തുവെച്ച് കാത്തിരിക്കുന്നു ഞാൻ

അമ്പലമുറ്റത്തെ ആൽത്തറ തണലിൽ നാം
കഥപറഞ്ഞിരുന്നത് ഓർക്കുന്ന നേരം
മകരവിളക്കിന്റെ ഉത്സവമേളങ്ങൾ
മനസ്സിന്റെ ഉമ്മറത്ത് വർണ്ണം ചാർത്തുന്നു!

അമ്പലക്കുളത്തിന്റെ കൽപ്പടവിൽ നാം
ആമ്പലിറുക്കുവാൻ വന്നതോർക്കുമ്പോൾ
അയ്യപ്പഗീതികളെല്ലാം വാക്കുകളടരാതെ
അമ്പലനടയിൽ മുഴങ്ങുന്നപോലെ!

കാവടിയാടുമ്പോൾ മയിൽപ്പീലിയിൽ നാം
കണ്ണിമവെട്ടാതെ നോക്കിയിരുന്നു
ഇതൾപോലെ കാലങ്ങൾ വീണടിഞ്ഞെങ്കിലും
കേൾക്കാം വാദ്യഘോഷം ഇന്നെന്നരികിൽ!

ദീ-പാരാധന നേരമേറെ കഴിഞ്ഞിട്ടും
ചുറ്റമ്പലത്തിൽ നീ വന്നില്ല
ഹരിവരാസനം പാടുന്ന നേരത്തെന്നെ
ഏകാകിയായി കണ്ടതോർമ്മയുണ്ടോ!

വിടരുന്ന പൂപോലെ മെല്ലെ മിഴിതുറന്ന്
പുഞ്ചിരിയോടന്നു നീ നിന്നു
ചാറ്റൽ മഴത്തുള്ളി പൊഴിയുംപോ-ലെ
മൊഴിഞ്ഞന്നു നീ ഏ-റെ മധുരമായി

www.malankaralibrary.com

മൺചിരാതുകൾ തെളിഞ്ഞുകത്തുമ്പോൾ
നറുനിലാവായെന്നിൽ നീയണയുന്നു!
അധികം മിണ്ടാതെ കണ്ണുകൾ കഥപറഞ്ഞ
കാലങ്ങൾ എല്ലാം പോയ്മറഞ്ഞു

തൊടിയിൽ വിടരുന്ന മുല്ലമൊട്ടുകളിൽ
നീ ചൂടിയ പൂവിൻ ഗന്ധം നിറയുന്നു
നാം പോയവഴികളിലൊന്നും പൂക്കൾ ഇല്ലാതായി
വസന്തം ആ വഴികൾ മറന്നുപോയി

ഓർമ്മകൾ ഓരോന്നായി ഉണരുമീ സന്ധ്യയിൽ
ചാരെയിരിക്കുവാ-ൻ നീയില്ലയെ-ങ്കിലും
ആലിലകൾ പറയുന്ന കഥകളിലെല്ലാം
നിന്നെക്കുറിച്ചുള്ള ഓർമ്മകൾമാത്രം

നീ മറഞ്ഞെങ്കിലും കാത്തിരിക്കാം ഞാൻ
തഴുകുന്ന കാറ്റായ് നീ അണയുന്ന നാൾവരെ
ഓർമ്മകൾ മരിക്കുന്ന കാലംവരെ ഞാൻ
കാത്തിരിക്കാം നിന്നെ ഈ ആൽത്തറയിൽ




[redacted]

www.malankaralibrary.com













www.malankaralibrary.com



# His Holiness Pope Leo XIV

Dear brothers and sisters,
the Good Shepherd who laid down His life for God's flock,
I would like this greeting of peace to resound in your hearts,
in your families, among all people, wherever they may be,
in every nation and throughout the world.
It is the peace of the risen Christ,
A peace that is unarmed and disarming, humble and persevering.
A peace that comes from God, the God who loves us all, unconditionally.
Peace be with you!

**Pope Leo XIV greeted the city of Rome and the world with these words at his first appearance as the Successor of Peter from the Central Loggia of St Peter's Basilica.**